


MEMBER NEWS PAPERS ASSOCIATION OF INDIA

സ്ഥാപിതം 1978

# കൊച്ചിൻ നാദം

Kochi & Trivandrum Edition
RNI No. 29639/78
cochinnadam@gmail.com, cochinnadam@yahoo.com
COCHIN NADAM Malayalam News Paper, Published from Ernakulam, Kochi-17
പുസ്തകം 48 | ലക്കം 01 | പേജ് 8 | വില 5 രൂപ
29th January, 2026




HIGHLIGHTING ON CULTURAL, POLITICS, HEALTH, COMMERCE, TOURISM & INDUSTRIES

## വിടവാങ്ങിയത് മഹാരാഷ്ട്ര രാഷ്ട്രീയത്തിലെ അതികായൻ



മുംബൈ: കുതികാൽവെട്ടലിന്റെയും ചാണക്യതന്ത്രങ്ങളുടെയും ഈറ്റില്ലമായ മഹാരാഷ്ട്ര രാഷ്ട്രീയത്തിലെ അതികായനായിരുന്നു വിടവാങ്ങിയ അജിത് പവാർ.

മുതിർന്ന എൻസിപി നേതാവായ ശരദ് പവാറിന്റെ ജ്യേഷ്ഠ സഹോദരനായ അനന്തറാവുവിന്റെയും ആശാതായിയുടെയും മകനായി മഹാരാഷ്ട്രയിലെ പൂനെ ജില്ലയിലെ ബരാമതിയിൽ 1959 ജൂലൈ 22നാണ് അജിത് പവാറിന്റെ ജനനം.

എട്ട് തവണ നിയമസഭാംഗം, അഞ്ച് തവണ ഉപമുഖ്യമന്ത്രി, അഞ്ച് തവണ സംസ്ഥാന കാബിനറ്റ് വകുപ്പ് മന്ത്രി, ഒരു തവണ ലോക്സഭാംഗം എന്നീ നിലകളിലും അജിത് പവാർ പ്രവർത്തിച്ചിട്ടുണ്ട്.

1982ൽ പൂനയിലെ പഞ്ചസാര ഫാക്ടറി സഹകരണ ബോർഡ് അംഗമായി പൊതുജീവിതം ആരംഭിച്ച അജിത് പവാർ, 1991ലെ മഹാരാഷ്ട്ര നിയമസഭ തെരഞ്ഞെടുപ്പിൽ ബരാമതിയിൽനിന്നാണ് ആദ്യമായി നിയമസഭാംഗമായത്. 1991ലെ സുധാകരറാവു നായിക് മന്ത്രിസഭയിൽ ആദ്യമായി സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയായി.

2010ലെ അശോക് ചവാൻ മന്ത്രിസഭയിലാണ് ആദ്യമായി ഉപമുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടത്. പിന്നീട് പ്രിഥിരാജ് ചവാൻ, ദേവേന്ദ്ര ഫഡ്നാവീസ്, ഉദ്ധവ് താക്കറെ, ഏക്നാഥ് ഷിൻഡേ മന്ത്രിസഭകളിൽ വീണ്ടും ഉപമുഖ്യമന്ത്രിയായി.

2019ൽ മഹാവികാസ് അഘാഡി സർക്കാരിൽ ഉപമുഖ്യമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടെങ്കിലും 2022ൽ മുഖ്യമന്ത്രിയായിരുന്ന ഉദ്ധവ് താക്കറെ സ്ഥാനം രാജിവച്ചതോടെ 2022ൽ നിയമസഭയിലെ പ്രതിപക്ഷ നേതാവായി.

2023ൽ എൻസിപി ദേശീയ അധ്യക്ഷസ്ഥാനം ശരദ് പവാർ രാജിവച്ചതോടെ വർക്കിംഗ് പ്രസിഡന്റുമാരായി ശരദ് പവാറിന്റെ മകൾ സുപ്രിയ സുലെയും പ്രഫുൽ പട്ടേലും തിരഞ്ഞെടുക്കപ്പെട്ടു. പാർട്ടിയിൽ പദവിയൊന്നും ലഭിക്കാതിരുന്ന അജിത് പവാർ ഇതേക്കുറിച്ച് ശരദ് പവാറിനോടു ചർച്ച ചെയ്തെങ്കിലും അവഗണിക്കപ്പെട്ടു.

2023 ജൂലൈ രണ്ടിന് എൻസിപി പിളർത്തിയ അജിത് പവാർ, ഏകനാഥ് ഷിൻഡെ നയിക്കുന്ന ശിവസേന-ബിജെപി സർക്കാരിൽ ഉപമുഖ്യമന്ത്രിയായി. എൻസിപിയിലെ 53 എംഎൽഎമാരിൽ 29 പേരെ ഒപ്പം നിർത്തിയാണ് അജിത് പവാർ അട്ടിമറി നടത്തിയത്. ഇവരിൽ എട്ടുപേർ മന്ത്രിമാരുമായി.

2024 ഫെബ്രുവരി ആറിന് അജിത് പവാർ നേതൃത്വം നൽകുന്ന വിഭാഗത്തെ തെരഞ്ഞെടുപ്പ് കമ്മീഷൻ ഔദ്യോഗിക വിഭാഗമായി അംഗീകരിച്ചു. നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി (എൻസിപി) എന്ന പേരും പാർട്ടി ചിഹ്നമായ ക്ലോക്കും അജിത് പവാറിന് ഉപയോഗിക്കാമെന്ന് വിധി വന്നു.

2024ലെ നിയമസഭ തെരഞ്ഞെടുപ്പിൽ ബിജെപി നയിച്ച മഹായുതി സഖ്യത്തിൽനിന്ന് 59 ഇടങ്ങളിൽ മത്സരിച്ച അജിത് പവാറിന്റെ എൻസിപി 41 സീറ്റുകളിൽ വിജയിച്ചു. ബിജെപിക്കും എക്നാഥ് ഷിൻഡെ വിഭാഗം ശിവസേനയ്ക്കും പിന്നാലെ സംസ്ഥാന രാഷ്ട്രീയത്തിലെയും മഹാരാഷ്ട്ര നിയമസഭയിലേയും മൂന്നാമത്തെ വലിയ പാർട്ടിയായി അജിത് പവാർ നയിച്ച എൻസിപി മാറി.

ഭാര്യ: സുനേത്ര, മക്കൾ: പാർഥ്, ജയ്.



പുരസ്കാരനേട്ടത്തിൽ ബാങ്ക് ഓഫ് ബറോഡ: AI, ഫിൻടെക്, ഐടി റിസ്ക്, ഡിജിറ്റൽ പ്രതിഭ എന്നിവയിലെ മികവിന് IBAയുടെ 21-ാമത് വാർഷിക ബാങ്കിംഗ് ടെക്നോളജി അവാർഡുകൾ 2025ൽ ബാങ്ക് ഓഫ് ബറോഡ നാല് പ്രധാന വിഭാഗങ്ങളും ഒരു പ്രത്യേക പരാമർശവും നേടി.

## ബാങ്ക് ഓഫ് ബറോഡയ്ക്ക് അഞ്ച് പുരസ്കാരങ്ങൾ

മുംബൈ: ഇന്ത്യയിലെ മുൻനിര പൊതുമേഖലാ ബാങ്കുകളിൽ ഒന്നായ ബാങ്ക് ഓഫ് ബറോഡ, ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ 2024-25ലെ 21-ാമത് വാർഷിക ബാങ്കിംഗ് ടെക്നോളജി അവാർഡുകളിൽ സാങ്കേതികവിദ്യയിലും നവീകരണത്തിലും മികച്ച നേതൃത്വത്തിന് അംഗീകാരം നേടി.

നാല് വിജയങ്ങളും ഒരു പ്രത്യേക പരാമർശവും ഉൾപ്പെടെ വലിയ ബാങ്കുകളിൽ അഞ്ച് വിഭാഗങ്ങളിലായി ബാങ്ക് ബഹുമതികൾ നേടി.

മികച്ച AI, ML അഡോപ്ഷൻ, മികച്ച ഫിൻടെക്, DPI അഡോപ്ഷൻ, മികച്ച ഐടി റിസ്ക് മാനേജ്മെന്റ്, മികച്ച സാങ്കേതിക പ്രതിഭ എന്നീ വിഭാഗങ്ങളിലാണ് ബാങ്ക് ഓഫ് ബറോഡയെ വിജയിയായി പ്രഖ്യാപിച്ചത്. കൂടാതെ മികച്ച ടെക്നോളജി ബാങ്ക് വിഭാഗത്തിൽ ബാങ്കിന് പ്രത്യേക പരാമർശവും ലഭിച്ചു.

നവീകരണം, ശക്തമായ റിസ്ക് മാനേജ്മെന്റ്, ശക്തമായ ഒരു സാങ്കേതിക ആവാസവ്യവസ്ഥ കെട്ടിപ്പടുക്കൽ എന്നിവയിൽ ബാങ്ക് തുടർച്ചയായി പുലർത്തുന്ന ശ്രദ്ധകൊണ്ടാണ് ബാങ്കിന് ഈ അംഗീകാരം ലഭിച്ചതെന്ന് ബാങ്ക് ഓഫ് ബറോഡയുടെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ഡോ. ദേബദത്ത ചന്ദ് പറഞ്ഞു.

തടസ്സമില്ലാത്തതും സുരക്ഷിതവും ഉപഭോക്തൃ കേന്ദ്രീകൃതവുമായ ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിനും പങ്കാളികൾക്ക് ദീർഘകാല മൂല്യം സൃഷ്ടിക്കുന്നതിനും ഭാവിക്ക് തയ്യാറായ ഡിജിറ്റൽ കഴിവുകളിൽ ബാങ്ക് നിക്ഷേപം തുടരുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സാങ്കേതികവിദ്യാധിഷ്ഠിത ബാങ്കിംഗിലെ ഒരു നേതാവെന്ന നിലയിൽ ബാങ്ക് ഓഫ് ബറോഡയുടെ സ്ഥാനം ഈ അംഗീകാരങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും നവീകരണത്താൽ നയിക്കപ്പെടുന്ന വളർച്ചയോടുള്ള അതിന്റെ പ്രതിബദ്ധതയ്ക്ക് അടിവരയിടുകയും ചെയ്യുന്നു.

1908ൽ സ്ഥാപിതമായ ബാങ്ക് ഓഫ് ബറോഡ 15 രാജ്യങ്ങളിലായി ഏകദേശം 65,000 ടച്ച് പോയിന്റുകളിലൂടെ 180 ദശലക്ഷത്തിലധികം ഉപഭോക്താക്കൾക്ക് സേവനം നൽകുകയും ആഗോള ഡിജിറ്റൽ ബാങ്കിംഗ് സാന്നിധ്യം വികസിപ്പിക്കുകയും ചെയ്യുന്നു.

## വൈജ്ഞാനിക സമൂഹമായി മാറ്റും

തിരുവനന്തപുരം: കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി മാറ്റാനുള്ള ശ്രമത്തിലാണ് സർക്കാർ. അറിവ് ഉൽപ്പാദിപ്പിക്കാനും വിതരണം ചെയ്യാനും കഴിയുന്ന തരത്തിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗം മാറിക്കൊണ്ടിരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2025ലെ വൈജ്ഞാനിക പുരസ്കാരങ്ങൾ വിതരണം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

വൈജ്ഞാനിക സമൂഹത്തെ സൃഷ്ടിക്കുന്നതിൽ മാതൃഭാഷയ്ക്ക് നിർണ്ണായക പങ്കുണ്ട്. സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും അറിവ് പകരാൻ മാതൃഭാഷയാണ് ഏറ്റവും മികച്ച മാർഗ്ഗം-അദ്ദേഹം പറഞ്ഞു.



നവോത്ഥാന നായകരായ ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും നടത്തിയ ഇടപെടലുകളും, ഇഎംഎസിന്റെ നേതൃത്വത്തിൽ നടന്ന ഐക്യകേരള പ്രസ്ഥാനവും മലയാള ഭാഷയെ ജനകീയമാക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ഭക്തിപ്രസ്ഥാനം മുതൽ ആധുനിക ഗ്രാഫിക് സാഹിത്യം വരെ എത്തിനിൽക്കുന്ന ചരിത്രമാണ് മലയാളത്തിനുള്ളത്. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെട്ട എല്ലാ ഭാഷകൾക്കും രാജ്യത്ത് തുല്യ സ്ഥാനമാണുള്ളത്. എന്നാൽ ഇക്കാര്യം അവഗണിച്ച് ഒരു ഭാഷയ്ക്ക് പ്രാധാന്യം നൽകുന്ന പ്രവണത കാണുന്നുണ്ടെന്നും അതിനെതിരെ ജാഗ്രത പാലിക്കണമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യ അധ്യക്ഷനായിരുന്ന എൻ.വി.കൃഷ്ണവാരിയരുടെ പേരിലുള്ള വൈജ്ഞാനിക പുരസ്കാരം ഡോ ഗോപകുമാർ ചോലയിൽ, എം.പി.കുമാരൻ സ്മാരക വിവർത്തന പുരസ്കാരം ആർ.പാർവതിദേവി, ഡോ. കെ.എം.ജോർജ് സ്മാരക ഗവേഷണ പുരസ്കാരം ഡോ. കെ.എസ്.ഇന്ദുലേഖ എന്നിവർക്ക് മുഖ്യമന്ത്രി സമ്മാനിച്ചു.

മന്ത്രി സജി ചെറിയാൻ, ഡോ. ദിവ്യ എസ്.അയ്യർ, മേയർ വി.വി.രാജേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.പ്രിയദർശിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സത്യൻ എം. എന്നിവർ സന്നിഹിതരായിരുന്നു.

### തുടർച്ചയായ ഒൻപതാം ബജറ്റ് അവതരിപ്പിക്കാനൊരുങ്ങി നിർമല സീതാരാമൻ

## സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തും

ന്യൂഡൽഹി: കേന്ദ്ര ധനകാര്യമന്ത്രി നിർമല സീതാരാമൻ തുടർച്ചയായ ഒമ്പതാമത്തെ ബജറ്റ് ഫെബ്രുവരി ഒന്നിനു അവതരിപ്പിക്കും. സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുന്ന തരത്തിലുള്ള പദ്ധതികൾ ഇത്തവണത്തെ ബജറ്റിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ ബജറ്റ് അവതരണത്തോടെ, മുൻ പ്രധാനമന്ത്രി മോറാർജി ദേശായി വിവിധ കാലഘട്ടങ്ങളിലായി അവതരിപ്പിച്ച 10 ബജറ്റുകൾ എന്ന റിക്കാർഡുകൾക്കൊപ്പം നിർമല സീതാരാമൻ എത്തും. മൊറാർജി ദേശായി ധനമന്ത്രിയായിരുന്ന 1959-1964 കാലഘട്ടത്തിൽ ആറു ബജറ്റുകളും 1967-1969 നാലു ബജറ്റുകളും അവതരിപ്പിച്ചിരുന്നു.



വിവിധ പ്രധാനമന്ത്രിമാരുടെ ഭരണകാലയളവിൽ മുൻ ധനമന്ത്രിമാരായ പി.ചിദംബരം ഒൻപത് തവണയും പ്രണബ് മുഖർജി എട്ട് തവണയും ബജറ്റുകൾ അവതരിപ്പിച്ചിട്ടുണ്ട്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭരണകാലയളവിൽ തുടർച്ചയായി ഒൻപതു തവണ ബജറ്റുകൾ അവതരിപ്പിച്ച്, ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ച റിക്കാർഡും നിർമല സീതാരാമനു സ്വന്തമാണ്. 2019ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ടാംതവണ അധികാരത്തിലെറിയപ്പോഴാണ് ഇന്ത്യയുടെ ആദ്യത്തെ സമ്പൂർണ വനിതാ ധനമന്ത്രിയായി അവർ നിയമിതയായത്.

2024ൽ മോദി സർക്കാർ മൂന്നാം തവണയും അധികാരത്തിൽ വന്നപ്പോൾ, നിർമല സീതാരാമൻ തന്നെ ധനമന്ത്രി സ്ഥാനത്ത് തുടരുകയായിരുന്നു. 2024 ഫെബ്രുവരിയിലെ ഇടക്കാല ബജറ്റ് ഉൾപ്പെടെ, ഇതുവരെ തുടർച്ചയായി എട്ട് ബജറ്റുകളാണ് നിർമല സീതാരാമൻ അവതരിപ്പിച്ചത്.

2020 ഫെബ്രുവരി ഒന്നിന് അവതരിപ്പിച്ച ബജറ്റ് രണ്ട് മണിക്കൂറും 40 മിനിറ്റും നീണ്ടുനിന്നു. അങ്ങനെ ഏറ്റവും ദൈർഘ്യമേറിയ ബജറ്റ് പ്രസംഗം എന്ന റിക്കാർഡ് നിർമല സീതാരാമൻ സ്വന്തമാക്കി.




## എംഎൽഎമാരെ അണിനിരത്തി ജാഥയ്ക്കൊരുങ്ങി എൽഡിഎഫ്

കോട്ടയം: നിയമസഭാ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് മുഖ്യമന്ത്രിയും മന്ത്രിമാരും ഉൾപ്പെടെ എൽഡിഎഫിന്റെ എംഎൽഎമാരും ജാഥ നയിക്കും. നിയമസഭ തെരഞ്ഞെടുപ്പിനു മുന്നോടിയായി എൽഡിഎഫിന്റെ മൂന്നു മേഖലാ ജാഥകൾക്കു പുറമെയാണ് എൽഡിഎഫിന്റെ മുഴുവൻ എംഎൽഎമാരും ജാഥ നയിക്കാനായി എത്തുന്നത്.

സിപിഎം, എൽഡിഎഫ് യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് ജാഥ നിർദേശിച്ചത്. ധർമടത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ജാഥയുടെ ക്യാപ്റ്റനാകും. മന്ത്രിമാർ എല്ലാവരും അവരവരുടെ മണ്ഡലത്തിൽ ക്യാപ്റ്റന്മാരാകും. എൽഡിഎഫ് എംഎൽഎമാർ അതതു നിയോജക മണ്ഡലങ്ങളിലും ക്യാപ്റ്റന്മാരാകും.

പ്രതിപക്ഷ എംഎൽഎമാരുള്ള നിയോജക മണ്ഡലങ്ങളിൽ എൽഡിഎഫ് ജില്ലാ നേതൃത്വം തീരുമാനിക്കുന്നതനുസരിച്ചുള്ള പ്രതിനിധികൾ ക്യാപ്റ്റന്മാരാകും.



# തേവരയിൽ ഫിഷ് ലാൻഡിംഗ് സെന്റർ ഉടൻ: ടി.ജെ.വിനോദ് എംഎൽഎ

**ഒരു കോടി രൂപയുടെ പദ്ധതിക്ക് അനുമതി**

കൊച്ചി: എറണാകുളം തേവര പണ്ഡിറ്റ് കറുപ്പൻ റോഡിലെ ഫിഷറീസ് സ്കൂളിന് സമീപം ആധുനിക ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയതോടെ പ്രദേശത്തെ മത്സ്യതൊഴിലാളികൾക്ക് വലിയ ആശ്വാസമായി. വെമ്പനാട് കായലിൽ എക്കൽ അടിഞ്ഞുകൂടി വഞ്ചികൾ ഇറക്കുന്നതിനും മത്സ്യബന്ധന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉണ്ടായിരുന്ന തടസങ്ങൾ പരിഹരിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇതിന്റെ ഭാഗമായി ലാൻഡിംഗ് ബർത്ത് നിർമ്മിക്കുകയും സമീപ പ്രദേശത്ത് ഡ്രെഡ്ജിംഗ് നടത്തുകയും ചെയ്യും. പദ്ധതിക്ക് ഒരു കോടി രൂപ അനുവദിച്ചതായി ടി.ജെ.വിനോദ് എംഎൽഎ അറിയിച്ചു.

ഈ നിർണായക നേട്ടത്തിന് പിന്നിൽ എംഎൽഎയുടെ തുടർച്ചയായ ഇടപെടലുകളാണ് നിർണായകമായത്. ആദ്യഘട്ടത്തിൽ പദ്ധതിയുടെ നടപ്പാക്കൽ ഏജൻസിയായി ഫിഷറീസ് വകുപ്പിനെയാണ് സർക്കാർ നിശ്ചയിച്ചിരുന്നത്. എന്നാൽ പദ്ധതി മുന്നോട്ടുപോകാത്തതിനെ തുടർന്ന് എംഎൽഎ വിഷയത്തിൽ സജീവമായി ഇടപെടുകയും സാങ്കേതികമായി കൂടുതൽ പരിചയസമ്പത്തുള്ള മേജർ ഇറിഗേഷൻ വകുപ്പിന് പദ്ധതി കൈമാറണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു.

എംഎൽഎയുടെ നിരന്തരമായ ഇടപെടലുകളെയും സർക്കാർതല ചർച്ചകളെയും തുടർന്നാണ് നടപ്പാക്കൽ ഏജൻസി മേജർ ഇറിഗേഷൻ വകുപ്പായി മാറ്റാൻ സർക്കാർ തീരുമാനിച്ചത്. ഇതോടെ പദ്ധതി സാങ്കേതികമായി കൂടുതൽ കാര്യക്ഷമമമായി നടപ്പാക്കാൻ കഴിയുമെന്ന് ബന്ധപ്പെട്ട വകുപ്പുകൾ വിലയിരുത്തുന്നു.

202526 സംസ്ഥാന ബജറ്റിൽ തന്നെ 'തേവര ഫിഷ് ലാൻഡിംഗ് സെന്റർ' എന്ന പദ്ധതി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും, നടപ്പാക്കൽ ഏജൻസി മാറ്റം ഉൾപ്പെടെയുള്ള കാര്യങ്ങൾ തീർപ്പാക്കിയ ശേഷമാണ് ഇപ്പോൾ അന്തിമ ഭരണാനുമതി ലഭിച്ചിരിക്കുന്നത്.

പ്രദേശത്തെ മത്സ്യതൊഴിലാളികൾ വർഷങ്ങളായി ആവശ്യപ്പെട്ടിരുന്ന ഈ അടിസ്ഥാന സൗകര്യം യാഥാർത്ഥ്യമാകുന്നതോടെ, ബോട്ടുകളുടെ സുരക്ഷിതമായ ലാൻഡിംഗ്, മത്സ്യവിപണനം, തൊഴിൽസൗകര്യം എന്നിവയിൽ വലിയ പുരോഗതി ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

## 'പാത്ത് 2026' തൊഴിൽമേള സംഘടിപ്പിച്ചു

തിരുവനന്തപുരം: ഐ.എച്ച്.ആർ.ഡി. റീജിയണൽ സെന്ററും മുട്ടട ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളും സംയുക്തമായി 'പാത്ത് 2026' തൊഴിൽമേള സംഘടിപ്പിച്ചു. അഡ്വ. വി.കെ. പ്രശാന്ത് എംഎൽഎ മേള ഉദ്ഘാടനം ചെയ്തു.

ഇച്ഛാശക്തിയോടെ അവസരങ്ങൾ പ്രയോജനപ്പെടുത്തി തൊഴിൽ നേടാൻ ഉദ്യോഗാർത്ഥികൾ തയ്യാറാകണമെന്ന് അദ്ദേഹം പറഞ്ഞു. ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ഡോ. വി.എ.അരുൺകുമാർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഐ.സി.ഐ.സി.ഐ ബാങ്ക്, എസ്.ബി.ഐ ലൈഫ്, ഇൻവോ മീഡിയ, ട്രയോനെറ്റ് ഇൻഫോ സൊല്യൂഷ്യൻസ് തുടങ്ങി പ്രമുഖരായ പത്തോളം തൊഴിൽദാതാക്കളാണ് മേളയിൽ പങ്കെടുത്തത്. 289 പേർ മേളയിൽ പങ്കെടുത്തു.

വാർഡ് കൗൺസിലർമാരായ ബി. സുഭാഷ്, വൈഷ്ണ സുരേഷ്, അനിത അലക്സ്, പ്രിൻസിപ്പാൾ ഡോ.വി ഐഷ,മുട്ടട ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ടി.കെ ആനന്ദകുട്ടൻ,ഐ.എച്ച്.ആർ.ഡി. ഉദ്യോഗസ്ഥരായ ഡോ. പി ലത,ഡോ. മനോജ് റേ,കെ സിന്ധു,പ്ലേസ്മെന്റ് ഓഫീസർ എം ഗോകുൽ എച്ച്.ഒ.ഡി സുർജിത്ത് രാജ് എന്നിവർ പങ്കെടുത്തു.

## ടീച്ചർ ട്രെയിനിംഗ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

കൊച്ചി: കേന്ദ്ര സർക്കാർ സംരംഭമായ ബിസിൽ ട്രെയിനിംഗ് ഡിവിഷൻ ജനുവരിയിൽ ആരംഭിക്കുന്ന വിവിധ ടീച്ചർ ട്രെയിനിംഗ് കോഴ്സുകളിലേക്ക് വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.രണ്ട് വർഷം, ഒരു വർഷം, ആറ് മാസം എന്നിങ്ങനെ ദൈർഘ്യമുള്ള മോണ്ടിസോറി, പ്രീ-പ്രൈമറി, നഴ്സറി ടീച്ചർ ട്രെയിനിംഗ് കോഴ്സുകളിലേക്കാണ് അവസരം.ഡിഗ്രി, പ്ലസ് ടു, എസ്.എസ്.എൽ.സി എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ. ഫോൺ : 7994449314

## അപേക്ഷ ക്ഷണിച്ചു

കൊച്ചി: വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള കൊച്ചി അർബൻ 1 ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ് പരിധിയിലെ 95-ാം നമ്പർ അങ്കണവാടി കം ക്രഷിലേക്ക് ഹെൽപ്പർ തസ്തികയിലേക്ക് വനിതകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കൊച്ചി കോർപ്പറേഷനിലെ 7-ാം ഡിവിഷനിൽ സ്ഥിരതാമസക്കാരും എസ്.എസ്.എൽ.സി പാസ്സായവരുമായിരിക്കണം അപേക്ഷകർ.സേവന തൽപ്പരതയും മതിയായ ശാരീരിക ക്ഷമതയുമുള്ള 18-നും 35-നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം.താൽപര്യമുള്ളവർ ജനുവരി 17-ന് വൈകീട്ട് 5 ന് മുമ്പായി മങ്ങാട്ടുമുക്കിലുള്ള കൊച്ചി അർബൻ 1 ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഫോൺ : 0484 - 2227284

## കണക്ട് ടു വർക്ക്: ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

കൊച്ചി: മുഖ്യമന്ത്രിയുടെ 'കണക്ട് ടു വർക്ക്' പദ്ധതിയുടെ ഭാഗമായി നൈപുണ്യ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്നു. 18-നും 30-നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയിലേക്ക് eemployment.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## ടെണ്ടർ ക്ഷണിച്ചു

കൊച്ചി: കാഡ്കോയുടെ 2026 വർഷത്തെ ഡയറി പ്രിന്റ് ചെയ്യുന്നതിനായി ടെണ്ടർ ക്ഷണിച്ചു.ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട തീയതി ജനുവരി 15 ഉച്ചയ്ക്ക് 3.00 വരെ. വിലാസം: റീജിയണൽ ഓഫീസർ, കാഡ്കോ, മധ്യമേഖലാ ഓഫീസ്, ഒന്നാം നില, നളന്ദാ കൃഷ്ണാ ആർക്കേഡ്, ചാത്തങ്ങാട് റോഡ്, പാലാരിവട്ടം. വിവരങ്ങൾക്ക് ഫോൺ: 0484 2539956, 2539946

# ഉദ്ഘാടനത്തിനൊരുങ്ങി കൊച്ചിൻ കാൻസർ സെന്റർ



കൊച്ചി: അർബുദ ചികിത്സയ്ക്കു കരുത്തുപകരാൻ ഉദ്ഘാടനത്തിനൊരുങ്ങി കൊച്ചിൻ കാൻസർ സെന്റർ. ഇതോടെ മധ്യകേരളത്തിലെ രോഗികൾക്ക് ഇനി വിദഗ്ധ ചികിത്സയ്ക്കായി കിലോമീറ്ററുകൾ താണ്ടേണ്ടി വരില്ല. രോഗനിർണയം മുതൽ ഗവേഷണം വരെ ഒരു കുടക്കീഴിൽ അണിനിരക്കുന്നത് അർബുദത്തോട് പൊരുതുന്നവർക്ക് ആശ്വാസമാകും.

സെന്റർ പൂർണതോതിൽ പ്രവർത്തന സജ്ജമാകുന്നതിന്റെ ഭാഗമായി 91 സ്ഥിരം തസ്തികകളും 68 കരാർ തസ്തികകളുമാണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളത്.

കാൻസർ ചികിത്സാ രംഗത്തെ വിദഗ്ധരായ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സേവനം സെന്ററിൽ ലഭ്യമാകും. ഇത് രോഗികൾക്ക് മികച്ച പരിചരണവും വേഗത്തിലുള്ള ചികിത്സയും ഉറപ്പാക്കാൻ സഹായിക്കും. അത്യാധുനിക യന്ത്രസാമഗ്രികൾക്കൊപ്പം പുതുതായി നിയോഗിക്കപ്പെടുന്ന 159 ഓളം ആരോഗ്യപ്രവർത്തകരുടെ കരുതൽ കൂടി ചേരുന്നതോടെ കൊച്ചിൻ കാൻസർ സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകും.

384.34 കോടി രൂപ മുടക്കി നിർമിച്ച സെന്റർ സൗകര്യങ്ങളുടെ കാര്യത്തിൽ സ്വകാര്യ മേഖലയിലെ സൂപ്പർ സ്പെഷാലിറ്റി ആശുപത്രികളോട് കിടപിടിക്കുന്നതാണ്.

ഒരേസമയം 100 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള വിപുലമായ സജ്ജീകരണമാണ് ഒരുക്കിയിട്ടുള്ളത്. സങ്കീർണമായ ശസ്ത്രക്രിയകൾക്കായി സജ്ജീകരിച്ച അഞ്ച് ഓപ്പറേഷൻ തിയറ്ററുകളിലൊന്ന് ഭാവിയിലെ സാധ്യതകൾ മുൻകൂട്ടിക്കണ്ട് റോബോട്ടിക് ശസ്ത്രക്രിയയ്ക്കായി പ്രത്യേകം മാറ്റിവച്ചിട്ടുണ്ട്.

മറ്റു കാൻസർ സെന്ററുകളിൽനിന്ന് വ്യത്യസ്തമായി ഗവേഷണത്തിന് വലിയ പ്രാധാന്യമാണ് ഇവിടെ നൽകുക. ഗവേഷണ ആവശ്യങ്ങൾക്കായി മാത്രം 10,000 ചതുരശ്ര അടി സ്ഥലം ഒരുക്കിയിട്ടുണ്ട്. കാൻസർ ഗവേഷണവുമായി ബന്ധപ്പെട്ട സ്റ്റാർട്ടപ്പുകൾക്കും പ്രത്യേക ഇടം സജ്ജമാക്കിയിട്ടുണ്ട്.

## നേരത്തെയുള്ള രോഗനിർണയം കുഷ്ഠരോഗ ചികിത്സയിൽ പ്രധാനം: ജില്ലാ കളക്ടർ

കാക്കനാട്: കുഷ്ഠ രോഗം ആർക്കും വരാവുന്ന രോഗമാണെന്നും കുഷ്ഠരോഗം മൂലമുള്ള അംഗവൈകല്യം ഉണ്ടാകുന്നത് തടയുന്നതിനും രോഗപകർച്ച ഒഴിവാക്കുന്നതിനും നേരത്തെയുള്ള രോഗനിർണയം പ്രധാനമാണെന്നും ജില്ലാ കളക്ടർ ജി പ്രിയങ്ക പറഞ്ഞു.

അശ്വമേധം 7.0 കുഷ്ഠ രോഗ നിർണ്ണയ ഭവന സന്ദർശന പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം എറണാകുളം ജനറൽ ആശുപത്രിയിൽ നിർവഹിക്കുകയായിരുന്നു ജില്ലാ കളക്ടർ.

പോസ്റ്റർ രചനാ മത്സരത്തിൽ ശുചീന്ദ്ര സ്കൂൾ ഓഫ് നഴ്സിങ്, സിമെറ്റ് കോളേജ് ഓഫ് നഴ്സിങ് പള്ളുരുത്തി , ഗവ. സ്കൂൾ ഓഫ് നഴ്സിങ് എറണാകുളം എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

കുഷ്ഠരോഗം നിവാരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ജനുവരി 20 വരെ ആരോഗ്യ വകുപ്പ് അശ്വമേധം 7.0 എന്ന ക്യാമ്പയിൻ നടപ്പിലാക്കുന്നത്. പരിപാടിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് ജീവനക്കാരുടെ നേതൃത്വത്തിൻ പരിശീലനം ലഭിച്ച ഒരു ആശ പ്രവർത്തകയും, പുരുഷ വോളണ്ടിയറും അടങ്ങുന്ന ടീം വീടുകളിലെത്തി പ്രാഥമിക ത്വക്ക് പരിശോധന നടത്തും. 2415 ടീമുകളെ ഇതിനായി ജില്ലയിൽ സജ്ജമാക്കിയിട്ടുണ്ട്.

യോഗത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.എൽ. ഷീജ അധ്യക്ഷത വഹിച്ചു. അഡീഷണൽ ഡിഎംഒ & ജില്ലാ ലെപ്രസി ഓഫീസർ ഡോ കെ. ആർ. വിദ്യ, അഡീഷണൽ ഡിഎംഒ ഡോ കെ.കെ.ആശ, ആർസിഎച്ച് ഓഫീസർ ഡോ രശ്മി എം എസ്, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ ഷാഹിർഷാ എന്നിവർ പങ്കെടുത്തു.



**സൗത്ത് സോൺ നീന്തൽ**

## 5 മെഡലുകളുമായി ഹന്ന എലിസബത്ത് സിയോ

കൊച്ചി: ഹൈദരാബാദിൽ നടന്ന 36-ാമത് സൗത്ത് സോൺ സബ് ജൂനിയർ ആൻഡ് ജൂനിയർ അക്വാട്ടിക് ചാമ്പ്യൻഷിപ്പിൽ മിന്നും പ്രകടനവുമായി കൊച്ചി ഗ്ലോബൽ പബ്ലിക് സ്കൂൾ വിദ്യാർത്ഥിനി ഹന്ന എലിസബത്ത് സിയോ. മൂന്ന് വെള്ളിയും രണ്ട് വെങ്കലവുമടക്കം അഞ്ച് മെഡലുകളാണ് ഈ കൊച്ചു മിടുക്കി നീന്തിക്കയറിയത്.

തെലങ്കാന സ്വിമ്മിംഗ് അസോസിയേഷൻ സംഘടിപ്പിച്ച ചാമ്പ്യൻഷിപ്പിൽ ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിഭകളോടായിരുന്നു ഹന്നയുടെ പോരാട്ടം. വ്യക്തിഗത ഇനങ്ങളായ 100 മീറ്റർ ഫ്രീസ്റ്റൈൽ, 200 മീറ്റർ ഫ്രീസ്റ്റൈൽ എന്നിവയിലും, 4×100 മീറ്റർ മെഡ്‌ലി റിലേയിലും ഹന്ന വെള്ളി മെഡൽ നേടി. 800 മീറ്റർ ഫ്രീസ്റ്റൈൽ, 4×200 മീറ്റർ ഫ്രീസ്റ്റൈൽ റിലേ എന്നിവയിലാണ് വെങ്കല മെഡൽ നേട്ടം.

## ജില്ലാതല കേരളോത്സവം 20 മുതൽ

കാക്കനാട്: സംസ്ഥാന യുവജന ക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ജില്ലാതല കേരളോത്സവം 20 മുതൽ 25 വരെ ജില്ലയിലെ വിവിധ വേദികളിലായി നടക്കും.

ജില്ലയിലെ നഗരസഭകളിൽ നിന്നും കൊച്ചി കോർപ്പറേഷനിൽ നിന്നും പഞ്ചായത്തുകളിൽ നിന്നുമായി അയ്യായിരത്തോളം കലാകായിക പ്രതിഭകൾ മേളയിൽ പങ്കെടുക്കും.

കേരളോത്സവം സംഘാടക സമിതി രൂപീകരണ യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി പി.എം.ഷെഫീഖ് ഷെഡ്യൂൾ അവതരിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിന്റാ ജേക്കബ്, അസിസ്റ്റന്റ് കളക്ടർ പാർവ്വതി ഗോപകുമാർ, ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ആർ പ്രജുഷ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭ ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, കായിക അസോസിയേഷൻ ഭാരവാഹികൾ എന്നിവർ പങ്കെടുത്തു.

# യുവതയുടെ സ്വപ്നങ്ങൾക്ക് ചിറകുനൽകി

## 'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിക്ക് തുടക്കമായി

തിരുവനന്തപുരം: കേരളത്തിലെ യുവജനങ്ങളെ തൊഴിൽസജ്ജരാക്കാനും അവരെ ഉൽപ്പാദന മേഖലയുടെ ഭാഗമാക്കാനും ലക്ഷ്യമിട്ടുള്ള സംസ്ഥാന സർക്കാരിന്റെ 'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിക്ക്' തലസ്ഥാനത്ത് തുടക്കം കുറിച്ചു. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു.

പഠനം പൂർത്തിയാക്കിയ ശേഷം നൈപുണ്യ പരിശീലനത്തിലോ മത്സരപരീക്ഷാ തയ്യാറെടുപ്പിലോ ഏർപ്പെട്ടിരിക്കുന്ന യുവജനങ്ങൾക്ക് ആത്മവിശ്വാസം പകരുക എന്ന ലക്ഷ്യത്തോടെയാണ് പ്രതിമാസം 1000 രൂപ വീതം ഒരു വർഷത്തേക്ക് സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ ആദ്യഘട്ടത്തിൽ തന്നെ 30,000-ത്തിലധികം അപേക്ഷകൾ ലഭിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. 5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പ്ലസ്ടു, വി.എച്ച്.എസ്.ഇ, ഐ.ടി.ഐ, ഡിപ്ലോമ, ഡിഗ്രി പഠനം പൂർത്തിയാക്കിയ 18 നും 30 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർ/ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് അപേക്ഷിക്കാം.

പഠനം കഴിഞ്ഞ് തൊഴിൽ അന്വേഷിക്കുക എന്ന പഴയ രീതിയിൽ നിന്നും മാറി, പഠനത്തോടൊപ്പം തൊഴിലും നൈപുണ്യ വികസനവും എന്ന പുതിയ കാഴ്ചപ്പാടിലേക്ക് യുവജനങ്ങൾ എത്തിച്ചേർന്നിരിക്കുന്നു. യുവജനങ്ങളെ വെറും തൊഴിൽ അന്വേഷകർ എന്നതിലുപരി തൊഴിൽ ദാതാക്കളും സംരംഭകരുമാക്കി മാറ്റാനാണ് സർക്കാർ നടപടികളുമായി മുന്നോട്ടു പോകുന്നത്. ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റാൻ സഹായിക്കുന്ന സ്റ്റാർട്ടപ്പ് നയമാണ് സംസ്ഥാനം നടപ്പാക്കുന്നത്. 2016ൽ വെറും 300 സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്ന കേരളത്തിൽ ഇന്ന് അവയുടെ എണ്ണം 7,500 കടന്നതായും വെഞ്ചർ ക്യാപിറ്റൽ ഫണ്ടിംഗിലൂടെ 5,500 കോടി രൂപയുടെ നിക്ഷേപം സമാഹരിച്ച് 50,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു.

തൊഴിൽമേളകളിലൂടെ തൊഴിൽ നൽകൽ, നൈപുണ്യ പരിശീലനത്തിലൂടെ യുവജനങ്ങളെ തൊഴിൽ സജ്ജരാക്കൽ, ഹൈപ്പർ ലോക്കൽ തൊഴിലുകൾ കണ്ടെത്തി വനിതകൾക്ക് ജോലി നൽകൽ, സുതാര്യമായ വഴികളിലൂടെ വിദേശ ജോലികളുമായി യുവജനങ്ങളെ ബന്ധിപ്പിക്കൽ എന്നിങ്ങനെ നാല് ട്രാക്കുകളിലായാണ് വിജ്ഞാന കേരളത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള നമ്മുടെ സംസ്ഥാനത്തിന്റെ പരിവർത്തനത്തിൽ വലിയ പ്രാധാന്യമാണ് വിജ്ഞാന കേരളം പരിപാടിക്കുള്ളത്. 35 ലക്ഷത്തോളം വരുന്ന അഭ്യസ്തവിദ്യർക്ക് നൈപുണ്യപരിശീലനം നൽകി, അവരിൽ നിന്ന് ചുരുങ്ങിയത് 20 ലക്ഷം പേർക്കെങ്കിലും നൂതന തൊഴിലുകൾ ലഭ്യമാക്കുക എന്നതാണ് നോളജ് എക്കോണമി മിഷന്റെ ലക്ഷ്യം. അത്തരം പദ്ധതികളിലേക്ക് കൂടുതൽ അന്വേഷകരെ ആകർഷിച്ചെത്തിക്കുവാൻ ഉതകുന്നതാവും കണക്ട് ടു വർക്ക് പദ്ധതിയും. സംസ്ഥാനത്താകെ എം.എസ്.എം.ഇകളെ പ്രോത്സാഹിപ്പിക്കുന്നതും സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നതും എല്ലാം അതിന്റെ ഭാഗമായാണ്.

മാറുന്ന ലോകത്തിന്റെ ഏത് ഭാഗത്തും ചെന്ന് തൊഴിൽ ചെയ്യാനും സംരംഭങ്ങൾ തുടങ്ങാനും ഇന്നത്തെ കേരളീയ യുവത പ്രാപ്തരാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ധനകാര്യ മന്ത്രി കെ. എൻ.ബാലഗോപാൽ പറഞ്ഞു. വിദ്യാഭ്യാസ കാലയളവിനുശേഷം തൊഴിലിലേക്ക് എത്താൻ സഹായിക്കുന്ന സുപ്രധാനമായ ഒരു പാലമാണ് പുതിയ കണക്ട് ടു വർക്ക് പദ്ധതിയെന്ന് അദ്ദേഹം പറഞ്ഞു.

തൊഴിലും നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എസ്. ഷാനവാസ് സ്വാഗതം ആശംസിച്ച ചടങ്ങിൽ മന്ത്രിമാരായ കെ. രാജൻ, കെ. കൃഷ്ണൻകുട്ടി, എ.കെ.ശശീന്ദ്രൻ, ജി.ആർ.അനിൽ, വി.കെ. പ്രശാന്ത് എംഎൽഎ, എ.എ.റഹീം എംപി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.പ്രിയദർശിനി, കൗൺസിലർ കെ.ആർ.ക്ലീറ്റസ്, എംപ്ലോയ്മെന്റ് ഡയറക്ടർ സുഫിയാൻ അഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു.

ഇ-എംപ്ലോയ്മെന്റ് പോർട്ടൽ (eemployment.kerala.gov.in) വഴി ഓൺലൈനായാണ് 'കണക്ട് ടു വർക്ക്' പദ്ധതിയിലേക്ക് അപേക്ഷിക്കേണ്ടത്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെടാവുന്നതാണ്.

# ശ്രീമൂകാംബിക ജ്യോതിഷാലയം തെലുങ്കാനയിലും



ജ്യോത്സ്യൻ കുന്നത്തൂരില്ലത്ത് ഡോ. വിഷ്ണു നമ്പൂതിരിയെ സായനി ലക്ഷ്മാ റെഡ്ഢി പൊന്നാട അണിയിച്ച് ആദരിച്ചപ്പോൾ.

പറവൂർ: മാന്നാറിലും വടക്കൻ പറവൂരിലും പ്രവർത്തിച്ചുവരുന്ന ജ്യോത്സ്യൻ കുന്നത്തൂരില്ലത്ത് ഡോ. വിഷ്ണു നമ്പൂതിരിയുടെ ശ്രീ മൂകാംബിക ജ്യോതിഷാലയത്തിന്റ ബ്രാഞ്ച് തെലുങ്കാന വാറങ്കൽ ഹന്മകൊണ്ടയിൽ പ്രവർത്തനം തുടങ്ങി.

കോർപ്പറേഷൻ 51-ാം ഡിവിഷൻ അധ്യക്ഷൻ സായനി ലക്ഷ്മാ റെഡ്ഢി ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം നിർവഹിച്ചു.

കേരള ജ്യോതിഷത്തിൽ ജാതക പ്രവചനത്തിന് മാത്രമല്ല കവടി പ്രശ്നത്തിന് വളരെ പ്രാധാന്യമർഹിക്കുന്നു. ഇതിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുവെന്ന് ഉദ്ഘാടന പ്രസംഗത്തിൽ സായനി ലക്ഷ്മാ റെഡ്ഢി പറഞ്ഞു. വിഷ്ണു നമ്പൂതിരിയെ പൊന്നാട അണിയിച്ച് അദ്ദേഹം ആദരിച്ചു.

കുറികാല വെങ്കിടേശ്വര റാവുവിനും കുടുംബത്തിനും അനുഭവപ്പെട്ട ജ്യോതിഷ ഫലമാണ് വിഷ്ണു നമ്പൂതിരിയെ തെലുങ്കാനയിൽ ജ്യോതിഷാലയം തുടങ്ങാൻ ഇടയാക്കിയത്. സംഘാടക കുറികാല ചൈതന്യ ആശംസകൾ നേർന്നു. വിഷ്ണു നമ്പൂതിരി നന്ദി പറഞ്ഞു.

വിഷ്ണു നമ്പൂതിരി ആന്ധ്രയിലെ വിജയവാഡ, വാറങ്കൽ, ബാംഗളൂർ എന്നിവിടങ്ങളിൽ ജ്യോതിഷപൂജാകാര്യങ്ങൾക്കായി വർഷങ്ങളായി പോകാറുണ്ട്.



ജനപ്രതിനിധികൾക്ക് മണപ്പുറം ഫിനാൻസ് ഒരുക്കിയ സ്വീകരണ സമ്മേളനം മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.പി.നന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# ജനപ്രതിനിധികൾക്ക് സ്നേഹാദരം നൽകി മണപ്പുറം ഫിനാൻസ്

വലപ്പാട്: ക്രിസ്മസ്-പുതുവൽസരാഘോഷങ്ങളുടെ ഭാഗമായി വലപ്പാട്-എടത്തിരുത്തി ഗ്രാമ പഞ്ചായത്തുകളിലെ ജനപ്രതിനിധികളെ മണപ്പുറം ഫിനാൻസ് ആദരിച്ചു. ഹെഡ് ഓഫീസിൽ നടന്ന ചടങ്ങിൽ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.പി.നന്ദകുമാർ ജനപ്രതിനിധികളെ ആദരിച്ചു.

വലപ്പാട്, എടത്തുരുത്തി ഗ്രാമ പഞ്ചായത്തുകളുടെ വികസനത്തിനുള്ള മണപ്പുറം ഫിനാൻസിന്റെ പിന്തുണ ഭാവിയിലും തുടരുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ വിപി. നന്ദകുമാർ ഉറപ്പുനൽകി. നിർധനർക്ക് വീട് വച്ച് നൽകുന്നതടക്കമുള്ള വികസന പ്രവർത്തനങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്തു.

മണപ്പുറം ഫൗണ്ടേഷൻ സിഇഒ ജോർജ്ജ് ഡി.ദാസിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വലപ്പാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മോഹനൻ മാഷ്, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ്, വലപ്പാട് ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ഷാനിത ലെനിൻ, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ടി.കെ. ചന്ദ്രബാബു എന്നിവർ സംസാരിച്ചു.

മിഷാൽ കെ നസീം, മണപ്പുറം ഫിനാൻസ് സീനിയർ പിആർഒ കെ.എം.അഷറഫ്, ജനറൽ മാനേജരും ചീഫ് പിആർഒയുമായ സനോജ് ഹെർബർട്ട്, കോർപറേറ്റ് കമ്മ്യൂണിക്കേഷൻ മേധാവി രാഹുൽ വിനായക് വാഡ്കെ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

## പദ്ധതി നടപടികൾ വേഗത്തിൽ പൂർത്തിയാക്കണം: ജില്ലാ വികസന സമിതി

കാക്കനാട്: സാമ്പത്തിക വർഷം അവസാനിക്കാൻ മൂന്നുമാസം മാത്രമുള്ള സാഹചര്യത്തിൽ പദ്ധതികൾ സംബന്ധിച്ച നടപടികൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കണമെന്ന് ജില്ലാ വികസന സമിതി.

നിയമസഭാ തിരഞ്ഞെടുപ്പ് അടുത്ത പശ്ചാത്തലത്തിൽ രണ്ട് മാസം മാത്രമാണ് പദ്ധതി നിർവഹണത്തിനായി ലഭിക്കുക. മാർച്ച് മാസത്തിനു മുമ്പായി തങ്ങൾക്ക് കീഴിൽ വരുന്ന പദ്ധതികൾ പൂർത്തിയാക്കാൻ എല്ലാ വകുപ്പുകളും പ്രത്യേക ശ്രദ്ധ നൽകണം. ഭരണാനുമതിയും സാങ്കേതിക അനുമതിയും വേണ്ട പദ്ധതികളിൽ എത്രയും വേഗം അത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും യോഗം നിർദ്ദേശിച്ചു.

കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും ആരംഭിക്കാനുള്ളതുമായ പദ്ധതികൾ സംബന്ധിച്ച പുരോഗതിയും തുടർനടപടികളും പി.വി.ശ്രീനിജിൻ എംഎൽഎ യോഗത്തിൽ ആരാഞ്ഞു. ചില പദ്ധതികൾ അനന്തമായി നീളുന്ന സാഹചര്യം ഉണ്ട്. ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർ സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തരുത്.

തമ്മനം-പുല്ലേപ്പടി റോഡിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനായുള്ള നടപടികൾ വേഗത്തിൽ പൂർത്തിയാക്കണമെന്ന് ടി.ജെ വിനോദ് എം.എൽ.എ ആവശ്യപ്പെട്ടു. ഇതിന് സർവേയറെ നിയമിക്കണം.1985 ൽ നോർത്ത് ഇടപ്പള്ളി , സൗത്ത് ഇടപ്പള്ളി വില്ലേജുകളിൽ റെയിൽവേ ഏറ്റെടുത്ത സ്ഥലങ്ങളിൽ ഉപയോഗപ്പെടാത്തവ ചിലത് ലേലം ചെയ്തു നൽകിയതിലെ പിഴവുകൾ പരിഹരിക്കുന്നത് അനന്തമായി നീളുന്നു ഇതിന് പരിഹാരം വേണം. ഓപ്പറേഷൻ ബ്രേക്ക് ത്രൂവുമായി ബന്ധപ്പെട്ട് മുല്ലശ്ശേരി കനാലിന്റെ ചിറ്റൂർ റോഡ് മുതൽ എം.ജി റോഡ് വരെയുള്ള ഭാഗത്തെ പ്രവർത്തി നടത്തുന്നതിന് അടിയന്തരമായി ടെണ്ടർ നടപടികൾ പൂർത്തീകരിക്കണം. എം.ജി റോഡിലെ ഡ്രെയിനേജ് നവീകരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നിലവാരം ഉറപ്പാക്കി സമയബന്ധിതമായി തീർക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പ്രശ്നത്തിൽ കൃത്യമായ മേൽനോട്ടം ആവശ്യമാണെന്നും ഇതുമായി ബന്ധപ്പെട്ട് പ്രത്യേക യോഗം വിളിക്കുമെന്നും ജില്ലാ കളക്ടർ ജി.പ്രിയങ്ക പറഞ്ഞു.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി രാധാകൃഷ്ണൻ, ജില്ലാ പ്ലാനിങ് ഓഫീസർ ജി. ഉല്ലാസ്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## കുഫോസിൽ മത്സ്യവിത്ത് ഉപയോഗത്തിൽ പരിശീലന പരിപാടി

കൊച്ചി: 'മത്സ്യവിത്ത് ഉപയോഗവും രോഗനിയന്ത്രണവും' എന്ന വിഷയത്തിൽ കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (കുഫോസ്) യുടെ പരിശീലന പരിപാടിയുടെ ഉദ്ഘാടനം രജിസ്ട്രാർ ഡോ. ദിനേശ് കെ. നിർവഹിച്ചു.

സുസ്ഥിര ജലകൃഷി വികസനത്തിന് ഗുണമേന്മയുള്ള മൽസ്യവിത്തിന്റെയും ഫലപ്രദമായ രോഗനിയന്ത്രണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം എടുത്തു പറഞ്ഞു. 'ഫിഷ് സീഡ് ക്വാളിറ്റി മാനേജ്മെന്റ് ആൻഡ് ഡിസീസ് കൺട്രോൾ' പരിശീലന മാനുവൽ അദ്ദേഹം പ്രകാശനം ചെയ്തു. ഡോ. അൻവർ അലി, ഡോ. സഫീന എം.പി, ഡോ. ശൈല ജി, പ്രിൻസ് എസ്., ഡോ. എം. സജീവൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

ജനുവരി 23 വരെ നീണ്ടുനിൽക്കുന്ന പരിപാടിയിൽ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള 15 മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുക്കും. ജലകൃഷി മേഖലയിൽ മൽസ്യവിത്ത് ഗുണനിലവാരം ഉറപ്പാക്കുക, രോഗ നിരീക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക എന്നിവയാണ് ലക്ഷ്യം.

2026 ജനുവരി 29

Kochi & Trivandrum Edition

സ്ഥാപിതം 1978

# കൊച്ചിൻ നാദം





കെടിജിഎ വനിതാ വിങ്ങിന്റെ സമ്മേളനം സ്റ്റേറ്റ് ജനറൽ സെക്രട്ടറി കെ. കൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. ശീമാട്ടിയുടെ സിഇഒ ബീന കണ്ണൻ തുടങ്ങിയവർ സമീപം.

## കെടിജിഎ എറണാകുളം ജില്ലാ വനിതാ വിങ് സമ്മേളനം; മെമ്പർമാരെ ആദരിച്ചു

കൊച്ചി: കേരള ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ് അസോസിയേഷൻ എറണാകുളം ജില്ലാ വനിതാ വിങ്ങിന്റെ സമ്മേളനം സ്റ്റേറ്റ് ജനറൽ സെക്രട്ടറി കെ. കൃഷ്ണൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഇതുസംബന്ധിച്ച് എസ്എസ്കലാമന്ദിറിൽ നടന്ന സമ്മേളനത്തിൽ കെടിജിഎയുടെ വനിതാ വിങ് സ്റ്റേറ്റ് വൈസ് പ്രസിഡന്റും ജില്ലാ പ്രസിഡന്റും കൂടിയായ ബീന കണ്ണൻ അധ്യക്ഷതവഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് മേഴ്സി ജോർജ് മുഖ്യപ്രഭാഷണം നടത്തി.

കേരളത്തിലെ ടെക്സ്റ്റൈൽ ഇൻഡസ്ട്രിയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി 1981 മുതൽ പ്രവർത്തിച്ചുവരികയാണ്. 'തുണി കൊണ്ട് ഒരു തണൽ' എന്ന പദ്ധതിയിലൂടെ 152 പെൺകുട്ടികൾക്ക് ആവശ്യമായ വിവാഹ വസ്ത്രങ്ങൾ നൽകാൻ കെടിജിഎയുടെ നേതൃത്വത്തിന് സാധിച്ചെന്ന് ശീമാട്ടിയുടെ സിഇഒ കൂടിയായ ബീന കണ്ണൻ പറഞ്ഞു.

കെ.ഡി.ജോൺസൺ, എം.എൻ.ബാബു, നവാബ് ജാൻ, അഷ്റഫ് കല്ലേറിൽ, ജെക്സി ഡേവിഡ്, കമീല കാസിം, മേഴ്സി ജോർജ്, ജോസഫ് കോലഞ്ചേരി, അഷ്റഫ് ഇഞ്ചക്കുടി എന്നിവർ പങ്കെടുത്തു. ചടങ്ങിൽ പുതിയ മെമ്പർമാരെ ബീന കണ്ണൻ ആദരിച്ചു.



## ഫെഡ്എക്സ് – ജിജെഇപിസി ധാരണയിൽ

കൊച്ചി: ലോകത്തിലെ ഏറ്റവും വലിയ എക്സ്പ്രസ് ഗതാഗത കമ്പനിയായ ഫെഡറൽ എക്സ്പ്രസ് കോർപറേഷൻ (ഫെഡ്എക്സ്), ജെംസ് ആന്റ് ജുവലറി എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ജിജെഇപിസി)യുമായി ധാരണയിൽ.

ഇന്ത്യയിലെ രത്നങ്ങളുടെയും ആഭരണങ്ങളുടെയും കയറ്റുമതി ശക്തിപ്പെടുത്തുന്നതിനുള്ള ചുവടുവെപ്പാണ് ഈ ധാരണാപത്രം പ്രതിഫലിപ്പിക്കുന്നത്. ഇതിലൂടെ കയറ്റുമതി സുരക്ഷിതവും സമയനിശ്ചിതവുമായി ആഗോള വിപണികളിലേക്ക് എത്തിച്ചേരും.

അന്താരാഷ്ട്ര വ്യാപാര പാതകളിലുടനീളം സുഗമമായ വിപണി പ്രവേശനം ധാരണയിലൂടെ സാധ്യമാകും.



ആലുവ കീഴ്മാട് പഞ്ചായത്ത് പൗരസംരക്ഷണ സമിതിയുടെ വാർഷിക കുടുംബ സംഗമവും ജനപ്രതിനിധികൾക്ക് നൽകിയ സ്വീകരണവും ജില്ലാ ജഡ്ജി ടി.ബി.ഫസീല ഉദ്ഘാടനം ചെയ്യുന്നു

## കീഴ്മാട് പൗരസംരക്ഷണ സമിതി ജനപ്രതിനിധികൾക്ക് സ്വീകരണം നൽകി

ആലുവ: കീഴ്മാട് പഞ്ചായത്ത് പൗരസംരക്ഷണ സമിതിയുടെ പതിനാറാമത് വാർഷിക കുടുംബ സംഗമവും ക്രിസ്തുമസ് പുതുവത്സര ആഘോഷവും ജനപ്രതിനിധികൾക്കുള്ള സ്വീകരണവും നൽകി. പരിപാടിയുടെ ഉദ്ഘാടനം ജില്ലാ ജഡ്ജി ടി.ബി.ഫസീല നിർവഹിച്ചു.

നിരവധി പേർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# പുതിയ ബ്രാൻഡ് ലോഗോ അവതരിപ്പിച്ച് ഫെഡറൽ ബാങ്ക്



മുംബൈയിൽ നടന്ന ചടങ്ങിൽ ഫെഡറൽ ബാങ്കിന്റെ ബ്രാൻഡ് അംബാസിഡർ വിദ്യാ ബാലനും മുതിർന്ന ഉദ്യോഗസ്ഥരും ചേർന്നാണ് പുതിയ ലോഗോ അവതരിപ്പിച്ചപ്പോൾ.

കൊച്ചി: രാജ്യത്തെ പ്രമുഖ സ്വകാര്യ ബാങ്കായ ഫെഡറൽ ബാങ്ക് പരിഷ്ക്കരിച്ച ലോഗോ അവതരിപ്പിച്ചു.

മുംബൈയിൽ നടന്ന ചടങ്ങിൽ ബാങ്കിന്റെ ബ്രാൻഡ് അംബാസിഡർ വിദ്യാ ബാലനും മുതിർന്ന ഉദ്യോഗസ്ഥരും ചേർന്നാണ് പുതിയ ലോഗോ അവതരിപ്പിച്ചത്.

നൂതനവും ആധുനികവുമായ ബാങ്കിങ് സേവനങ്ങൾ വിപുലീകരിക്കുന്നതിന്റെയും ബിസിനസ് വളർച്ച ഉറപ്പാക്കുന്നതിന്റെയും ഭാഗമായാണ് ലോഗോ പരിഷ്ക്കരിച്ചതെന്ന് ബാങ്ക് വ്യക്തമാക്കി.

ആധികാരികത, അഭിവൃദ്ധി, കൂട്ടായ്മ എന്നിവ പ്രതിഫലിക്കുന്ന താരത്തിലാണ് 'ഫോർച്യൂണ വേവ്' എന്ന പേരിലുള്ള പുതിയ ലോഗോ രൂപകൽപന ചെയ്തിട്ടുള്ളത്. ഇടപാടുകാർക്കും നിക്ഷേപകർക്കും ജീവനക്കാർക്കും ഒരുപോലെ മൂല്യവത്തായ സ്ഥാപനമായി മാറിയ ഫെഡറൽ ബാങ്കിന്റെ കാഴ്ചപ്പാടിനോട് ചേർന്നു നിൽക്കുന്നതാണ് പുതിയ ലോഗോ.

ക്യാപിറ്റൽ ലെറ്റർ ഉപയോഗിച്ചായിരുന്നു ബാങ്കിന്റെ പേര് ഇതുവരെ എഴുതിയിരുന്നതെങ്കിൽ പുതിയ ഡിസൈൻ പ്രകാരം എഫും ബിയും ഒഴികെയുള്ള അക്ഷരങ്ങൾ ഇംഗ്ലീഷിലെ സ്മാൾ ലെറ്ററിൽ ആകർഷണീയമായാണ് അവതരിപ്പിക്കുന്നത്. കൂടാതെ, ബാങ്കിന്റെ പേര് ഒരു ബോക്സിൽ എഴുതുന്ന രീതിയും ഒഴിവാക്കിയിട്ടുണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലും ശാഖകളിലും ഉൾപ്പെടെ വളരെ എളുപ്പത്തിൽ ഉപയോഗിക്കാവുന്ന രൂപത്തിലാണ് ലോഗോ പരിഷ്കരിച്ചിട്ടുള്ളത്. പുത്തൻ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മികച്ച സേവനം നൽകുന്ന ഫെഡറൽ ബാങ്കിന്റെ സാന്നിധ്യം രാജ്യവ്യാപകമായി വിപുലീകരിക്കാൻ ലോഗോ പരിഷ്കരണം സഹായകമാവും.

അടിസ്ഥാന തത്വങ്ങളിൽ നിന്നും വ്യതിചലിക്കാതെ ഭാവിയിലെ വെല്ലുവിളികൾ ഏറ്റെടുക്കാൻ സജ്ജമാണെന്ന സന്ദേശം നൽകുന്നതോടൊപ്പം ഫെഡറൽ ബാങ്കിന് കൂടുതൽ ആധുനികവും ഊർജ്ജസ്വലവുമായ ഒരു മുഖം നൽകാനാണ് ലോഗോ പരിഷ്കരണത്തിലൂടെ ശ്രമിക്കുന്നതെന്ന് പ്രകാശന ചടങ്ങിൽ ഫെഡറൽ ബാങ്ക് എംഡിയും സിഇഒയുമായ കെ. വി.എസ്.മണിയൻ അഭിപ്രായപ്പെട്ടു.

ദശാബ്ദങ്ങൾ പഴക്കമുള്ള വിശ്വാസ്യത, ആധികാരികത, ഇടപാടുകാരോടുള്ള അചഞ്ചലമായ പ്രതിബദ്ധത എന്നീ മൂല്യങ്ങളാണ് ബാങ്കിനെ നയിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വർണ്ണനകളെക്കാൾ വേഗത്തിൽ ബ്രാൻഡ് ഐഡന്റിറ്റിയാണ് ആളുകളിൽ മതിപ്പുളവാക്കുന്നതെന്നും ലോഗോ പരിഷ്കരിക്കുന്നതിലൂടെ പുതിയ കാലത്തിന്റെ അഭിരുചികൾക്കനുസരിച്ച് ആധുനികമാകാനുള്ള വലിയ അവസരമാണ് കൈവരുന്നതെന്നും ബാങ്കിന്റെ ചീഫ് മാർക്കറ്റിംഗ് ഓഫീസർ എം.വി.എസ്. മൂർത്തി പറഞ്ഞു.

സുസ്ഥിരമായ വളർച്ച ലക്ഷ്യമിടുന്ന ഒരു ഫ്രാഞ്ചൈസ് എന്ന നിലയിൽ ഫെഡറൽ ബാങ്ക് അതിവേഗം വളർച്ച കൈവരിക്കുന്നതായി ബ്രാൻഡ് അംബാസിഡർ വിദ്യാ ബാലൻ അഭിപ്രായപ്പെട്ടു.

ഫെഡറൽ ബാങ്കിന്റെ സേവനങ്ങൾ പുതിയകാലത്തിനു അനുയോജ്യമായ രീതിയിൽ പരിവർത്തനപ്പെടുന്നത് ഏറെ പ്രശംസനീയവുമാണെന്ന് അവർ കൂട്ടിച്ചേർത്തു.

സൈഡ്വേയ്സ് എന്ന സ്ഥാപനമാണ് പുതിയ ബ്രാൻഡിംഗ് ആശയങ്ങൾക്കുവേണ്ടി ഫെഡറൽ ബാങ്കുമായി കൈകോർത്തത്.




ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയിൽ' നടന്ന സെമിനാർ ഉദ്ഘാടനം ചെയ്ത് മന്ത്രി എം.ബി. രാജേഷ് സംസാരിക്കുന്നു.

### സർക്കാർ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം

# വ്യവസായ സൗഹൃദത്തിൽ കേരളം ഏറെ മുന്നേറി

### –മന്ത്രി എം.ബി. രാജേഷ്

കൊച്ചി: സർക്കാർ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിലൂടെയും ഒപ്പം തമ്മിലുള്ള ആരോഗ്യകരമായ മത്സരബുദ്ധിയുമാണ് കേരളം വളരെ കാലമായി വ്യവസായ സൗഹൃദ സൂചികയിൽ മുന്നിൽ തന്നെ നിൽക്കുന്നതിന് വഴിവെച്ചതെന്ന് തദ്ദേശസ്വയം ഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷ്. കൊച്ചി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയിൽ' അടിസ്ഥാന തലത്തിൽ വ്യവസായ സൗഹൃദത്തിന്റെ പ്രായോഗിക നിർവ്വഹണവും ഭരണവും' എന്ന വിഷയത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

വ്യവസായ വാണിജ്യ, നിയമം, കയർ വകുപ്പ് മന്ത്രി പി. രാജീവ് പ്രദർശനം കാണുന്നതിന് എക്സ്പോ വേദിയിൽ എത്തി. എക്സ്പോയിലെ സ്റ്റാളുകൾ എല്ലാം വിശദമായി കണ്ട് വ്യവസായികളുമായി സംവദിച്ച് മന്ത്രി എക്സ്പോ സംഘടകരെ പ്രശംസിക്കുകയും ചെയ്തു. കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷത്തെ എടുത്തു കാണിക്കുന്ന മികച്ച പ്രദർശനമാണ് ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ എന്നും സംരംഭകർക്ക് വളർച്ച നേടുന്നതിനുള്ള വഴിയും ഇവിടെ ഒരുക്കുന്നുണ്ടെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരള വ്യവസായ വകുപ്പിന്റേയും കേന്ദ്ര എംഎസ്എംഇ മന്ത്രാലയത്തിന്റെയും സഹകരണത്തോടെ കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷനും, മെട്രോമാർട്ടും ചേർന്ന് സംഘടിപ്പിക്കുന്നതാണ് ഇൻഡസ്ട്രിയൽ എക്സ്പോ.

സമാപന സമ്മേളനത്തിൽ കേരളത്തിലെ 14 ജില്ലകളിൽ നിന്നുമുള്ള പതിനായിരത്തിലധികം കെഎസ്എസ്ഐഎ അംഗങ്ങളായ വ്യവസായികൾ പങ്കെടുക്കുന്ന വ്യവസായി മഹാസംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

എറണാകുളം ജില്ലാ കളക്ടർ ജി.പ്രിയങ്ക ഐഎഎസ്, വ്യവസായ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർമാരായ സി.എസ്. സിമി, ജി. രാജീവ്, വ്യവസായ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി മാനേജിങ് ഡയറക്ടറുമായ പി. വിഷ്ണുരാജ് ഐഎഎസും എക്സ്പോ സന്ദർശിച്ചു. എക്സ്പോയിൽ നടന്ന മീഡിയ കോൺക്ലേവിൽ കേരളത്തിലെ വ്യാവസായിക മേഖലയുടെ വളർച്ചയിൽ മാധ്യമങ്ങളുടെ വലിയ പങ്ക് ചർച്ചയായി.

### തെളിമയുള്ള കാഴ്ചയുടെ 15 വർഷങ്ങൾ

## സാധാരണക്കാരന് കൈത്താങ്ങായി എച്ച്എൽഎൽ ഒപ്റ്റിക്കൽസ്

കൊച്ചി: കണ്ണട ഉപയോഗിക്കാത്തവർ ഇന്ന് വിരളമാണ്. കാഴ്ചക്കുറവിന് മാത്രമല്ല കണ്ണുകളെ സംരക്ഷിക്കുന്നതിനുള്ള മുൻകരുതലായും കണ്ണടകൾ ഉപയോഗിക്കുന്നുണ്ട്.

കുറഞ്ഞ വിലയിൽ മികച്ച ബ്രാൻഡുകളുടെ പ്രീമിയം കണ്ണടകൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് എച്ച്എൽഎൽ ഒപ്റ്റിക്കൽസ്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് നടത്തുന്ന എച്ച്എൽഎൽ ഒപ്റ്റിക്കൽസ് ഗുണമേന്മയുള്ള കണ്ണടകളും ലെൻസുകളും സാധാരണക്കാർക്ക് വിലക്കുറവിൽ ലഭ്യമാക്കുന്നു. സാധാരണക്കാർ ചികിത്സ തേടിയെത്തുന്ന ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് എച്ച്എൽഎൽ ഒപ്റ്റിക്കൽസ് ഔട്ട്ലെറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്.

2011 ഒക്ടോബറിൽ തുടങ്ങിയ സ്ഥാപനത്തിന്റെ തുടക്കം മുതൽ ഇതുവരെ വിപണിവിലയിൽ നിന്നും 40 ശതമാനം വിലക്കുറവിലാണ് കണ്ണടകൾ വിൽക്കുന്നത്. 200 രൂപ മുതൽ 15000 രൂപ വരെ വില വരുന്ന ഫ്രെയിമുകളും 330 രൂപ മുതൽ 30000 വിലയുള്ള ലെൻസുകളും ഇവിടെ നിന്നും വാങ്ങാനാകും. ഇതിൽത്തന്നെ 0 മുതൽ മൈനസ് 2 വരെ പവർ വരുന്ന സാധാരണ ലെൻസുകൾ 860 രൂപയാണ്. ഡേ ആൻഡ് നൈറ്റ്, യുവി പ്രൊട്ടക്ഷൻ ഉള്ള ലെൻസുകൾക്ക് വെറും 3500 രൂപയുമാണ് എച്ച്എൽഎൽ ഒപ്റ്റിക്കൽസിൽ ഈടാക്കുന്നത്. 850 രൂപ മുതൽ 2000 വരെയുള്ള സൺഗ്ലാസുകളും ഇവിടെ ലഭ്യമാണ്.

തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് നിലവിൽ എച്ച്എൽഎൽ ഒപ്റ്റിക്കൽസ് പ്രവർത്തിക്കുന്നത്. കേരളത്തിൽ ഈ മാതൃക വിജയിച്ചതോടെ മറ്റ് സംസ്ഥാനങ്ങളും എച്ച്എൽഎൽ ഒപ്റ്റിക്കൽസിന്റെ സേവനം ആവശ്യപ്പെട്ട് മുന്നോട്ടുവന്നിരുന്നു. തുടർന്ന് ഡൽഹി, മുംബൈ, ചെന്നൈ, ഹൈദരാബാദ്, ബെഗളൂരു തുടങ്ങിയ ഇടങ്ങളിലേക്കും എച്ച്എൽഎൽ ഒപ്റ്റിക്കൽസിന്റെ സേവനം വ്യാപിപ്പിച്ചിട്ടുണ്ട്.




# 'ജോട്ടാഷീൽഡ് എറ്റേണ' പെയിന്റ്സ് വിപണിയിൽ

കൊച്ചി: അത്യാധുനികമായ 'സെൽഫ് ക്ലീനിംഗ്' സാങ്കേതികവിദ്യയുമായി പ്രീമിയം എക്സ്റ്റീരിയർ പെയിന്റ് രംഗത്തെ പുതിയ വിസ്മയം 'ജോട്ടാഷീൽഡ് എറ്റേണ' ജോട്ടൂൺ പെയിന്റ്സ് ഇന്ത്യ വിപണിയിലിറക്കി.

ഇന്ത്യയിലെ കഠിനമായ കാലാവസ്ഥയെ പ്രതിരോധിക്കാൻ തക്കവിധം പ്രാദേശിക ഗവേഷണ വിഭാഗം വികസിപ്പിച്ചെടുത്ത ഈ പെയിന്റ്, ചുവരുകളിൽ പൊടിപടലങ്ങൾ പിടിക്കുന്നത് തടയുകയും മഴവെള്ളത്തിൽ അഴുക്കുകൾ സ്വയം കഴുകിക്കളയുകയും ചെയ്യുന്നു.



ശശികുമാർ വേണുഗോപാൽ
മാനേജിംഗ് ഡയറക്ടർ
ജോട്ടൂൺ ഇന്ത്യ

12 വർഷത്തെ പെർഫോമൻസ് വാറന്റിയും 21 അന്താരാഷ്ട്ര ഗുണനിലവാര സർട്ടിഫിക്കറ്റുകളുമുള്ള ഈ ഉൽപ്പന്നം 500ലധികം നിറങ്ങളിൽ ലഭ്യമാണ്.

ജോട്ടൂൺ ഇന്ത്യയുടെ ആഗോള വൈദഗ്ധ്യവും പ്രാദേശികമായ അറിവുകളും സമന്വയിപ്പിച്ച് ദീർഘകാലം നിലനിൽക്കുന്ന ഒരു പെയിന്റാണ് ഞങ്ങൾ ഇതിലൂടെ വികസിപ്പിച്ചിരിക്കുന്നത്; ഇത് ഉപഭോക്താക്കൾക്ക് വർഷങ്ങളോളം നിറം മങ്ങാത്ത, അഴുക്കിനെ പ്രതിരോധിക്കുന്ന ചുവരുകൾ ഉറപ്പു നൽകുന്നു-ജോട്ടൂൺ ഇന്ത്യ മാനേജിംഗ് ഡയറക്ടർ ശശി കുമാർ വേണുഗോപാൽ പറഞ്ഞു




പ്രഥമ പി.എൻ.പ്രസന്നകുമാർ സ്മാരക മാധ്യമ അവാർഡ് വിതരണ ചടങ്ങ് പശ്ചിമബംഗാൾ ഗവർണർ ഡോ. സി.വി.ആനന്ദബോസ് ഉദ്ഘാടനം ചെയ്യുന്നു.

## മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ ജിഹ്വ –ഡോ. സി.വി.ആനന്ദബോസ്

കൊച്ചി: ജനാധിപത്യത്തിന്റെ ജിഹ്വയാണ് മാധ്യമങ്ങളെന്ന് പശ്ചിമ ബംഗാൾ ഗവർണർ ഡോ. സി.വി.ആനന്ദബോസ്. സമൂഹത്തിന്റെ കണ്ണാടിയാണ് മാധ്യമങ്ങൾ. എന്നാൽ മാധ്യമപ്രവർത്തനത്തിൽ കാതലായ മാറ്റങ്ങൾ വേണമെന്നും അദ്ദേഹം പറഞ്ഞു.

എറണാകുളം പ്രസ്ക്ലബും പി.എൻ.പ്രസന്നകുമാർ ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിച്ച പ്രഥമ പി.എൻ.പ്രസന്നകുമാർ സ്മാരക മാധ്യമ അവാർഡ് മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബിന് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു ഗവർണർ.

സത്യം എപ്പോഴും ശരിയായി പടരുമെങ്കിലും വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ശിഖിരങ്ങൾപോലെ ഏതു ദിശയിലേക്കും പടരും. ഇതുപോലെയാണ് വർത്തമാനകാലത്ത് വാർത്തകളുടെ കാര്യം–അദ്ദേഹം പറഞ്ഞു.

പ്രവചനാത്മകമായ മാധ്യമപ്രവർത്തനമാണ് ഇപ്പോഴത്തേതെന്ന് തോമസ് ജേക്കബ് പറഞ്ഞു.

മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പി.എൻ.പ്രസന്നകുമാർ സ്മാരക പ്രഭാഷണം നടത്തി. എറണാകുളം പ്രസ്ക്ലബ് പ്രസിഡന്റ് ആർ.ഗോപകുമാർ അധ്യക്ഷതവഹിച്ച ചടങ്ങിൽ ഹൈബി ഈഡൻ എംപി, എംഎൽഎമാരായ കെ. ബാബു, ടി.ജെ.വിനോദ്, മേയർ അഡ്വ. വി.കെമിനിമോൾ, വേണു രാജാമണി, പ്രസ്ക്ലബ് സെക്രട്ടറി എം ഷജിൽകുമാർ, പി. എൻ.പ്രസന്നകുമാർ ഫൗണ്ടേഷൻ അംഗം എൻ ശ്രീകുമാർ എന്നിവർ സംസാരിച്ചു.

## ചേർത്തലയിൽ കരുതൽ പദ്ധതിക്ക് തുടക്കമായി

ചേർത്തല: സർക്കാരും തദ്ദേശ സ്ഥാപനങ്ങളും നടപ്പാക്കുന്ന പദ്ധതികൾ പ്രയോജനപ്പെടുത്താൻ ഗുണഭോക്താക്കൾ ജാഗ്രത കാട്ടണമെന്നും എങ്കിലേ പദ്ധതികൾ പൂർണ പ്രയോജനത്തിലെത്തുകയുള്ളൂവെന്നും മന്ത്രി ഒ.ആർകേളു. ചേർത്തല നിയോജക മണ്ഡലത്തിൽ മന്ത്രി പി.പ്രസാദിന്റെ നേതൃത്വത്തിൽ പട്ടികവർഗവകുപ്പിന്റെയും കുടുംബശ്രീയുടെയും സഹകരണത്തോടെ പട്ടികവർഗ കുടുംബങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് നടപ്പാക്കുന്ന കരുതൽ പദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ചടങ്ങിൽ മന്ത്രി പി. പ്രസാദ് അധ്യക്ഷനായിരുന്നു. പദ്ധതിയുടെ മൈക്രോ പ്ലാൻ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്.രഞ്ജിത്ത് മന്ത്രി ഒ.ആർ.കേളുവിനു കൈമാറി. കുടുംബശ്രീ സംസ്ഥാന പ്രോഗ്രാം മാനേജർ എം.പ്രഭാകരൻ പദ്ധതി വിശദീകരിച്ചു. ജില്ലാ പട്ടികവർഗ ഓഫീസർ എസ്. വിധുമോൾ സർക്കാർ പദ്ധതികളുടെ വിശദീകരണം നടത്തി.

എൻ.എൽ.വത്സലകുമാരി, എം. സന്തോഷ്കുമാർ, ടി.ടി.വിക്രമൻ, ബിന്ദു മുരളി, കെ.സി. ആന്റണി, ജോമി ചെറിയാൻ, കെ.മഹേശൻ, കെ. പൊന്നപ്പൻ, എസ്.രാധാകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു.

സ്ഥാപിതം 1978
കൊച്ചിൻ നാദം

# തെളിയട്ടെ, എല്ലാ സത്യങ്ങളും

കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ച സംഭവഅപമാനകരമായ ദൃശ്യം പ്രചരിച്ചതിനുപിന്നാലെ യുവാവ് ജീവനൊടുക്കിയ സംഭവം നാടിനെ ഞെട്ടിക്കുകയും സാമൂഹികമാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ആളുകൾക്ക് ഉണ്ടാകുന്ന വീഴ്ചകൾ തുറന്നു കാട്ടുകയും ചെയ്തിരിക്കുന്നു. സ്വകാര്യ ബസിൽ ലൈംഗികാതിക്രമം നടത്തിയെന്ന് ആരോപിച്ച് ബസിലുണ്ടായിരുന്ന ഷിംജിത മുസ്തഫയെന്ന യുവതി സമൂഹമാധ്യമത്തിൽ വിഡിയോ പ്രചരിപ്പിച്ചതിനെ തുടർന്നാണ് അപമാനഭാരത്താൽ ദീപക് ജീവനൊടുക്കിയത്. കഴിഞ്ഞ ദിവസങ്ങളിൽ കേരളം ഈ ദുരന്തം വേദനയോടെ ചർച്ച ചെയ്യുകയായിരുന്നു. ദീപക് മോശമായി പെരുമാറുന്നു എന്നാരോപിച്ചുകൊണ്ട് ബസിൽ വിഡിയോ ചിത്രീകരിച്ച ഷിംജിത അതു പ്രചരിപ്പിച്ചത് ' റീച്ച്' കിട്ടാൻ വേണ്ടിയാണെന്നാണ് ആരോപണമുയർന്നത്.

തങ്ങളുടെ മകൻ നിരപരാധിയായിരുന്നുവെന്ന് ദീപക്കിന്റെ മാതാപിതാക്കൾ പറയുന്നു. അവരുടെ പരാതിയിൽ ഷിംജിതക്കെതിരെ ആത്മഹത്യാ പ്രേരണക്കുറ്റം ചുമത്തുകയും കേസെടുക്കുകയും കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് അറസ്റ്റു ചെയ്തിട്ടുമുണ്ട്. യുവതിയെ പോലീസ് സംരക്ഷിക്കാൻ ശ്രമിക്കുന്നുവെന്നും അറസ്റ്റ് വൈകുകയാണെന്നും നേരത്തെ ആക്ഷേപം ഉയർന്നിരുന്നു.

എഡിറ്റ് ചെയ്ത വിഡിയോ ആണ് ഷിംജിത സമൂഹമാധ്യമത്തിൽ പങ്കുവച്ചതെന്നു കണ്ടെത്തിയെന്നാണു പോലീസ് അവകാശപ്പെടുന്നത്. പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ വഴി സർവീസ് നടത്തുന്ന ബസിലെ സിസിടിവി ദൃശ്യങ്ങളും പോലീസ് ശേഖരിച്ചിട്ടുണ്ട്. എല്ലാം പൊലീസ് പരിശോധിക്കട്ടെ. കേസ് അന്വേഷണം അതിന്റെ രീതിയിൽ നടക്കട്ടെ. സത്യം കണ്ടെത്തട്ടെ. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് ഉയരുന്ന ചിന്തകൾ പ്രസക്തമാണ്. അതു സമൂഹത്തിൽ മാറ്റങ്ങൾക്ക് ഉപകാരപ്പെടുന്നെങ്കിൽ അത്രയുമായി.

ഷിംജിതക്കെതിരെ ഇപ്പോൾ നിശിതമായ വിമർശനം ഉയരുന്നത് ഒരു മനുഷ്യജീവൻ നഷ്ടപ്പെടാൻ ഇടയാക്കി എന്നതുകൊണ്ടാണ്. നല്ല 'റീച്ച്' കിട്ടുന്ന റീലുകൾ എടുക്കാൻ വേണ്ടി അതിസാഹസികമായതടക്കം പലവിധത്തിലുള്ള ശ്രമങ്ങൾ ഇന്നു സമൂഹത്തിൽ നടക്കുന്നുണ്ട് എന്നതു യാഥാർഥ്യമാണ്. കുറച്ച് 'ലൈക്കി'നും 'കമന്റി'നും വേണ്ടി എന്തു സാഹസികതയ്ക്കും തയാറാവുന്നവർ അവർക്കു തന്നെയും സമൂഹത്തിനു പൊതുവിലും ദോഷം ചെയ്യുന്ന അവസരങ്ങളുണ്ടാവും എന്നതും തള്ളിക്കളയാനാവില്ല.

ബസിലുണ്ടായി എന്നു യുവതി ആരോപിക്കുന്ന സാഹചര്യം യഥാർഥത്തിലുള്ളതായിരുന്നോ, ദീപക് നിരപരാധിയായിരുന്നോ തുടങ്ങിയ കാര്യങ്ങളൊക്കെ പോലീസ് അന്വേഷണത്തിലാണ് വ്യക്തമാവേണ്ടത്. അതുകൊണ്ടു തന്നെ അന്വേഷണത്തിൽ ഒരു പാളിച്ചയും ഉണ്ടാകാതെ നോക്കേണ്ടതുണ്ട്. ദീപക്കിന്റെ മാതാപിതാക്കൾ അനുഭവിക്കേണ്ടിവരുന്ന തീരാവേദന നമ്മെയെല്ലാം വല്ലാതെ വേദനിപ്പിക്കുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള ആക്രമണം നേരിടേണ്ടി വന്നുവെങ്കിൽ നിയമത്തിന്റെ വഴി തേടുകയായിരുന്നു യുവതി ചെയ്യേണ്ടിയിരുന്നത് എന്നു പറയുന്നവരാണ് ഏറെയും.

തെളിവിനായി ദൃശ്യങ്ങൾ മൊബൈൽ ഫോൺ ക്യാമറയിൽ പകർത്തിയതാണെങ്കിൽ അതു പോലീസിനു കൈമാറുകയായിരുന്നില്ലേ വേണ്ടത് എന്ന ചോദ്യവും ഉയരുന്നുണ്ട്. മൊബൈൽ ഫോണുകൾ ഒരേസമയം നല്ലതും ചീത്തയുമായി മാറുന്നത് ഏതൊക്കെ വിധത്തിലാണ്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ മൊബൈൽ ഫോൺ കാമറയിൽ ചിത്രീകരിച്ചത് ഉപയോഗിച്ച് കുറ്റവാളികളെ പിടികൂടിയ പല സംഭവങ്ങളും മുൻപ് ഉണ്ടായിട്ടുണ്ട്. മൊബൈലിൽ പിടിക്കും എന്ന സാധ്യത അതിക്രമങ്ങൾക്കു തുനിയുന്നവരെ ചിന്തിപ്പിക്കുകയും ചെയ്യും.


എന്നാൽ, മൊബൈൽ ഫോൺ ദൃശ്യങ്ങളുടെ പിന്നിലുള്ള ലക്ഷ്യം സത്യസന്ധമല്ലെങ്കിൽ അതു വലിയ ദുരന്തമായും മാറും. തെറ്റായ വിധത്തിൽ ചിത്രീകരിക്കുന്നതു മൂലമുണ്ടാവുന്ന അപമാനം സഹിക്കാൻ എല്ലാവർക്കും കഴിഞ്ഞെന്നു വരില്ല. മറ്റുള്ളവരുടെ റീൽസ് എടുത്ത് പ്രചരിപ്പിക്കുന്നതു നിയന്ത്രിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ ദീപക്കിന്റെ ആത്മഹത്യയുടെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്നുണ്ട്. ലക്ഷക്കണക്കിനാളുകളിലേക്ക് ഇത്തരം ചിത്രീകരണങ്ങൾ എത്തുമ്പോഴുണ്ടാകുന്ന പ്രത്യാഘാതം നിസാരമായി കാണരുത് എന്നതാണ് എല്ലാവരും ഓർക്കേണ്ടത്.

മറ്റൊരാളിൽനിന്ന് അസ്വസ്ഥതപ്പെടുത്തുന്ന സംഭവങ്ങളുണ്ടായാൽ തെളിവിനുവേണ്ടി വിഡിയോ എടുക്കുന്നതോ അതു പോലീസിനു കൈമാറുന്നതോ പോലെയല്ല അതു സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നത്. റീൽസ് എടുക്കുന്നവർക്കു പ്രവേശനമില്ലെന്ന് ചില സ്വകാര്യ ബസുകൾ ബോർഡ് വയ്ക്കുകയും സ്റ്റിക്കർ ഒട്ടിക്കുകയും ചെയ്യുന്നുണ്ടെന്നു റിപ്പോർട്ടുകളുണ്ട്. പബ്ലിസിറ്റിക്കുവേണ്ടി ഒരാളുടെ മാനാഭിമാനത്തെ കെടുത്തുന്ന ചിത്രീകരണങ്ങൾ കെഎസ്ആർടിസി ബസുകളിൽ വേണ്ടെന്നു മന്ത്രി ഗണേഷ് കുമാർ പറഞ്ഞതായും റിപ്പോർട്ടുകളുണ്ട്. മനുഷ്യ ജീവന് മറ്റെന്തിനെക്കാൾ വില കൽപ്പിക്കുക എന്നതാണ് സമൂഹത്തിന്റെ നിലനിൽപ്പിന് ആവശ്യമായുള്ളത്.

സാമൂഹികമാധ്യമങ്ങളിലൂടെ തെറ്റുകൾ തുറന്നുകാട്ടുന്നത് ഭരണസംവിധാനങ്ങളേയും സ്ഥാപനങ്ങളേയും പലപ്പോഴും ജാഗ്രവത്താക്കിയിട്ടുണ്ട്. പല മോശം പ്രവണതകൾക്കുമെതിരെ ജനകീയ വികാരം രൂപപ്പെടുത്താനും സാമൂഹികമാധ്യമങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പങ്കുവയ്ക്കപ്പെടുന്ന കാര്യങ്ങളിലെ സത്യസന്ധത സുപ്രധാനമാണ്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നിയമ നടപടി ശക്തമാക്കിയാൽ മാത്രമേ സാമൂഹിക മാധ്യമങ്ങളിലൂടെ എന്തുമാകാമെന്നുള്ള തെറ്റായ സമീപനത്തിനു മാറ്റമുണ്ടാകൂ.

# madhav gadgil

## പ്രകൃതിയുടെ കാവൽക്കാരൻ



മാധവ് ഗാഡ്ഗിൽ എന്ന പരിസ്ഥിതി ദാർശനികൻ ഇനിയും ജീവിക്കും. രാജ്യത്തിലെ ഓരോ വൃക്ഷത്തിലും മലനിരകളിലും ഓരോ പുൽക്കൊടിയിലും വരെ അദ്ദേഹം ജീവനോടെ നിലനിൽക്കും

ഇന്ത്യയുടെ പരിസ്ഥിതി ചരിത്രത്തിൽ മാധവ് ഗാഡ്ഗിൽ എന്ന പേര് ഒരു അഗ്നിനക്ഷത്രംപോലെ എല്ലാകാലവും ജ്വലിച്ചുനിൽക്കും. കേവലം ഒരു ശാസ്ത്രജ്ഞൻ എന്നതിലുപരി, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അവിഭാജ്യമായ ബന്ധത്തെ ശാസ്ത്രീയമായി വ്യാഖ്യാനിച്ച ദാർശനികനായിരുന്നു അദ്ദേഹം. പശ്ചിമഘട്ടം എന്ന മഹാപ്രതിഭാസത്തെ വരുംതലമുറയ്ക്കായി കാത്തുവയ്ക്കാൻ അദ്ദേഹം നടത്തിയ ഇടപെടലുകൾ ഇന്ത്യൻ പരിസ്ഥിതി നയങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ലക്ഷ്യമിട്ടത്.

ഇന്ത്യയുടെ പരിസ്ഥിതി ചരിത്രത്തിൽ മാധവ് ഗാഡ്ഗിൽ എന്ന പേര് ഒരു അഗ്നിനക്ഷത്രം പോലെ എല്ലാ കാലവും ജ്വലിച്ചുനിൽക്കും. കേവലം ഒരു ശാസ്ത്രജ്ഞൻ എന്നതിലുപരി, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അവിഭാജ്യമായ ബന്ധത്തെ ശാസ്ത്രീയമായി വ്യാഖ്യാനിച്ച ദാർശനികനായിരുന്നു അദ്ദേഹം. പശ്ചിമഘട്ടം എന്ന മഹാ പ്രതിഭാസത്തെ വരുംതലമുറയ്ക്കായി കാത്തുവയ്ക്കാൻ അദ്ദേഹം നടത്തിയ ഇടപെടലുകൾ ഇന്ത്യൻ പരിസ്ഥിതി നയങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ലക്ഷ്യമിട്ടത്.

2010ൽ പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതിയുടെ അധ്യക്ഷനായി ചുമതലയേറ്റതോടെയാണ് ഗാഡ്ഗിൽ എന്ന പേര് സാധാരണക്കാരുടെ ഇടയിലേക്ക് എത്തിയത്. പശ്ചിമഘട്ടത്തെ ഒന്നായി കണ്ട്, അതിന്റെ ജൈവവൈവിധ്യം കാത്തുസൂക്ഷിക്കാൻ അദ്ദേഹം സമർപ്പിച്ച റിപ്പോർട്ട് ലോകത്തിലെ തന്നെ മികച്ച പരിസ്ഥിതി രേഖകളിലൊന്നായി കണക്കാക്കപ്പെടുന്നു.

അദ്ദേഹത്തിന്റെ പ്രധാന കണ്ടെത്തലുകളും നിർദ്ദേശങ്ങളും കേരളത്തെയും അനുബന്ധ പശ്ചിമഘട്ടത്തെയും സമ്പൂർണ്ണമായി സംരക്ഷിക്കുവാൻ ഉതകുന്നതായിരുന്നു പശ്ചിമഘട്ടത്തെ മൂന്ന് പരിസ്ഥിതി ലോല മേഖലകളായി (ഇഎസ്എസഡ് 1, 2, 3) തിരിക്കണമെന്നും, അതീവ ലോലപ്രദേശങ്ങളിൽ ഖനനം, വൻകിട അണക്കെട്ടുകൾ, വാണിജ്യ തോട്ടങ്ങൾ എന്നിവ നിയന്ത്രിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

അദ്ദേഹം ഉയർത്തിയത് സമ്പൂർണ ജനകീയ പരിസ്ഥിതി വാദമായിരുന്നു. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഏറ്റവും വലിയ പ്രത്യേകത അത് താഴെത്തട്ടിലുള്ള ജനങ്ങൾക്ക് (ഗ്രാമസഭകൾക്ക്) അധികാരം നൽകണം എന്ന് വാദിച്ചു എന്നതാണ്. പരിസ്ഥിതി സംരക്ഷണം ഉദ്യോഗസ്ഥരുടെ മാത്രം ജോലിയല്ല, മറിച്ച് അവിടെ ജീവിക്കുന്ന ജനങ്ങളുടെ അവകാശമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

എല്ലാം പരിസ്ഥിതി പ്രവർത്തകർക്കും നേരിടേണ്ടി വരുന്ന വിമർശന വെല്ലുവിളികൾ അദ്ദേഹത്തിനും നേരിടേണ്ടി വന്നിട്ടുണ്ട്.

ഗാഡ്ഗിൽ റിപ്പോർട്ട് പുറത്തുവന്നപ്പോൾ രാഷ്ട്രീയ പാർട്ടികളും കോർപ്പറേറ്റ് താൽപ്പര്യങ്ങളും ഒന്നിച്ച് അദ്ദേഹത്തെ എതിർത്തു. അദ്ദേഹം വികസന വിരോധിയാണെന്ന് മുദ്രകുത്തപ്പെട്ടു. എന്നാൽ വർഷങ്ങൾക്കിപ്പുറം, കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ നേരിട്ട പ്രളയങ്ങളും ഉരുൾപൊട്ടലുകളും (പ്രത്യേകിച്ച് വയനാട് പോലുള്ള ഇടങ്ങളിൽ) ഗാഡ്ഗിലിന്റെ മുന്നറിയിപ്പുകൾ എത്രമാത്രം സത്യമായിരുന്നു എന്ന് ലോകത്തിന് കാണിച്ചുകൊടുത്തു. 'ഗാഡ്ഗിലിനെ കേട്ടിരുന്നെങ്കിൽ...' എന്ന വിലാപം ഓരോ ദുരന്തത്തിന് ശേഷവും നാം കേട്ടുകൊണ്ടിരുന്നു.

നഷ്ടമാകുന്നത് ഒരു വഴികാട്ടിയെയാണ് എന്ന് പറഞ്ഞാൽ അത് ഒരു കേവലം ഒരു പദപ്രയോഗം മാത്രമായി മാറും.

കേന്ദ്ര സർക്കാർ വനനിയമങ്ങൾ ഭേദഗതി ചെയ്യുകയും വനഭൂമി സ്വകാര്യ മേഖലയ്ക്ക് തുറന്നുകൊടുക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഗാഡ്ഗിലിനെപ്പോലൊരു മനുഷ്യന്റെ അഭാവം വലിയ ശൂന്യതയാണ് സൃഷ്ടിക്കുന്നത്. മരങ്ങളെ വെറും മരങ്ങളായല്ല, മറിച്ച് ജീവന്റെ കണ്ണികളായാണ് അദ്ദേഹം കണ്ടത്. തന്റെ അവസാന നാളുകളിൽ പോലും പ്രകൃതിക്കു വേണ്ടി ശബ്ദമുയർത്താൻ അദ്ദേഹം മടിച്ചില്ല.

പശ്ചിമഘട്ടത്തിലെ ഓരോ കാറ്റിലും പുഴയിലും മരങ്ങളിലും മാധവ് ഗാഡ്ഗിൽ എന്ന മനുഷ്യന്റെ ഓർമ്മകൾ ജീവിക്കും. അദ്ദേഹം മുന്നോട്ടുവെച്ച പരിസ്ഥിതി അവബോധം വരും തലമുറയ്ക്ക് വലിയൊരു പാഠപുസ്തകമാണ്.

1970കളിൽ സൈലന്റ് വാലി ജലവൈദ്യുത പദ്ധതിക്കെതിരായ പ്രതിഷേധങ്ങളിലൂടെയാണ് ഗാഡ്ഗിലിന് കേരളവുമായുള്ള ബന്ധം ആരംഭിക്കുന്നത്. കവികളും എഴുത്തുകാരും പരിസ്ഥിതി പ്രവർത്തകരും ശാസ്ത്രജ്ഞരും അണിനിരന്ന ആ സമരത്തിൽ ഗാഡ്ഗിലും സജീവമായിരുന്നു. ഒരു വനം സംരക്ഷിക്കപ്പെടാൻ മാത്രമല്ല, പരിസ്ഥിതി ബോധം വരേണ്യവർഗത്തിന്റെ ചർച്ചകളിൽനിന്ന് സാധാരണക്കാരിലേക്കും പടരാൻ ആ സമരത്തിന്റെ വിജയം കാരണമായി. അതോടെ മാധവ് ഗാഡ്ഗിൽ എന്ന പേര് സാധാരണക്കാർക്കും പരിചിതമായി.

2010ൽ കോൺഗ്രസ് നേതൃത്വത്തിലുള്ള യുപിഎ സർക്കാരാണ് പശ്ചിമഘട്ട പരിസ്ഥിതി വിദഗ്ധ സമിതി അധ്യക്ഷനായി മാധവ് ഗാഡ്ഗിലിനെ നിയമിച്ചത്. അന്ന് പരിസ്ഥിതി-വനം മന്ത്രിയായിരുന്ന ജയറാം രമേശിന്റെ നിലപാടാണ് ഇത്തരമൊരു സമിതിക്കും ഗാഡ്ഗിലിന്റെ നിയമനത്തിനും വഴിയൊരുക്കിയത്.

2018ലെ പ്രളയത്തിനു ശേഷം കൊച്ചിയിലെത്തിയ ഗാഡ്ഗിൽ, ഔദ്യോഗിക വിശദീകരണങ്ങളെയെല്ലാം പാടേ തള്ളിപ്പറഞ്ഞു. കേരളം മുങ്ങിയത് മഴ കാരണമല്ല, മനുഷ്യന്റെ വിഡ്ഢിത്തങ്ങൾ കാരണമാണെന്ന് അദ്ദേഹം തുറന്നടിച്ചു.

വ്യാജപ്രചാരണങ്ങളുടെ അടിസ്ഥാനത്തിൽ സഭയും രാഷ്ട്രീയ പാർട്ടികളും ഗാഡ്ഗിൽ റിപ്പോർട്ടിനെതിരേ രംഗത്തുവന്നപ്പോൾ കേന്ദ്ര സർക്കാർ വഴങ്ങി. റിപ്പോർട്ടിന്റെ വീര്യം കുറയ്ക്കാൻ കസ്തൂരിരംഗന്റെ നേതൃത്വത്തിൽ മറ്റൊരു സമിതിയെ നിയോഗിച്ചു. ഗാഡ്ഗിലിന്റെ യഥാർഥ കാഴ്ചപ്പാടുകളുടെ മങ്ങിയ നിഴൽ മാത്രമായിരുന്ന ആ റിപ്പോർട്ട് പോലും പക്ഷേ കേരളത്തിൽ നടപ്പാക്കിയില്ല.

പശ്ചിമഘട്ടത്തിലുടനീളം കാൽനടയായി സഞ്ചരിച്ച പരിസ്ഥിതി ശാസ്ത്രജ്ഞനും ഗവേഷകനുമായിരുന്നു മാധവ് ഗാഡ്ഗിൽ. വികസന കാര്യങ്ങൾ തീരുമാനിക്കേണ്ടത് ദൂരെയുള്ള ഉദ്യോഗസ്ഥരല്ല, മറിച്ച് തദ്ദേശ ഗ്രാമസഭകളാണെന്ന് ഉറച്ചുവിശ്വസിച്ച ജനാധിപത്യവാദിയായിരുന്നു അദ്ദേഹം. 1980കളുടെ മധ്യത്തിൽ, ബസ്തർ വനങ്ങളുടെ സംരക്ഷണത്തിനായി അദ്ദേഹം നടത്തിയ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. ഇതിനുപുറമെ, ബൊട്ടാണിക്കൽ സർവേ ഓഫ് ഇന്ത്യ, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങൾക്ക് പരിസ്ഥിതിപരമായ ഒരു ജനാധിപത്യ സ്വഭാവം നൽകുന്നതിലും അദ്ദേഹം വലിയ പങ്ക് വഹിച്ചു.

ഇതിനെല്ലാം പുറമെ, 1972ലെ വന്യജീവി സംരക്ഷണ നിയമം റദ്ദാക്കണമെന്ന അദ്ദേഹത്തിന്റെ നിലപാടും, ശല്യക്കാരായ മൃഗങ്ങളെ കൊല്ലുന്നതിനും അവയുടെ ഇറച്ചി ഭക്ഷിക്കുന്നതിനും അദ്ദേഹം നൽകിയ പിന്തുണയും വന്യമൃഗങ്ങളെ കൊല്ലുന്നതിനായുള്ള കേരളത്തിന്റെ ബില്ലിന് വലിയൊരു ധാർമിക പിൻബലം നൽകുമായിരുന്നു.

തോൽപ്പിക്കപ്പെട്ട സൈലന്റ് വാലി പദ്ധതി പോലെ തന്നെ, അതിരപ്പിള്ളി സമരത്തിലും ഗാഡ്ഗിലിന്റെ കൈയൊപ്പുണ്ടായിരുന്നു. അതിരപ്പിള്ളി സമരകാലത്ത് അദ്ദേഹം നൽകിയ ഉപദേശങ്ങൾ കേരളത്തിനു വിലപ്പെട്ടതായിരുന്നു.

# സോഷ്യൽ മീഡിയ സിസേറിയൻ പ്രസവം

**കാരൂർ സോമൻ,(ചാരുംമൂടൻ)**

മനുഷ്യരുടെ അന്തരംഗക്രിയകളിൽ സവിശേഷമായ ഒരു സ്ഥാനം നേടിയിരിക്കുകയാണ് തലയില്ലാത്ത സോഷ്യൽ മീഡിയ. എന്തും നിറമാർന്ന വർണനകൾ കൊണ്ട് സമൂഹത്തെ ഉന്മാദിയാക്കുന്ന സോഷ്യൽ മീഡിയ ഇപ്രാവശ്യം ബസ്സിലെ ഒരു യുവതിയുടെ നേർക്ക് നടന്ന ലൈംഗീകാതിക്രമമാണ് വീഡിയോയിൽ കുടുക്കി സമൂഹത്തെ മലീമസമാക്കിയത്. കേരളത്തിൽ ഒരു സ്ത്രീപീഡന സംഭവമറിഞ്ഞാൽ ബഹുഭൂരിപക്ഷം ആൺ-പെൺ ഞരമ്പ് രോഗികൾക്ക് പേറ്റുനോവനുഭവിക്കുന്ന സ്ത്രീയുടെ മനസാണ്. സോഷ്യൽ മീഡിയ ഗർഭിണിയുടെ വയറുകീറി സിസേറിയൻ പ്രസവവും നടത്തിക്കൊടുക്കും. മാലോകരുടെ ശ്രദ്ധ പിടിച്ചെടുക്കാനും വിചാരണ നടത്തി വിധിപറയാനും ശ്രമിക്കുന്നതിനിടയിൽ പാവം യുവാവ് മാനസിക മായി, മൃതപ്രായനായി മാറി ജീവനൊടുക്കേണ്ടി വന്നു.

കേരള നിയമസഭയിൽ ഇതിനപ്പുറം സ്ത്രീപീഡന ചൂഷണങ്ങളിൽ ബിരുദാനന്തരബിരുദവും ഡോക്ടറേറ്റുമുള്ളവർ എന്തെല്ലാം അപവാദങ്ങൾ കേട്ടു. അവരാരും ആത്മഹത്യയ്ക്ക് ശ്രമിച്ചില്ല. അതിക്രൂരമായ ഈ സോഷ്യൽ മീഡിയ കൊലപാതകം നടത്തിയത് യുവതി മാത്രമല്ല ഈ ദൃശ്യവിരുന്ന് മറ്റുള്ളവരിലേക്ക് എറിഞ്ഞു കൊടുത്ത കാമനും കാലനും ചങ്ങാതിമാരായി നടക്കുന്ന സ്ത്രീലമ്പടന്മാരാണ്. ചുട്ടകോഴിയെ പറപ്പിക്കുന്ന ഈ മനോരോഗികളെ നേരിടേണ്ടത് നിയമവാഴ്ചകളാണ്. കേരളത്തിൽ പെൺ കാര്യം വൻ കാര്യമായി കാണുമെങ്കിലും ആരും ശിക്ഷിക്കപ്പെടുന്നില്ല. സമൂഹത്തിൽ നടക്കുന്ന ജീർണതകൾ നമ്മുടെ സാഹിത്യ-സാംസ്കാ രിക നായകന്മാർ കണ്ണുചിമ്മി ഇരുട്ടാക്കുന്നതെന്താണ്?

സ്ത്രീകൾ നടത്തുന്ന വ്യാജ പീഡന പരാതികളിൽ എന്നും ഓർക്കുന്നത് നിരപരാധിയായ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെയാണ്. ഇങ്ങനെ അതിജീവിതമാരുണ്ടായാൽ കണ്ണിൽക്കണ്ടതൊക്കെ കക്ഷത്തിലാക്കാം. സോഷ്യൽ മീഡിയയിൽ അധിക്ഷേപ വെറുപ്പ് പ്രചരിപ്പിക്കുന്നത് അവരുടെ മനസ്സിൽ മൂടിക്കിടക്കുന്ന മനോരോഗമാണ്. നല്ല വായനയും അറിവുള്ള മനുഷ്യരിൽ ബോധമനസും അറിവില്ലാത്തവരിൽ അബോധമനസുമാണ് പ്രവർത്തിക്കുന്നത്. ബോധമനസ് പകലെങ്കിൽ അബോധമനസിൽ കുടികൊള്ളുന്നത് ഇരുട്ടാണ്. ബസിൽ യാത്ര ചെയ്യുമ്പോൾ സ്ത്രീപുരുഷന്മാർ മന:പൂർവ്വമല്ലാതെ അറിഞ്ഞോ അറിയാതെയോ സ്പർശിക്കാറുണ്ട്. എന്നാൽ മതഭ്രാന്തുപോലെ കാമഭ്രാന്തുള്ളവരും അവകാശപൂർവം സ്ത്രീകളോട് പറ്റിച്ചേർന്ന് ശല്യം ചെയ്യാറുണ്ട്. ഈ രസാഭാസങ്ങൾ വ്യക്തിത്വമുള്ള സ്ത്രീകൾ കർക്കശമായി നേരിടും. ആ




സൂക്കേട് അവരങ്ങ് മാറ്റിക്കൊടുക്കുന്നത് നാവുകൊണ്ട് മാത്രമല്ല കൈകൊണ്ടും ചെരിപ്പുകൊണ്ടുമാണ്.

പാശ്ചാത്യ രാജ്യങ്ങളിൽ ഇങ്ങനെയുള്ള സംഭവങ്ങൾ അധികം കേൾക്കാറില്ല. അഥവ ഉണ്ടെങ്കിൽ ആദ്യം അടി പിന്നീട് പോലീസിന് കൈമാറും. ഈ ബസ് യാത്രയിൽ വിവേകത്തേക്കാൾ കണ്ടത് അവിവേക വികാരമാണ്. ജനശ്രദ്ധ നേടാൻ മാദകഗന്ധം കാറ്റിൽ പരത്തി എന്നതാണ് വാസ്തവം. അടുത്തുനിന്ന യാത്രക്കാരോ ബസ് ജീവനക്കാരോ പോലീസോ ആരും ഇരയുടെ ശബ്ദം തിരിച്ചറിയുന്നില്ല. ആ വിഡിയോയിലും ഗൗരവമായി ഒന്നും കാണുന്നില്ല. അതൊക്കെ കോടതിയിൽ തെളിയിക്കപ്പെടട്ടെ. പൊതുവേ ഉത്തമയായ സ്ത്രീകൾ മാനവികതാബോധവും ഉൽകൃഷ്ട സ്വത്വത്തിനുടമകളുമാണ്. ഈ സ്ത്രീയുടെ അച്ഛൻ, സഹോദരങ്ങൾ അല്ലെങ്കിൽ ഭർത്താവ് ഇത്തരത്തിൽ അപമാനിക്കപ്പെട്ടാൽ നാറ്റം മാറികിട്ടുമോ?

സ്ത്രീയുടെ നേരെ കല്ലെറിയുന്നവർ ചിന്തിക്കേണ്ടത് ഓരോ ദിവസവും മനുഷ്യരുടെ തലച്ചോർ നേരിടുന്നത് ഓരോ വെല്ലുവിളികളാണ്. ഒരാൾ അപമാനം നേരിടുമ്പോൾ ആത്മഹത്യയാണോ പരിഹരമാർഗം? സ്വന്തം മാതാപിതാക്കളോടുപോലും സത്യം വെളിപ്പെടുത്താതെ ഈ സ്ത്രീക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കാതെ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നത് ഭീരുക്കളല്ലേ? മനസിന് മുറിവേൽക്കുമ്പോൾ ബുദ്ധിശൂന്യങ്ങളായ തീരുമാനങ്ങളോ പ്രതികരവാഞ്ചയുമല്ല വേണ്ടത്, അതിനെ അതിജീവിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുകയാണ് ബുദ്ധിയുള്ളവർ ചെയ്യുക. മരിക്കാൻ എളുപ്പവും ജീവിക്കാൻ പ്രയാസവുമാണ്. യുവാവിന്റെ ആത്മഹത്യയ്ക്ക് പ്രേരകശക്തിയായത് ഇതെന്ന് മുദ്രകുത്തുമ്പോൾ അതിന്റെ പേരിൽ സൈബർ ആക്രമണം നടത്തി ഈ സ്ത്രീയെ ആത്മഹത്യയിലേക്ക് തള്ളിവിടരുത്.

നിയമങ്ങളെ അധികാരമുള്ളവരും, സോഷ്യൽ മീഡിയ സദാചാര ഗുണ്ടകളും അവരുടെ ഇച്ഛക്കനുസരിച്ച് നടപ്പാക്കിയാൽ സമൂഹം കുറ്റവാളികളും, ദുർബലരും, അസ്വസ്ഥരുമാകുമെന്നത് മറക്കരുത്. മനുഷ്യമനസിൽ ജീവിച്ചിരിക്കുന്ന നരകതുല്യമായ മതഭ്രാന്ത്, കാമഭ്രാന്ത് സ്കൂൾ പഠനകാലം മുതൽ ചികിത്സിച്ചു സുഖപ്പെടുത്തേണ്ട മാനസിക രോഗങ്ങളാണ്. ഇത്തരത്തിൽ കയർവിട്ട കാളകളെപോലെ ആരെയും വിചാരണ നടത്തി മനുഷ്യരെ ആത്മഹത്യയിലേക്ക് നയിക്കുന്ന സോഷ്യൽ മീഡിയ ഗുണ്ടകളെ സൈബർ പോലീസ് എന്തുകൊണ്ട് അറസ്റ്റ് ചെയ്യുന്നില്ല? നിയമങ്ങൾ ദുർബലമാകുന്നതുകൊണ്ടല്ലേ കുറ്റവാളികൾ പെരുകുന്നത്?

എല്ലാം സ്ത്രീപുരുഷന്മാരും നല്ലവരല്ല. ഇന്ന് കൂടുതലും കാണുന്നത് സ്ത്രീ പീഡന വ്യാജപരാതികളാണ്. രാഷ്ട്രീയ പാർട്ടികളെങ്കിൽ ഗർഭംവരെ അവർ കണ്ടെത്തി തരും. ഇവരുടെ ഹൃദയത്തിൽ കുടികൊള്ളുന്ന കുടില സ്വാർത്ഥ താൽപര്യങ്ങൾ ഒരു ജനതയെ വഴിതെറ്റിക്കുന്നു. സോഷ്യൽ മീഡിയയിൽ ധാർമ്മിക മൂല്യങ്ങൾ എന്തെന്നറിയാത്ത, സ്വന്തം നിലനിൽപിനായി എന്തിനെയും വ്യാഖ്യാനിച്ച് അതിനനുസരിച്ച് അർത്ഥങ്ങൾ കണ്ടെത്തി എതിർപക്ഷത്തുള്ളവരെ അപകീർത്തിപ്പെടുത്തുന്ന, അപമാനിക്കുന്ന, വ്യക്തിഹത്യകൾ നടത്തി സ്വാർത്ഥ സാഫല്യത്തിനായി എണ്ണം കൂട്ടി കാശുണ്ടാക്കുന്നവർ സോഷ്യൽ മീഡിയയിൽ ധാരാളമുണ്ട്. അവർ എന്തും വാരിക്കോരി തരുമ്പോൾ മനസിനെ ആയുധമാക്കുകയാണ് വേണ്ടത്. അല്ലാതെ ഭയം, ഭീതി ഉള്ളിൽ വളർത്തരുത്. മനസ് മടുത്തവർ, മനസിൽ വൈകല്യമുള്ളവർ മുറിവ് തരുമ്പോൾ അതിനെ ചികിത്സിക്കാനുള്ള ധൈര്യമാണ് കാട്ടേണ്ടത്. ഈ കൂട്ടരെ കൂർമ്മബുദ്ധിയുള്ള മനഃശാസ്ത്രജ്ഞനും ചികിത്സിച്ചു സുഖപ്പെടുത്താനാകില്ല. ചെറുപ്പം മുതൽ കുട്ടികളിൽ വായനാശീലം വളർത്താത്തതും വാത്സല്യം, സ്നേഹം, കാരുണ്യം ലഭിക്കാത്ത കുടുംബങ്ങളിൽ നിന്നുള്ള കുട്ടികളാണ് ദുഃഖസാന്ദ്രമായ വിക്ഷുബ്ധതകൾ പ്രകാശിപ്പിക്കുന്നത്.

കാളവണ്ടിയുഗത്തിൽനിന്ന് യന്ത്രയുഗത്തിലെത്തിയ മലയാളിയുടെ ബസ് യാത്ര ഒരു ദുരിതയാത്രയായി ഇന്നും തുടരുന്നു. കെട്ടിഘോഷിക്കപ്പെടുന്ന പുരോഗമന വിശുദ്ധിയുടെ വിശാലതകൾക്കിടയിൽ നമ്മുടെ നാട്ടിലെ ഇടിഞ്ഞുപൊളിഞ്ഞ റോഡുകളും അതിലൂടെ സഞ്ചരിക്കുന്ന മനുഷ്യരുടെ അവസ്ഥ ഏറെ താഴോട്ടുപോയാൽ കല്ലും ചവിട്ടും എന്ന രീതിയിലാണ്. പാശ്ചാത്യ രാജ്യങ്ങളിൽ ഒരു സഞ്ചാരി സുഗമമായി യാതൊരു അല്ലലുമില്ലാതെ ബസിൽ യാത്രചെയ്യുമ്പോൾ നമ്മുടെ കേരളത്തിൽ ബസിന്റെ ഭൗതികാവസ്ഥ കണ്ടാൽ പുച്ഛം തോന്നും. ഒരു വിദേശസഞ്ചാരി കേരളത്തിലെ ബസിൽ യാത്ര ചെയ്യുമോ? പൂപ്പലും പായലുംപോലെ ബസുകൾ വൃത്തിഹീനങ്ങളാണ്. പേരിൽ ടൂറിസം വളരുകയാണ്. ഒരു യാത്രികന് ബസിൽ ഇരുന്ന് സഞ്ചരിക്കാൻ സാധിക്കുന്നില്ല.

റോഡിൽ ബസുകൾ മത്സരയോട്ടമാണ്. യാത്രക്കാരുടെ ഹൃദയമിടിപ്പുകൾ കൂട്ടുന്നു. നിത്യവും എത്രയോ അപകടങ്ങൾ. ഇന്ന് കണ്ടത് ഒരു സ്ത്രീ ബസിൽ നിന്ന് ഇറങ്ങുമ്പോൾ ബസ് മുന്നോട്ടു പോയി. ആ സ്ത്രീ റോഡിൽ മലർന്നടിച്ചുവീണ് ആശുപത്രിയിലായി. ഇത്ര അച്ചടക്ക അനുസരണയില്ലാത്ത നിയമങ്ങൾ കാറ്റിൽ പറത്തുന്ന ഡ്രൈവർമാർ കേരളത്തിൽ കൂടുന്നു. അവർക്ക് തുണയായി രാഷ്ട്രീയ പാർട്ടികളുണ്ട്. ഗർഭിണികൾ എങ്ങനെ ബസിൽ യാത്ര ചെയ്യും? ആരാണ് ഇതിനൊക്കെ ഉത്തരവാദികൾ?ട്രാൻസ്പോർട്ട് വകുപ്പ്. ഈ വെള്ളാനകളെ തീറ്റിപോറ്റാതെ പിരിച്ചുവിടുക. ബസുകളിൽ നിയമങ്ങൾ പരിപാലിക്കുക. മനുഷ്യർക്ക് ബസിൽ ഇരുന്ന് സഞ്ചരിക്കാനുള്ള അവസരമൊരുക്കേണ്ടത് സമർത്ഥരായ ഭരണാധികാരികളാണ്. നമ്മുടെ സ്വപ്നസങ്കേതങ്ങളിൽ എന്നെങ്കിലും ബസിനെ ആ പദവിയിലേക്കുയർത്തുമോ?

## യുപിഐ പേമെന്റുകൾ വേഗത്തിലാക്കാൻ എൻബിഎസ്എൽ– കാനറ ബാങ്ക് സഹകരണം

തിരുവനന്തപുരം: കാനറ ബാങ്കിന്റെ പേമെന്റ് ആപ്ലിക്കേഷനായ കാനറ എഐ1പിഇയിൽ യുപിഐ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ പേമെന്റുകൾ പ്രാപ്തമാക്കുന്നതിന് എൻപിസിഐ ഭീം സർവീസസ് ലിമിറ്റഡ് (എൻബിഎസ്എൽ) കാനറ ബാങ്കുമായി ധാരണയിലെത്തി.

ഇത് കാനറ ബാങ്ക് ഉപഭോക്താക്കൾക്കും ഉപഭോക്താക്കൾ അല്ലാത്തവർക്കും കൂടുതൽ സുരക്ഷിതമായ പണമിടപാടുകൾ സാധ്യമാക്കുമെന്ന് എൻബിഎസ്എൽ അറിയിച്ചു.

വിശ്വസസ്തവും നവീനവുമായ സാങ്കേതികവിദ്യയിലൂടെ യുപിഐ സേവനങ്ങളുടെ വിതരണം ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്ക് പുതിയ സഹകരണം വഴിവയ്ക്കുമെന്ന് എൻബിഎസ്എൽ എംഡിയും സിഇഒയുമായ ലളിത നടരാജ് പറഞ്ഞു.

## അറ്റാദായം 5,100 കോടി കടന്ന് പഞ്ചാബ് നാഷണൽ ബാങ്ക്

കൊച്ചി: പ്രമുഖ പൊതുമേഖലാ ബാങ്കായ പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) കഴിഞ്ഞ ഡിസംബറിൽ അവസാനിച്ച മൂന്നാംപാദത്തിൽ 5,100 കോടി രൂപ അറ്റാദായം നേടി.

മുൻവർഷത്തെ ഇതേ കാലയളവിലെ 4,508 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ, ബാങ്കിന്റെ ലാഭത്തിൽ 13.1 ശതമാനം വർധനയുണ്ട്.

ബാങ്കിന്റെ പ്രവർത്തന ലാഭം 13 ശതമാനം വർധിച്ച് 7,481 കോടി രൂപയായി ഉയർന്നു. മൊത്തം കിട്ടാക്കടം 4.09 ശതമാനത്തിൽനിന്ന് 3.19 ശതമാനമായും അറ്റ കിട്ടാക്കടം 0.32 ശതമാനമായും കുറഞ്ഞു.

ബാങ്കിന്റെ ആഗോള ബിസിനസ് 9.5 ശതമാനം വർധിച്ച് 28.92 ലക്ഷം കോടി രൂപയിലെത്തി. ആഗോള നിക്ഷേപം 16.6 ലക്ഷം കോടി രൂപയായും വായ്പകൾ 12.31 ലക്ഷം കോടി രൂപയായും ഉയർന്നു.

## യെസ് ബാങ്കിന് 55.4 ശതമാനം അറ്റാദായ വർധന

കൊച്ചി: നടപ്പു സാമ്പത്തിക വർഷത്തിന്റെ മൂന്നാംത്രൈമാസത്തിൽ യെസ് ബാങ്കിന്റെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 55.4 ശതമാനവും ത്രൈമാസാടിസ്ഥാനത്തിൽ 45.4 ശതമാനവും വർധിച്ച് 952 കോടി രൂപയിലെത്തി. ത്രൈമാസത്തിലെ പ്രവർത്തന ലാഭം വാർഷികാടിസ്ഥാനത്തിൽ 28.7 ശതമാനം വർധിച്ച് 1,389 കോടി രൂപയിലും എത്തിയിട്ടുണ്ട്.

ബാങ്കിന്റെ അറ്റ പലിശ വരുമാനം വാർഷികാടിസ്ഥാനത്തിൽ 10.9 ശതമാനം വർധനയോടെ 2,466 കോടി രൂപയിലെത്തി. തുടർച്ചയായ ആറാം ത്രൈമാസത്തിലും ചെലവും വരുമാനവുമായുള്ള അനുപാതം കുറച്ച് 66.1 ശതമാനം എന്ന നിലയിൽ എത്തിച്ചിട്ടുണ്ട്.

ബാങ്കിന്റെ നിക്ഷേപങ്ങൾ 5.5 ശതമാനം വാർഷിക വർധനവോടെ 2,92,524 കോടി രൂപയിലെത്തി. കാസ അനുപാതം 34 ശതമാനമെന്ന നിലയിലേക്കും ഉയർന്നു. അറ്റ വായ്പകൾ 5.2 ശതമാനം വാർഷിക വർധനയോടെ 2,57,451 കോടി രൂപയിലുമെത്തി.

## ബർജീൽ ജിയോജിത്തിന്റെ ആദ്യപദ്ധതിക്ക് തുടക്കം

കൊച്ചി: യുഎഇയിൽ മ്യൂച്ചൽ ഫണ്ട് ലൈസൻസ് ലഭിച്ച ജിയോജിത്തിന്റെ സംയുക്തസംരംഭമായ ബർജീൽ ജിയോജിത് ആദ്യ പദ്ധതിയായ ഇന്ത്യ ഓപ്പർച്യൂണിറ്റീസ് ഫണ്ടിന് (എൻഎഫ്ഒ) തുടക്കമിട്ടു.


പ്രാദേശികവുംആഗോളവുമായ വിപണികളെ ഉൾപ്പെടുത്തി ബർജീൽ ജിയോജിത് അവതരിപ്പിക്കുന്ന ഫണ്ടുകളിലെ ആദ്യത്തേതാണിത്.

യുഎഇ നിയമങ്ങളനുസരിച്ചുള്ള ഒരു അംബ്രല്ല ഫണ്ടാണ് ഇന്ത്യ ഓപ്പർച്യൂണിറ്റിസ് ഫണ്ട്.

ഇന്ത്യയിലെ വിവിധ വ്യാവസായിക, സേവന മേഖലകളിലെ പത്തു സബ് ഫണ്ടുകളായിട്ടാണ് പ്രവാസികൾക്കും വിദേശികൾക്കും നിക്ഷേപിക്കാവുന്ന രീതിയിൽ ഇന്ത്യ ഓപ്പർച്യൂണിറ്റീസ് ഫണ്ട് ഒരുക്കിയിരിക്കുന്നത്.

പുതിയ ഫണ്ട് ഫെബ്രുവരി 13 വരെ സബ്സ്ക്രിപ്ഷനായി ലഭ്യമാണ്. യുഎസ് ഡോളർ അടിസ്ഥാനമാക്കിയുള്ള ഈ ഫണ്ടിൽ കുറഞ്ഞത് 5,000 യുഎസ് ഡോളർ നിക്ഷേപിക്കണമെന്ന് അധികൃതർ അറിയിച്ചു.

## പുതിയ ചേതക് സി 25 ഇലക്ട്രിക് സ്കൂട്ടർ വിപണിയിൽ



കൊച്ചി: പ്രമുഖ ഇരുചക്ര വാഹന നിർമാതാക്കളായ ബജാജ് ഓട്ടോ ലിമിറ്റഡ് ചേതക് പോർട്ട്&ഫോളിയോയിലെ പുത്തൻ ചേതക് സി25 ഇലക്ട്രിക് സ്കൂട്ടർ പുറത്തിറക്കി.

91,399 രൂപ വിലയുള്ള പുതിയ ചേതക് സി 25 സ്ട്രീറ്റ് ആർട്ട് ഗ്രാഫിക്സോടുകൂടിയ ആറ് വൈബ്രന്റ് നിറങ്ങളിൽ രാജ്യത്തുടനീളമുള്ള എല്ലാ ചേതക് സ്റ്റോറുകളിലും ലഭിക്കും.

2.5 കിലോവാട്ട് ബാറ്ററി പവർ, 113 കിലോമീറ്റർ വരെയുള്ള റേഞ്ച്, മണിക്കൂറിൽ 55 കിലോമീറ്റർ പരമാവധി വേഗത, 2.25 മണിക്കൂറിനുള്ളിൽ 80 ശതമാനം ചാർജിംഗ്, 25 ലിറ്റർ ബൂട്ട് സ്പേസ്, ഹിൽ ഹോൾഡ് അസിസ്റ്റ്, ഗൈഡ് മി ഹോം, ഡിസ്ക് ബ്രേക്കുകൾ തുടങ്ങിയ പ്രീമിയം ഫീച്ചറുകൾ അടങ്ങിയതാണ് പുതിയ ചേതക്.

## ഹൈക്കോർട്ട് വാട്ടർ മെട്രോ ടെർമിനലിൽ അശ്വമേധം ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു

കൊച്ചി: ഹൈക്കോർട്ട് വാട്ടർ മെട്രോ ടെർമിനലിൽ അശ്വമേധം ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. അശ്വമേധം 7.0 കുഷ്ഠരോഗ നിർണയ ഭവന സന്ദർശന പരിപാടിയുടെ ഭാഗമായി ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിലാണ് ബോധവൽക്കരണ പരിപാടി നടത്തിയത്.

പരിപാടിയിൽ എറണാകുളം സെന്റ് തെരേസാസ് കോളേജ് എൻഎസ്എസ് യൂണിറ്റിലെ വിദ്യാർത്ഥിനികളും പങ്കാളികളായി.

ആരോഗ്യ സന്ദേശങ്ങൾ ആസ്വാദ്യകരമായ രീതിയിൽ ജനങ്ങളിലേക്ക് എത്തിക്കാനായി പ്രശസ്ത കലാകാരൻ വിനോദ് നരനാട്ട് അവതരിപ്പിച്ച കിറ്റി ഷോ ശ്രദ്ധേയമായി. പരിപാടിയുടെ ഭാഗമായി ബോവധവൽക്കരണ ക്ലാസ്, പോസ്റ്റർ പ്രദർശനം, സ്പോട്ട് ക്വിസ് എന്നിവയും നടന്നു

എഡ്യൂക്കേഷൻ മീഡിയ ഓഫീസർമാരായ ജി.രജനി, കെ.പി.ജോബി, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ തുടങ്ങിയവർ പരിപാടിയുടെ ഭാഗമായി.

## രാജ്യവ്യാപക കാംപെയിനുമായി എൽജി ഇലക്ട്രോണിക്സ്

കൊച്ചി: ഇന്ത്യയിലെ മുൻനിര ഉപഭോക്തൃ ഇലക്ട്രോണിക്സ് ബ്രാൻഡായ എൽജി ഇലക്ട്രോണിക്സ് ഇന്ത്യ ലിമിറ്റഡ് (എൽജിഇഐഎൽ) രാജ്യവ്യാപകമായി ഒരു സംയോജിത ഉപഭോക്തൃ കാമ്പെയ്ൻ പ്രഖ്യാപിച്ചു.

'എൽജിയെ ഇന്ത്യയിലെ ഏറ്റവും വിശ്വസനീയമായ ബ്രാൻഡാക്കിയതിന് ഇന്ത്യയ്ക്ക് നന്ദി' എന്ന പേരിലാണ് കാമ്പെയ്ൻ. പ്രാരംഭ പബ്ലിക് ഓഫറിംഗ് (ഐപിഒ) ആഘോഷിക്കുന്ന ഈ കാമ്പെയ്ൻ, ഇന്ത്യൻ ഉപഭോക്താക്കളുടെ തുടർച്ചയായ വിശ്വാസവും പിന്തുണയും അംഗീകരിക്കുന്നതിനൊപ്പം കമ്പനിയുടെ യാത്രയിലെ ഒരു പ്രധാന നാഴികക്കല്ലാണ്.

ഒരു മാസം നീണ്ടുനിൽക്കുന്ന കാമ്പയ്ൻ നാഷണൽ ട്രേഡ്, മോഡേൺ ട്രേഡ്, ഓൺലൈൻ ബ്രാൻഡ് സ്റ്റോറുകൾ എന്നിവയുൾപ്പെടെ എല്ലാ പ്രധാന ചാനലുകളിലൂടെയും ഇന്ത്യയിലുടനീളം ലഭ്യമാകും. റിപ്പബ്ലിക് ദിനത്തിന്റെ പ്രധാന ദേശീയ അവസരത്തോട് അനുബന്ധിച്ചാണ് ഇത്.

ഈ സംരംഭത്തിനുകീഴിൽ, LGEIL, OLED, QNED, UHD ടെലിവിഷനുകൾ പോലുള്ള തിരഞ്ഞെടുത്ത ഹോം എന്റർടൈൻമെന്റ് ഉൽപ്പന്നങ്ങളും Xboom വകഭേദങ്ങൾ ഉൾപ്പെടെയുള്ള തിരഞ്ഞെടുത്ത സൗണ്ട്ബാറുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിഷ്യേറ്റീവ് ഫ്രെയിംവർക്കിന് അനുസൃതമായി, വലിയ സ്ക്രീൻ ഫോർമാറ്റുകൾ ഉൾപ്പെടെയുള്ള യോഗ്യതയുള്ള ടെലിവിഷൻ, ഓഡിയോ മോഡലുകൾക്ക് നിർവചിക്കപ്പെട്ട ഉപഭോക്തൃ ആനുകൂല്യങ്ങളും ധനകാര്യ ഓപ്ഷനുകളും ബാധകമാണ്.

തിരഞ്ഞെടുത്ത ഫ്രോസ്റ്റ്-ഫ്രീ, സൈഡ്-ബൈ-സൈഡ് റഫ്രിജറേറ്ററുകൾ, ഫ്രണ്ട് ലോഡ്, ടോപ്പ് ലോഡ് വാഷിംഗ് മെഷീനുകൾ, മൈക്രോവേവ് ഓവനുകൾ, വാട്ടർ പ്യൂരിഫയറുകൾ, ഡിഷ്വാഷറുകൾ, തിരഞ്ഞെടുത്ത സ്പ്ലിറ്റ്, വിൻഡോ എയർ കണ്ടീഷണറുകൾ എന്നിവ ഉൾപ്പെടുന്ന വിശാലമായ ഹോം സൊല്യൂഷനുകളിലേക്കും ഈ സംരംഭം വ്യാപിക്കുന്നു. നിർവചിക്കപ്പെട്ട നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, ഈ വിഭാഗങ്ങളിലുടനീളം യോഗ്യമായ മോഡലുകളിൽ ഉപഭോക്തൃ ആനുകൂല്യങ്ങളും ധനകാര്യവുമായി ബന്ധപ്പെട്ട ഓപ്ഷനുകളും ബാധകമാണ്

ഇതിനു പുറമെ, തിരഞ്ഞെടുത്ത മോഡലുകളുടെ വില ക്രമീകരണം, ജിഎസ്ടി-ലിങ്ക്ഡ് ആനുകൂല്യങ്ങൾ, സ്ക്രാച്ച് & വിൻ റിവാർഡുകൾ, ഇഎംഐ, ക്യാഷ്ബാക്ക് സ്കീമുകൾ ഉൾപ്പെടെയുള്ള ധനകാര്യ ഓപ്ഷനുകൾ തുടങ്ങിയ ഘടനാപരമായ ആനുകൂല്യങ്ങളും ഈ സംരംഭത്തിൽ ഉൾപ്പെടുന്നു, എല്ലാം ബാധകമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമാണ്.

എൽജി ഇലക്ട്രോണിക്സ് ഇന്ത്യ ലിമിറ്റഡിന്റെ ചീഫ് സെയിൽസ് & മാർക്കറ്റിംഗ് ഓഫീസർ സഞ്ജയ് ചിത്കര-കോ ചീഫ് സെയിൽസ് & മാർക്കറ്റിംഗ് ഓഫീസർ പറഞ്ഞു, 'വർഷങ്ങളായി ഇന്ത്യൻ ഉപഭോക്താക്കൾ എൽജിയിൽ അർപ്പിച്ച വിശ്വാസത്തോടുള്ള ഞങ്ങളുടെ ആഴമായ വിലമതിപ്പിന്റെ പ്രതിഫലനമാണ് 'താങ്ക് യു ഇന്ത്യ' സംരംഭം. ഞങ്ങളുടെ ഐപിഒയുടെ നാഴികക്കല്ല് കൈവരിക്കുന്നത് ഞങ്ങളുടെ യാത്രയിലെ ഒരു നിർണായക നിമിഷമാണ്, കൂടാതെ ഇന്ത്യയിലെ ഞങ്ങളുടെ വളർച്ചയും സാന്നിധ്യവും രൂപപ്പെടുത്തുന്നതിൽ ഉപഭോക്താക്കൾ വഹിച്ച പങ്ക് അംഗീകരിക്കാൻ ഈ സംരംഭം അനുവദിക്കുന്നു.

2026 ജനുവരിയിലെ ഉപഭോക്തൃ കാമ്പെയ്ൻ, നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി, തിരഞ്ഞെടുത്ത മോഡലുകളിലും ചാനലുകളിലും പരിമിതമായ കാലയളവിലേക്ക് മാത്രമേ ബാധകമാകൂ. കൂടുതൽ വിവരങ്ങൾക്ക് അംഗീകൃത എൽജി റീട്ടെയിലർമാരുമായോ എൽജി ഇന്ത്യയുടെ ഔദ്യോഗിക വെബ്സൈറ്റുമായോ പരിശോധിക്കാൻ ഉപഭോക്താക്കൾക്ക് നിർദ്ദേശമുണ്ട്.

## സൗത്ത് ഇന്ത്യൻ ബാങ്കിന് 374 കോടിയുടെ റിക്കാർഡ് അറ്റാദായം



പി.ആർ.ശേഷാദ്രി
എംഡി ആന്റ് സിഇഒ
സൗത്ത് ഇന്ത്യൻ ബാങ്ക്

കൊച്ചി: സൗത്ത് ഇന്ത്യൻ ബാങ്ക് 2025–26 സാമ്പത്തികവർഷത്തിലെ മൂന്നാം പാദത്തിൽ 374.32 കോടി രൂപ അറ്റാദായം നേടി. ബാങ്ക് ഇതുവരെ നേടിയതിൽ ഏറ്റവും ഉയർന്ന അറ്റാദായമാണിത്.

2024–2025 വർഷത്തിലെ മൂന്നാംപാദത്തിലെ അറ്റാദായമായ 341.87 കോടി രൂപയേക്കാൾ ഒൻപതു ശതമാനം വർധനയാണ് ഇത്തവണ നേടിയത്. ഈ സാമ്പത്തികവർഷത്തിൽ ഡിസംബറിൽ അവസാനിച്ച ആദ്യ ഒൻപതുമാസത്തെ അറ്റാദായം ഒൻപതു ശതമാനം വർധിച്ച് 1047.64 കോടി രൂപയായി. മുൻ സാമ്പത്തികവർഷത്തിൽ ഇതേ കാലയളവിൽ 960.69 കോടിയായിരുന്നു. മൂന്നാംപാദത്തിൽ പ്രവർത്തനലാഭം 10 ശതമാനം വർധിച്ച് 584.33 കോടിയായി. മുൻ സാമ്പത്തികവർഷത്തെ മൂന്നാംപാദത്തിൽ 528.84 കോടിയായിരുന്നു പ്രവർത്തനലാഭം.

ബാങ്കിന്റെ ആകെ നിഷ്ക്രിയ ആസ്തി കഴിഞ്ഞവർഷത്തെ 4.30ൽനിന്ന് 2.67 ശതമാനമായി കുറഞ്ഞു. അറ്റ നിഷ്ക്രിയ ആസ്തി 1.25 ശതമാനത്തിൽനിന്ന് 0.45 ആയും കുറഞ്ഞിട്ടുണ്ട്. പലിശയിതരവരുമാനം മുൻവർഷത്തെ 409.22 കോടിയിൽനിന്ന് 485.93 കോടിയായി. 19 ശതമാനം വളർച്ച.

എഴുതിത്തള്ളിയത് ഉൾപ്പെടാതെ കിട്ടാക്കടങ്ങളുടെ നീക്കിയിരുപ്പ് അനുപാതം (പിസിആർ) മുൻവർഷത്തെ 71.73 ശതമാനത്തിൽനിന്ന് 83.5 ആയി. എഴുതിത്തള്ളിയതുൾപ്പെടെയുള്ള പിസിആർ 81.07 ശതമാനത്തിൽനിന്ന് 91.57 ആയി ഉയർന്നു. ആസ്തിയിന്മേലുള്ള വരുമാനം ഒരു ശതമാനമായി തുടരുന്നു.

സ്ലിപ്പേജ് അനുപാതം 0.33 ശതമാനത്തിൽനിന്ന് 17 പോയിന്റുകൾ കുറച്ച് 0.16 ശതമാനമായി. റീട്ടെയിൽ നിക്ഷേപങ്ങൾ 1,02,421 കോടിയിൽനിന്ന് 1,15,563 കോടിയായി. പ്രവാസിനിക്ഷേപം 31,132 കോടിയിൽനിന്ന് 33,965 കോടിയായി വളർന്നു. കറന്റ് അക്കൗണ്ട് സേവിംഗ്സ് അക്കൗണ്ട് നിക്ഷേപത്തിൽ (കാസ) മുൻവർഷത്തെക്കാൾ 15 ശതമാനം വളർച്ച നേടി. സേവിംഗ്സ് ബാങ്ക് നിക്ഷേപത്തിൽ 14 ശതമാനവും കറന്റ് അക്കൗണ്ടിൽ 20 ശതമാനവും വർധനയുണ്ടായി.

മൊത്തം വായ്പകൾ 86,966 കോടിയിൽനിന്ന് 9798 കോടിയുടെ വളർച്ചയുമായി 96,764 കോടിയായി. മുൻവർഷത്തെ അപേക്ഷിച്ച് 11 ശതമാനം വളർച്ച. കോർപറേറ്റ് രംഗത്തെ വായ്പകൾ മുൻവർഷത്തെ 34,956 കോടിയിൽനിന്ന് 38,353 കോടി രൂപയായി. 10 ശതമാനം വളർച്ച. ഇതിൽ എ ഗ്രേഡും അതിനു മുകളിലും റേറ്റിംഗുള്ള മികച്ച കോർപറേറ്റ് വായ്പകൾ 3,560 കോടിയുടെ വർധനയുമായി 24,628 കോടിയായി. മോർട്ട്ഗേജ് ലോൺ ഉൾപ്പെടെ ബിസിനസ് രംഗത്തെ വായ്പകൾ 12 ശതമാനം വളർച്ച രേഖപ്പെടുത്തി. മുൻവർഷം 16,546 കോടി രൂപയായിരുന്ന ബിസിനസ് വായ്പ 18,553 കോടിയായി.

സ്വർണവായ്പയിൽ മുൻവർഷത്തെക്കാൾ 26 ശതമാനം വളർച്ച കൈവരിച്ചു. മുൻവർഷം 16,966 കോടിയായിരുന്ന സ്വർണവായ്പ 4,337 കോടി വർധിച്ച് 21,303 കോടിയായി. വാഹനവായ്പയിൽ 24 ശതമാനമാണ് വളർച്ച. മുൻവർഷത്തെ 1938 കോടിയിൽ നിന്ന് 2,393 കോടിയായി വാഹനവായ്പ ഉയർന്നു.

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മികച്ച തന്ത്രങ്ങൾ ശക്തമായ ബിസിനസ് പ്രകടനത്തിന് അടിത്തറയായെന്ന് എംഡിയും സിഇഒയുമായ പി.ആർ.ശേഷാദ്രി പറഞ്ഞു. ബാങ്കിന്റെ പൂർണ ഉടമസ്ഥതയിലുള്ള എസ്ഐബി ഒഎസ്എയുടെ സാമ്പത്തിക ഫലങ്ങൾകൂടി ഉൾപ്പെട്ടതാണ് ബാങ്കിന്റെ ഈ സാമ്പത്തികഫലങ്ങളെന്നും അദ്ദേഹം പറഞ്ഞു.

## തിയറി സബാഗ് നിസാൻ ഇന്ത്യ പ്രസിഡന്റ്



കൊച്ചി: തിയറി സബാഗിനെ നിസാനൻ ഇന്ത്യയുടെ പ്രസിഡന്റായി നിയമിച്ചു. നിലവിൽ മിഡിൽ ഈസ്റ്റ്, കെഎസ്എ, സിഎഎസ് പ്രദേശങ്ങളുടെ ഡിവിഷണൽ വൈസ് പ്രസിഡന്റാണ്.

ഈവർഷം പുതിയ മൂന്നു വാഹനങ്ങൾ പുറത്തിറക്കുന്നതിന് മുന്നോടിയായി പുനരുദ്ധാരണ പദ്ധതി ശക്തിപ്പെടുത്താനും പ്രവർത്തനമികവ്, ഉപഭോക്തൃ ശ്രദ്ധ എന്നിവ മെച്ചപ്പെടുത്തുകയുമാണ് നിയമനത്തിന്റെ ലക്ഷ്യമെന്ന് അധികൃതർ അറിയിച്ചു.

## ഉയർന്ന പ്രവർത്തന ലാഭത്തിൽ ഫെഡറൽ ബാങ്ക്



കെ.വി.എസ്.മണിയൻ
എംഡി ആന്റ് സിഇഒ
ഫെഡറൽ ബാങ്ക്

കൊച്ചി: 2025 ഡിസംബർ 31 ന് അവസാനിച്ച സാമ്പത്തിക വർഷത്തെ മൂന്നാം പാദത്തിൽ ഫെഡറൽ ബാങ്കിന്റെ മൊത്തം ബിസിനസ് 553364.49 കോടി രൂപയായി ഉയർന്നു. 1729.33 കോടി രൂപയാണ് പ്രവർത്തന ലാഭം. ചരിത്രത്തിലെ ഏറ്റവുമുയർന്ന ത്രൈമാസിക പ്രവർത്തന ലാഭമാണിത്. 1041.21 കോടി രൂപയാണ് അറ്റാദായം.

ബാങ്കിന്റെ അടിസ്ഥാന സമവാക്യങ്ങൾ തുടർന്നും ശക്തിപ്പെടുന്നു എന്നതിന്റെ സൂചകമാണ് മൂന്നാംപാദ ഫലങ്ങൾ. കഴിഞ്ഞ ചില പാദങ്ങളായി ഞങ്ങൾ പാലിച്ച അച്ചടക്കത്തിന്റെയും ശ്രദ്ധാപൂർവ്വമായ നിർവഹണത്തിന്റെയും നേർഫലങ്ങളാണ് മാർജിനുകളുടെ മെച്ചപ്പെടൽ, ഫണ്ടിംഗ് ചെലവിൽ വന്ന കുറവ്, ആസ്തി ഗുണനിലവാരത്തിലെ സ്ഥിരത എന്നിവ–ബാങ്കിന്റെ എംഡിയും സിഇഒയുമായ കെ.വി.എസ്. മണിയൻ പറഞ്ഞു.

ശക്തമായ നിക്ഷേപ ഉത്പന്നങ്ങളും, മികച്ച റിസ്ക്-അഡ്ജസ്റ്റഡ് റിട്ടൺ നൽകുന്ന സെഗ്മെന്റുകളിലേക്ക് ആസ്തി പുനർവിന്യസിക്കുന്നതും വളരെ ഗുണകരമായെന്ന് ബോധ്യമായി. അതേ സമയം, ചെലവ് ചെയ്യുന്നതിലുള്ള അച്ചടക്കവും വിവേകപൂർവമായ റിസ്ക് മാനേജ്മെന്റും തങ്ങളുടെ പ്രവർത്തനത്തിന്റെ ആധാരശിലയായി തുടരുന്നു.

മത്സരസാഹചര്യത്തിലും തലക്കെട്ടിൽ ഇടംപിടിക്കുന്ന വളർച്ചയ്ക്കല്ല, മറിച്ച് സ്ഥിരവും ഗുണപരവുമായ വരുമാനത്തിനാണ് ഞങ്ങൾ ഊന്നൽ കൊടുക്കുന്നത്. സ്ഥിരതയാർന്ന പ്രകടനം കാഴ്ചവെക്കാൻ ഈ സമീപനം ബാങ്കിനെ സഹായിക്കുമെന്ന് വിശ്വസിക്കുന്നു–അദ്ദേഹം കൂട്ടിച്ചേർത്തു.

ബാങ്കിന്റെ മൊത്തം ബിസിനസ് വാർഷികാടിസ്ഥാനത്തിൽ 11.40 ശതമാനം വർധിച്ച് 553364.49 കോടി രൂപയിലെത്തി. മുൻവർഷം ഇതേ പാദത്തിൽ 266375.43 കോടി രൂപയായിരുന്ന നിക്ഷേപം 11.80 ശതമാനം വർദ്ധനയോടെ 297795.82 കോടി രൂപയായി. ആകെ നിക്ഷേപത്തിന്റെ 32.07 ശതമാനം ആണ് കാസ.

വായ്പാ വിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ 255568.67 കോടി രൂപയായി വർധിച്ചു. 10.94 ശതമാനമാണ് വാർഷികാടിസ്ഥാനത്തിലുള്ള വളർച്ചാനിരക്ക്. അറ്റ പലിശ മാർജിൻ 3.18 ശതമാനമായി വർധിച്ചു

ചരിത്രത്തിലെ ഏറ്റവുമുയർന്ന അറ്റപലിശവരുമാനമാണ് ബാങ്ക് കൈവരിച്ചത്. വാർഷികാടിസ്ഥാനത്തിൽ 9.11 ശതമാനം വർധനയോടെ അറ്റ പലിശവരുമാനം 2652.73 കോടി രൂപയിലെത്തി. ഫീ വരുമാനവും ചരിത്രത്തിലെ ഏറ്റവുമുയർന്നതാണ്. 18.57 ശതമാനം വർദ്ധനയോടെ 896.47 കോടി രൂപയായി. 4446.86 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 1.72 ശതമാനമാണിത്. അറ്റനിഷ്ക്രിയ ആസ്തി 1068.04 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.42 ശതമാനമാണിത്. 75.14 ശതമാനമാണ് നീക്കിയിരുപ്പ് അനുപാതം.

ഓഹരിയൊന്നിന് 30.45 രൂപ പ്രകാരം 3.20 കോടി ഓഹരികൾ വാങ്ങിയതിലൂടെ ഏജീസ് ഫെഡറൽ ഇൻഷുറൻസ് കമ്പനിയിലെ ബാങ്കിന്റെ ഓഹരിപങ്കാളിത്തം 26 ശതമാനത്തിൽ നിന്ന് 30 ശതമാനം ആയി വർധിച്ചു.

ബാങ്കിന്റെ വളർച്ചയിൽ ഒരു നാഴികക്കല്ലാണ് അമേരിക്കൻ നിക്ഷേപസ്ഥാപനമായ ബ്ലാക്ക്സ്റ്റോൺ ഓഹരിപങ്കാളിത്തത്തിന് തീരുമാനിച്ചത്. പങ്കാളിത്തത്തിന് ഡയറക്ടർ ബോർഡിന്റെയും ഓഹരിയുടമകളുടെയും കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെയും മറ്റും അനുമതി ലഭിച്ചു എന്നത് ബാങ്കിന്റെ നിർവഹണത്തിലും ദീർഘകാല ലക്ഷ്യങ്ങളിലും സുസ്ഥിരമായ പ്രവർത്തത്തിലും മറ്റുമുള്ള ആത്മവിശ്വാസത്തിനു നിദർശനമാണ്.

## സിയാൽ ഇന്റർനാഷണൽ കാർഗോ ബിസിനസ് സമ്മിറ്റ് 31 മുതൽ

നെടുമ്പാശേരി: കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) ഫിക്കിയുമായി സഹകരിച്ച് രാജ്യാന്തര കാർഗോ ബിസിനസ് സമ്മിറ്റ് സംഘടിപ്പിക്കുന്നു. സിയാലിനെ ആഗോള എയർ കാർഗോ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്.

31, ഫെബ്രുവരി ഒന്ന് തീയതികളിൽ സിയാൽ കൺവൻഷൻ സെന്ററിൽ നടക്കുന്ന സമ്മിറ്റിൽ വാണിജ്യ കൂടിക്കാഴ്ചകൾ, എക്സിബിഷൻ, പാനൽ ചർച്ചകൾ എന്നിവ നടക്കും.

31ന് രാവിലെ 9.30ന് സമ്മിറ്റിന് തുടക്കമാകും. തുടർന്ന് വിവിധ വിഷയങ്ങളിൽ പാനൽ ചർച്ചകൾ.

ഫെബ്രുവരി ഒന്നിന് രാവിലെ 11.30ന് നടക്കുന്ന പ്ലീനറി സെഷൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സിയാൽ എംഡി എസ്.സുഹാസ്, മന്ത്രി പി.രാജീവ് എന്നിവർ പങ്കെടുക്കും. കാർഗോരംഗത്തെ മികച്ച കമ്പനികളെ ചടങ്ങിൽ പുരസ്കാരം നൽകി ആദരിക്കും.

എയർലൈൻസ്, ഫ്രെയ്റ്റ് ഫോർവേഡേഴ്സ്, കസ്റ്റംസ് ബ്രോക്കേഴ്സ്, കയറ്റുമതി, ഇറക്കുമതി, കാർഗോ ഓട്ടമേഷൻ സപ്ലയർമാർ, ലോജിസ്റ്റിക്സ് സ്കിൽ ഡെവലപ്മെന്റ് സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ മേഖലകളിൽനിന്നുള്ള 54 എക്സിബിഷൻ സ്റ്റാളുകളുമുണ്ടാകും.

## ആഗോള വിദ്യാഭ്യാസ മേഖലയിലെ വെല്ലുവിളികളെ നേരിടാൻ കർമ്മപദ്ധതികളുമായി സാൽവെ മരിയ ഇന്റർനാഷണൽ



ബോബി സെബാസ്റ്റ്യൻ
സ്ഥാപകൻ ആന്റ് സിഇഒ
സാൽവെ മരിയ
ഇന്റർനാഷണൽ

കൊച്ചി: വിദേശവിദ്യാഭ്യാസ രംഗത്തെ സേവനദാതാക്കളിൽ മുൻനിരക്കാരും ദീർഘകാല പരിചയസമ്പത്തുമുള്ള സാൽവെ മരിയ ഇന്റർനാഷണൽ 2026ലേക്ക് അനുയോജ്യമായ വിദേശപഠന അവസരങ്ങൾ കണ്ടെത്തുന്നതിനുള്ള പുതിയ കർമ്മപദ്ധതികൾ പ്രഖ്യാപിച്ചു.

കൃത്രിമ ബുദ്ധി (എഐ), പുതുതലമുറയുടെ മാറുന്ന താൽപര്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി 2026ലേക്ക് അനുയോജ്യമായ വിദേശപഠന അവസരങ്ങൾ കണ്ടെത്തുന്നതിനുള്ള പുതിയ കർമ്മപദ്ധതികൾ കൊച്ചിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പ്രഖ്യാപിച്ചു.

വിദ്യാർഥികളുടെയും രക്ഷകർത്താക്കളുടെയും പ്രതീക്ഷകൾക്ക് അതീതമായി കൗൺസലിംഗ് സംവിധാനങ്ങളിലും പ്രവർത്തനക്രമങ്ങളിലും കാര്യക്ഷമമായ നവീകരണങ്ങൾ നടപ്പാക്കിയതായി സാൽവെ മരിയ ഇന്റർനാഷണൽ ഭാരവാഹികൾ അറിയിച്ചു.

വിദേശ വിദ്യാഭ്യാസ സേവനം എന്നത് അഡ്മിഷൻ നേടിക്കൊടുക്കുന്ന ഒരു കച്ചവടപ്രക്രിയയല്ല. ഓരോ വിദ്യാർത്ഥിയുടെയും കഴിവിനും ലക്ഷ്യത്തിനും അനുയോജ്യമായ അക്കാദമിക് വഴികൾ കണ്ടെത്തുകയാണ് തങ്ങളുടെ സമീപനമെന്ന് സാൽവെ മരിയ ഇന്റർനാഷണൽ സ്ഥാപകനും സിഇഒയുമായ ബോബി സെബാസ്റ്റ്യൻ പറഞ്ഞു.

വിദ്യാർത്ഥികളെ അവരുടെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് സത്യസന്ധമായി നയിക്കുക എന്നതാണ് ലക്ഷ്യം–അദ്ദേഹം കൂട്ടിച്ചേർത്തു.

വിദ്യാർത്ഥികളുടെ സുസ്ഥിരമായ ഭാവി മുൻനിർത്തിയുള്ള സുതാര്യവും ഉത്തരവാദിത്വപരവുമായ മാർഗനിർദേശമാണ് സാൽവെമരിയ ഇന്റർനാ ഷണലിന്റെ മുഖ്യദൗത്യം. വിശ്വാസയോഗ്യമായ പഠനപാതകൾ കൃത്യമായി നിർദേശിച്ച് ഓരോ വിദ്യാർത്ഥിക്കും ഏറ്റവും അനുയോജ്യമായ വിദ്യാഭ്യാസ അവസരങ്ങളിലേക്ക് എത്തിക്കുന്നതിൽ സ്ഥാപനം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണ്. ഇതിന്റെ ഭാഗമായി വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമായി ഫെബ്രുവരി 3ന് കൊച്ചി റാഡിസൺ ബ്ലൂ, ഫെബ്രുവരി 4ന് കോട്ടയം ഹോട്ടൽ ഐഡ എന്നിവിടങ്ങളിൽ ഓസ്ട്രേലിയൻ എഡ്യൂക്കേഷണൽ ഫെയർ സംഘടിപ്പിക്കുമെന്നും സാൽവെ മരിയ ഇന്റർനാഷണൽ ഭാരവാഹികൾ അറിയിച്ചു.

താഴ്ന്ന സാമ്പത്തിക നിലയിലുള്ള വിദ്യാർത്ഥികൾക്കും അനുയോജ്യമായ വിദേശപഠന അവസരങ്ങൾ ലഭ്യമാക്കുന്നതിലും ഫീസ് ഇല്ലാത്ത രാജ്യങ്ങളിൽ നിന്നാരംഭിച്ച് പ്രീമിയം കോഴ്സുകളും ഉയർന്ന നിലവാരമുള്ള സർവകലാശാലകളും വരെ ഗുണനിലവാരത്തിൽ വിട്ടുവീഴ്ചയില്ലാതെ ഇരുപതിലധികം രാജ്യങ്ങളിൽ സാൽവെ മരിയ ഇന്റർനാഷണലിന്റെ സേവനം ലഭ്യമാക്കുന്നു.

പ്രമുഖ സർവകലാശാലകളുമായി നേരിട്ടുള്ള പങ്കാളിത്തം, തൊഴിൽപ്രാധാന്യമുള്ള, കാലികമായ പഠനാവസരങ്ങൾ, ഓരോ രാജ്യത്തിനും പ്രത്യേക വിഭാഗങ്ങൾ, വിദ്യാഭ്യാസ സംവിധാനം, താമസം, നിയമങ്ങൾ, വിസ നടപടികൾ എന്നിവയെക്കുറിച്ചുള്ള കൃത്യമായ മാർഗനിർദേശം എന്നിവയാണ് സാൽവെ മരിയ ഇന്റർനാഷണലിന്റെ സവിശേഷതകൾ.

രേഖകളുടെ കൃത്യതയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായി എഐ സഹായത്തോടെ പരിശോധനാ സംവിധാനം നടപ്പാക്കി. ഇതിലൂടെ അന്താരാഷ്ട്ര നിലവാരം നേടാനും, രേഖകളുടെ സ്വീകാര്യതയെ വർധിപ്പിക്കാനും പരിചയസമ്പന്നരായ തങ്ങൾക്ക് സാധിക്കുമെന്ന് സ്ഥാപനം അറിയിച്ചു. കൗൺസലർമാരോടൊപ്പം എഐ ടൂളുകളുടെ സഹായത്തോടെ കൂടുതൽ അനുയോജ്യവും പ്രസക്തവുമായ കോഴ്സ് തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും.

ജർമനി, ഓസ്ട്രേലിയ, ഫ്രാൻസ്, യുകെ, അയർലൻഡ്, യുഎഇ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിലെ പ്രാതിനിധ്യം കൂടുതൽ ശക്തിപ്പെടുത്താൻ സാൽവെ മരിയക്ക് കഴിഞ്ഞെന്നും, ബ്രാൻഡ് അംബാസിഡർമാരായ ജയറാം, കാളിദാസ് എന്നിവരുടെ പിന്തുണയോടെ സ്ഥാപനത്തിന് പുതിയ മാനവും ശക്തമായ വിദ്യാർത്ഥി പങ്കാളിത്തവും ലഭിച്ചുവെന്നും അധികൃതർ അറിയിച്ചു.

## ഇന്ത്യ–ഒമാൻ സമുദ്രബന്ധം പുനരുജ്ജീവിപ്പിച്ച് ഐഎൻഎസ്‌വി കൗണ്ടിനിയ മസ്കറ്റിൽ

മസ്കറ്റ്: പോർബന്തറിൽ നിന്നുള്ള കന്നി യാത്ര വിജയകരമായി പൂർത്തിയാക്കിയ ശേഷം ഇന്ത്യൻ നാവിക സെയിലിംഗ് വെസ്സൽ ഐഎൻഎസ്‌വി കൗണ്ടിനിയ മസ്കറ്റിലെത്തി, ഇന്ത്യയുടെയും ഒമാന്റെയും പങ്കിട്ട സമുദ്രപൈതൃകത്തിലെ ഒരു സുപ്രധാന നിമിഷം. കപ്പലിനെയും ജീവനക്കാരെയും തുറമുഖത്ത് കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാൾ സ്വീകരിച്ചു.

പരമ്പരാഗതമായി നിർമ്മിച്ച തുന്നിച്ചേർത്ത കപ്പൽ യാത്ര, ഇരു രാജ്യങ്ങളും തമ്മിലുള്ള 5,000 വർഷത്തിലേറെ പഴക്കമുള്ള ആഴത്തിലുള്ള വേരുകളുള്ള സമുദ്ര, സാംസ്കാരിക, നാഗരിക ബന്ധങ്ങളെ എടുത്തുകാണിക്കുന്നു. നൂറ്റാണ്ടുകളായി ഇന്ത്യയും ഒമാനും തമ്മിലുള്ള സുസ്ഥിരമായ ആശയവിനിമയം സാധ്യമാക്കിയ ബന്ധിപ്പിക്കുന്ന ഇടനാഴികളായി സമുദ്രങ്ങളുടെ പങ്കിനെ ഇത് അടിവരയിടുന്നു. ഇരു രാജ്യങ്ങളും നയതന്ത്ര ബന്ധത്തിന്റെ 70 വർഷത്തെ ആഘോഷം ആഘോഷിക്കുന്ന ഈ യാത്രയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.

അജന്ത ഗുഹാചിത്രങ്ങളിൽ ചിത്രീകരിച്ചിരിക്കുന്ന എ.ഡി അഞ്ചാം നൂറ്റാണ്ടിലെ ഒരു കപ്പലിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ആധുനിക നഖങ്ങളോ ലോഹ ഉറപ്പിക്കലുകളോ ഇല്ലാതെ തുന്നിച്ചേർത്ത പലക നിർമ്മാണം ഉൾപ്പെടെയുള്ള പുരാതന ഇന്ത്യൻ കപ്പൽ നിർമ്മാണ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചാണ് ഐഎൻഎസ്‌വി കൗണ്ടിന്യ നിർമ്മിച്ചത്.

തുറമുഖത്ത് സംഘടിപ്പിച്ച ചടങ്ങിൽ, ഒമാനിലെ പൈതൃക, ടൂറിസം മന്ത്രാലയം, ടൂറിസം അണ്ടർസെക്രട്ടറി അസാൻ അൽ ബുസൈദി, ഇന്ത്യൻ നാവികസേന, റോയൽ ഒമാൻ നേവി, റോയൽ ഒമാൻ പോലീസ് കോസ്റ്റ് ഗാർഡ്, വിശിഷ്ട വ്യക്തികൾ എന്നിവർ പങ്കെടുത്തു.

## ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണന്റെ കർണാടക സന്ദർശിച്ചു

ബെംഗളൂരു: ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ കർണാടകയിൽ സന്ദർശനം നടത്തി.

തുമകൂരുവിലെ ശ്രീ സിദ്ധഗംഗ മഠത്തിൽ നടക്കുന്ന ശ്രീ ശിവകുമാര മഹാസ്വാമികളുടെ ഏഴാമത് അനുസ്മരണ ദിനത്തിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയായി. തുടർന്ന് ബെംഗളൂരുവിലെ സി.എം.ആർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ രജത ജൂബിലി ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുത്തു.

## സൈക്ലോത്തോൺ ഫെബ്രുവരി 22ന് കൊച്ചിയിൽ സമാപിക്കും

കൊച്ചി: തീരദേശ സുരക്ഷയെക്കുറിച്ചുള്ള അവബോധം ശക്തിപ്പെടുത്തുക, ദേശീയ ഐക്യം പ്രോത്സാഹിപ്പിക്കുക, സാമൂഹ്യ പങ്കാളിത്തം പരിപോഷിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടുള്ള സുപ്രധാന ദേശീയ സംരംഭമായ സിഐഎസ്എഫ് വന്ദേ മാതരം കോസ്റ്റൽ സൈക്ലോത്തോൺ 2026ന്റെ രണ്ടാം പതിപ്പിന് തുടക്കം കുറിയ്ക്കാൻ സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് ഒരുങ്ങി.



വന്ദേ മാതരം കോസ്റ്റൽ സൈക്ലോത്തോൺ 2026ന്റെ രണ്ടാം പതിപ്പിനെക്കുറിച്ച് വിശദീകരിക്കാൻ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ ജോസ് മോഹൻ ഐ.പി.എസ് സംസാരിക്കുന്നു.

ജനുവരി 28ന് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ നിന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് സൈക്ലോത്തോൺ വെർച്ചലായി ഫ്ളാഗ് ഓഫ് ചെയ്യുമെന്ന് സിഐഎസ്എഫ് എപിഎസ്–II ഇൻസ്പെക്ടർ ജനറൽ ജോസ് മോഹൻ ഐ.പി.എസ് പറഞ്ഞു.

ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട തീരപ്രദേശങ്ങളിലൂടെയും സഞ്ചരിച്ച ശേഷം 2026 ഫെബ്രുവരി 22ന് കേരളത്തിലെ കൊച്ചിയിൽ സൈക്ലോത്തോൺ സമാപിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

25 ദിവസങ്ങൾ കൊണ്ട് 6,553 കിലോമീറ്റർ സഞ്ചരിക്കുന്ന ഈ സൈക്ലിംഗ് പര്യവേഷണം ഇന്ത്യയുടെ പ്രധാന തീരപ്രദേശങ്ങളെ മുഴുവൻ ഉൾക്കൊള്ളുന്നതാണ്. രാജ്യത്ത് ഇതുവരെ നടന്നിട്ടുള്ളതിൽ വെച്ച് ഏറ്റവും വിപുലമായ തീരദേശ സൈക്ലിംഗ് ക്യാമ്പെയിനുകളിൽ ഒന്നാണിതെന്നും അദ്ദേഹം പറഞ്ഞു.

സിഐഎസ്എഫ് സൈക്ലിസ്റ്റുകളുടെ രണ്ട് ടീമുകൾ ഒരേസമയം ഇന്ത്യൻ തീരദേശത്തിന്റെ രണ്ട് അറ്റങ്ങളിൽ നിന്ന് യാത്ര ആരംഭിക്കും. പടിഞ്ഞാറൻ തീരത്ത് ഗുജറാത്തിലെ കച്ചിലുള്ള ലഖ്പത് കോട്ടയിൽനിന്നും, കിഴക്കൻ തീരത്ത് പശ്ചിമ ബംഗാളിലെ സൗത്ത് 24 പർഗാനാസിലുള്ള ബഖാലിയിൽ നിന്നുമാണ് അവർ യാത്ര ആരംഭിക്കുന്നത്.

രാജ്യത്തുടനീളമുള്ള തീരദേശ റോഡുകളിലൂടെ സഞ്ചരിച്ച ശേഷം ഇരു ടീമുകളും 2026 ഫെബ്രുവരി 22ന് കേരളത്തിലെ കൊച്ചിയിൽ സംഗമിക്കും.

65 വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ ആകെ 130 സിഐഎസ്എഫ് ഉദ്യോഗസ്ഥർ സൈക്ലോത്തോണിൽ പങ്കെടുക്കും. ഇതിൽ പത്ത് സൈക്ലിസ്റ്റുകൾ കേരളത്തിൽ നിന്നുള്ളവരായിരിക്കും.

സിഐഎസ്എഫ് കൊച്ചി എയർപോർട്ട് സീനിയർ കമാൻഡന്റ് നാഗേന്ദ്ര ദേവ്‌രാരി, കൊച്ചി സിഐഎസ്എഫ് ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ് സീനിയർ കമാൻഡന്റ് അനൂപ് സിൻഹ, ഡെപ്യൂട്ടി കമാൻഡന്റ് രാംദാസ് എം, പ്രസ് ഇൻഫർമേഷൻ ബ്യൂറോ കൊച്ചിയുടേയും ഓൾ ഇന്ത്യ റേഡിയോ കൊച്ചിയുടേയും ഡയറക്ടർ ധന്യ സനൽ കെ. ഐഐഎസ് ഉൾപ്പെടെ മുതിർന്ന സിഐഎസ്എഫ് ഉദ്യോഗസ്ഥരും മറ്റ് വിശിഷ്ട വ്യക്തികളും വാർത്താ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

## ‘ചാലിസ് ഓഫ് അംബ്രോസിയ: രാമജന്മഭൂമി– ചലഞ്ച് ആൻഡ് റെസ്പോൺസ്’ ഉപരാഷ്ട്രപതി പ്രകാശനം ചെയ്തു

ന്യൂഡൽഹി: കേന്ദ്ര സർക്കാരിന്റെ മുൻ സെക്രട്ടറി ശ്രീ സുരേന്ദ്ര കുമാർ പച്ചൗരി രചിച്ച ‘ചാലിസ് ഓഫ് അംബ്രോസിയ: രാമജന്മഭൂമി-ചലഞ്ച് ആൻഡ് റെസ്പോൺസ്’ എന്ന പുസ്തകം ന്യൂഡൽഹിയിലെ വൈസ് പ്രസിഡന്റിന്റെ എൻക്ലേവിൽ വച്ച് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ പ്രകാശനം ചെയ്തു.

ശ്രീരാമന്റെ ജന്മസ്ഥലം വീണ്ടെടുക്കുന്നതിനായുള്ള നൂറ്റാണ്ടുകൾ നീണ്ട പോരാട്ടത്തെ ഈ പുസ്തകം ഒപ്പിയെടുക്കുന്നുവെന്നും, ചരിത്രപരമായ വിവരണങ്ങൾ സന്തുലിതമായും സഹാനുഭൂതിയോടെയും പണ്ഡിതോചിതമായ സംയമനത്തോടെയുമാണ് ഇതിൽ അവതരിപ്പിച്ചിരിക്കുന്നതെന്നും ചടങ്ങിനെ അഭിസംബോധന ചെയ്തുകൊണ്ട് ഉപരാഷ്ട്രപതി പറഞ്ഞു.

അയോധ്യയിലെ ശ്രീരാമക്ഷേത്ര നിർമ്മാണം ഇന്ത്യയുടെ സാംസ്കാരിക പ്രയാണത്തിലെ നിർണ്ണായക നിമിഷത്തെയാണ് പ്രതിനിധീകരിക്കുന്നതെന്നും വിശ്വാസം, ചരിത്രം, നിയമം, ജനാധിപത്യം എന്നിവ അന്തസ്സോടെ ഒത്തുചേർന്ന മുഹൂർത്തമായിരുന്നു അതെന്നും അദ്ദേഹം പറഞ്ഞു. മറ്റെവിടെയൊക്കെ ആയിരക്കണക്കിന് ക്ഷേത്രങ്ങൾ പണിതാലും, ശ്രീരാമന്റെ ജന്മസ്ഥലത്തുള്ള ക്ഷേത്രത്തിന്റെ പ്രാധാന്യത്തിന് അവയൊന്നും തുല്യമാകില്ലെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു

ശ്രീരാമൻ രാഷ്ട്രത്തിന്റെ ആത്മാവും ഭാരതീയ ധർമ്മത്തിന്റെ ആത്മാവുമാണെന്ന് ശ്രീ സി.പി. രാധാകൃഷ്ണൻ പറഞ്ഞു. ധർമ്മത്തെ ഒരിക്കലും പരാജയപ്പെടുത്താൻ കഴിയില്ലെന്നും സത്യം എപ്പോഴും വിജയിക്കുമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. മഹാത്മാഗാന്ധിയുടെ രാമരാജ്യത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട്, അത് എല്ലാവർക്കും നീതിയും സമത്വവും അന്തസ്സും ഉറപ്പാക്കുന്നതിനെയാണ് പ്രതീകപ്പെടുത്തുന്നതെന്ന് ഉപരാഷ്ട്രപതി പറഞ്ഞു


ഉപരാഷ്ട്രപതി
സി.പി.രാധാകൃഷ്ണൻ

ചരിത്രരചന എന്നത് സാഹിത്യപ്രവർത്തനത്തിന്റെ ഏറ്റവും ശ്രമകരമായ രൂപങ്ങളിൽ ഒന്നാണെന്ന് ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. കാരണം അതിന് വൈകാരികമായ സന്തുലിതാവസ്ഥയും സത്യത്തോടുള്ള കൂറും ആവശ്യമാണ്. ആവേശമുളവാക്കുന്ന തരത്തിലുള്ള പദപ്രയോഗങ്ങളോ വസ്തുതാപരമായ വളച്ചൊടിക്കലോ ഇല്ലാതെ രാമജന്മഭൂമി പ്രസ്ഥാനത്തിന്റെ സത്തയെ വിജയകരമായി പുറത്തുകൊണ്ടുവരാൻ ശ്രീ പച്ചൗരിക്ക് സാധിച്ചുവെന്ന് ഗ്രന്ഥകർത്താവിനെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു

ശ്രീരാമന്റെ ജീവിതവും ആദർശങ്ങളും മനുഷ്യരാശിയെ പഠിപ്പിക്കുന്നത് യഥാർത്ഥ മഹത്വം കുടികൊള്ളുന്നത് സദ്ഗുണങ്ങളിലാണെന്നും, രാജ്യങ്ങൾ ഭരിക്കുന്നതിനേക്കാൾ ഹൃദയങ്ങൾ കീഴടക്കുന്നതിലാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു. ഈ നിത്യഹരിതമായ ആദർശങ്ങൾ ജീവിതത്തിൽ പിന്തുടരാൻ പരിശ്രമിക്കണമെന്ന് അദ്ദേഹം പൗരന്മാരോട് ആഹ്വാനം ചെയ്തു.

ശ്രീരാമ ജന്മഭൂമി തീർത്ഥ ക്ഷേത്ര ട്രസ്റ്റ് നിർമ്മാണ സമിതിയുടെ അധ്യക്ഷനും പ്രധാനമന്ത്രിയുടെ മ്യൂസിയം ആൻഡ് ലൈബ്രറി എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാനുമായ നൃപേന്ദ്ര മിശ്ര, മുൻ കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ശ്രീ വിനോദ് റായ്, യു.പി.എസ്.സി മുൻ ചെയർപേഴ്സൺ ദീപക് ഗുപ്ത, ഉപരാഷ്ട്രപതിയുടെ സെക്രട്ടറി അമിത് ഖാരെ, ഹർ ആനന്ദ് പബ്ലിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡിലെ ആശിഷ് ഗോസൈൻ എന്നിവരും വിശിഷ്ട വ്യക്തികളും ചടങ്ങിൽ പങ്കെടുത്തു.

### കാംപെയ്ൻ ആരംഭിച്ച് ബിപിസിഎൽ

## വീടുകളിൽ പിഎൻജി, വാഹനങ്ങളിൽ സിഎൻജി

കൊച്ചി: പ്രകൃതിവാതകങ്ങളുടെ പരമാവധി ഉപയോഗം വീടുകളിലും വാഹനങ്ങളിലും വാണിജ്യ, വ്യവസായശാലകളിലും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ, പൊതുമേഖലാ സ്ഥാപനമായ ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) രാജ്യവ്യാപക ക്യാംപെയ്ൻ ആരംഭിച്ചു. ‘പിഎൻജി 2.0’ എന്ന പേരിൽ തുടക്കമിട്ട കാംപെയ്നിലൂടെ പൈപ്പ്ഡ് നാചുറൽ ഗ്യാസ് (പിഎൻജി), കംപ്രസ്ഡ് നാചുറൽ ഗ്യാസ് (സിഎൻജി) എന്നിവയുടെ പ്രാധാന്യം ജനങ്ങളെ ബോധവൽക്കരിക്കുകയാണ് ലക്ഷ്യമിടുന്നത്.

പെട്രോളിയം ആൻഡ് നാചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ നിർദേശപ്രകാരം നഗര ഗ്യാസ് വിതരണ വ്യവസായ മേഖലയുടെ സഹകരണത്തോടെയാണ് ക്യാംപെയ്ൻ സംഘടിപ്പിക്കുന്നത്. രാജ്യമെമ്പാടുമുള്ള സിറ്റി ഗ്യാസ് വിതരണ കമ്പനികളെ ഉൾപ്പെടുത്തി ഏകീകൃത പ്ലാറ്റ്ഫോം തുടങ്ങുമെന്നും ബിപിസിഎൽ അറിയിച്ചു.

ബോധവൽക്കരണ കാംപെയ്ന്റെ ഭാഗമായി വിവിധ മേഖലകളിലെ പ്രമുഖരെ ഉൾപ്പെടുത്തിയുള്ള പരസ്യചിത്രങ്ങളും പുറത്തിറക്കും.

പ്രകൃതിവാതകത്തിലേക്ക് പരിവർത്തനപ്പെടുകയെന്ന പൊതുലക്ഷ്യത്തിനായി വ്യവസായ ലോകം കൈകോർക്കുന്നതിന്റെ ഉത്തമ ഉദാഹരണമാണ് പിഎൻജി 2.0 ക്യാംപെയ്ൻ എന്ന് ബിപിസിഎൽ മാർക്കറ്റിംഗ് വിഭാഗം ഡയറക്ടർ ശുഭാങ്കർ സെൻ പറഞ്ഞു.

ലളിതവും വിശ്വസനീയവും ലാഭകരവുമായ ഊർജ്ജം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിലൂടെ സുഖപ്രദമായ ജീവിതശൈലി ഉറപ്പാക്കുകയാണ് ലക്ഷ്യമിടുന്നത്. രാജ്യത്തിന്റെ ഊർജ സംരക്ഷണ പ്രവർത്തനങ്ങളിൽ സിഎൻജി, പിഎൻജി വിഭാഗത്തിന്റെ പ്രാധാന്യം വർധിപ്പിക്കാനും കാംപെയ്നിലൂടെ സാധിക്കുമെന്നും ശുഭാങ്കർ സെൻ അഭിപ്രായപ്പെട്ടു.

ഉപഭോക്തൃ ബോധവൽക്കരണത്തിനു പുറമെ വിവിധ കമ്മ്യൂണിറ്റി പ്രോഗ്രാമുകൾ, സൈബറിടങ്ങളിലെ പ്രവർത്തനങ്ങൾ എന്നിവയും സംഘടിപ്പിക്കും. രാജ്യത്തിന്റെ ഊർജ ഉപയോഗത്തിൽ പ്രകൃതി വാതകങ്ങളുടെ പങ്ക് 6.5 ശതമാനമാണ്. 2030നകം 15 ശതമാനത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യമിടുന്നത്. ഊർജ്ജ സുരക്ഷയ്ക്കും പരിസ്ഥിതി സംരക്ഷണത്തിനുമായി നടത്തുന്ന ക്യാംപെയ്ൻ, രാജ്യത്തിന്റെ സുസ്ഥിര വികസനത്തിന് കരുത്തേകുമെന്നും ബിപിസിഎൽ അറിയിച്ചു.



ഇടമലക്കുടിയിൽ ജോയ്ആലുക്കാസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സൗജന്യ കാഴ്ച പരിശോധനാ ക്യാമ്പ്.

## ഇടമലക്കുടിയിൽ നേത്രസംരക്ഷണ ക്യാംപ് സംഘടിപ്പിച്ച് ജോയ്ആലുക്കാസ് ഫൗണ്ടേഷൻ

ഇടുക്കി: സംസ്ഥാനത്തെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ജോയ്ആലുക്കാസ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ വിവിധ സാമൂഹിക പ്രതിബദ്ധത പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

ഗ്രാമവാസികൾക്ക് സൗജന്യ കാഴ്ച പരിശോധനയും കണ്ണടയും ഉറപ്പാക്കിയ നേത്രസംരക്ഷണ കാംപിനു പുറമെ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രം, ഗവണ്മെന്റ് യു പി സ്കൂൾ, ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിൽ ജലശുദ്ധീകരണ യൂണിറ്റുകളും സ്ഥാപിച്ചു.

ജോയ്ആലുക്കാസ് ഫൗണ്ടേഷന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് ബിനു എം ഉദ്ഘാടനം ചെയ്തു. വിശദമായ കാഴ്ച പരിശോധനയ്ക്കുശേഷം തിമിരം സ്ഥിരീകരിച്ചവർക്ക് തൊടുപുഴ ഹോളി ഫാമിലി ഹോസ്പിറ്റലിന്റെ സഹായത്തോടെ സൗജന്യ തിമിര ശസ്ത്രക്രിയ നൽകുമെന്ന് ജോയ്ആലുക്കാസ് ഫൗണ്ടേഷൻ അറിയിച്ചു.

ചടങ്ങിൽ ജോയ്ആലുക്കാസ് ഫൗണ്ടേഷൻ സിഎസ്ആർ വിഭാഗം സീനിയർ ഓഫീസർ റിബിൻ പോൾ, പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ സാഗിൽ രവീന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

## വയനാടിന് കൈത്താങ്ങായി ഈസ്റ്റേൺ
## അംഗനവാടികൾ ഇനി ‘സ്മാർട്ടാകും’

കൊച്ചി: പ്രളയക്കെടുതിയിൽനിന്ന് വയനാടിനെ കൈപിടിച്ചുയർത്താൻ പ്രമുഖ ഭക്ഷ്യോൽപ്പന്ന നിർമ്മാതാക്കളായ ഓർക്ല ഇന്ത്യ-ഈസ്റ്റേണും സിഐഐ ഫൗണ്ടേഷനും കൈകോർക്കുന്നു. ഓർക്ല ഇന്ത്യയുടെ സിഎസ്ആർ പദ്ധതിയായ ‘വൺ വിത്ത് വയനാട്’ എന്ന സംരംഭത്തിലൂടെ ജില്ലയിലെ അംഗനവാടികൾ ശിശുസൗഹൃദവും ആധുനികവുമായ സൗകര്യങ്ങളോടെ നവീകരിക്കുന്ന പദ്ധതിക്ക് തുടക്കമായി. നവീകരിച്ച അംഗനവാടികൾ നാടിന് സമർപ്പിച്ചു.

വയനാടിന്റെ പുനർനിർമ്മാണത്തിൽ സജീവ പങ്കാളികളാകുക എന്ന ലക്ഷ്യത്തോടെയാണ് ഓർക്ല ഇന്ത്യ-ഈസ്റ്റേൺ ഈ ബൃഹദ് പദ്ധതി നടപ്പിലാക്കുന്നത്. ‘ബാല’ സങ്കൽപ്പത്തിൽ കെട്ടിടത്തെ തന്നെ ഒരു പഠനസഹായിയാക്കി മാറ്റുന്ന രീതിയിലാണ് നിർമ്മാണം. ശിശുസൗഹൃദ ശുചിമുറികൾ, ആധുനിക അടുക്കളകൾ, ടൈൽ പാകിയ തറ, ചുവരുകളിലെ അറിവ് പകരുന്ന ചിത്രങ്ങൾ എന്നിവയോടെ 15 അംഗനവാടികളാണ് ആദ്യഘട്ടത്തിൽ ഓർക്ല സ്മാർട്ടാക്കുന്നത്. ഇതിൽ ആറെണ്ണത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞു. കൽപ്പറ്റ നഗരസഭ, മുട്ടിൽ, പടിഞ്ഞാറത്തറ, മേപ്പാടി, പൂതാടി, വെങ്ങപ്പള്ളി, തരിയോട്, മൂപ്പൈനാട് പഞ്ചായത്തുകളിലാണ് ഓർക്ലയുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കുന്നത്.



ഓർക്ല ഇന്ത്യ ഈസ്റ്റേൺ സിഎസ്ആർ പദ്ധതിയുടെ (‘വൺ വിത്ത് വയനാട്’) ഭാഗമായി സിഐഐ ഫൗണ്ടേഷനും ചേർന്ന് ജില്ലയിലെ 6 അങ്കണവാടികൾ നവീകരിച്ചതിന്റെ ഉദ്ഘാടനം ഈസ്റ്റൺ സിഇഒ ഗിരീഷ് നായരും മേപ്പാടി പഞ്ചായത്ത് പ്രഡിഡന്റ് റംല ഹംസയും ചേർന്ന് നിർവഹിക്കുന്നു.

ശിശുവികസന പ്രവർത്തനങ്ങളിൽ തങ്ങൾക്കുള്ള പ്രതിബദ്ധത ഓർക്ല ഇന്ത്യ ഈ പദ്ധതിയിലൂടെ ഊട്ടിയുറപ്പിക്കുന്നു. ‘നാളത്തെ ഉത്തരവാദിത്തമുള്ള പൗരന്മാരെ വാർത്തെടുക്കുന്നതിൽ പ്രീ-സ്കൂൾ തലത്തിലുള്ള ഇടപെടലുകൾക്ക് വലിയ സ്ഥാനമുണ്ട്. വയനാടിന്റെ പുനർനിർമ്മാണത്തിൽ ഭാഗമാകാൻ കഴിഞ്ഞതിൽ ഓർക്ല ഇന്ത്യയ്ക്ക് അഭിമാനമുണ്ട്,’ എന്ന് ഈസ്റ്റൺ സിഇഒ ഗിരീഷ് നായർ പറഞ്ഞു.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനൊപ്പം ജില്ലയിലെ 876 അംഗനവാടി പ്രവർത്തകർക്ക് വിദഗ്ധ പരിശീലനവും ഓർക്ലയുടെ നേതൃത്വത്തിൽ നൽകുന്നുണ്ട്. പോഷകാഹാരം, കുട്ടികളുടെ വളർച്ചാ നിരീക്ഷണം, ആധുനിക അധ്യാപന രീതികൾ എന്നിവയിലാണ് പരിശീലനം നൽകുന്നത്.

വയനാട് ജില്ലാ ഭരണകൂടത്തിന്റെയും വനിതാ ശിശു വികസന വകുപ്പിന്റെയും (കഇടട) പൂർണ്ണ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. സുസ്ഥിര കൃഷി, ആരോഗ്യം-പോഷകാഹാരം, വിദ്യാഭ്യാസം തുടങ്ങിയ ആറ് മേഖലകളിൽ ഓർക്ല ഇന്ത്യ നടത്തിവരുന്ന സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമാണിതെന്ന് അധികൃതർ അറിയിച്ചു.

ചടങ്ങിൽ സിഐഐ കേരള ചെയർമാൻ വി.കെ.സി റസാഖ് പങ്കെടുത്തു.

### ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾ സ്വതന്ത്ര ഹെൽത്ത്കെയർ പ്രൊഫഷണലുകൾ

## ഹൈക്കോടതി വിധി ആരോഗ്യരംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കും: എഐഒടിഎ

കൊച്ചി: ഒക്കുപ്പേഷണൽ തെറാപ്പി രംഗത്ത് വിപ്ലവകരമായ മാറ്റത്തിന് വഴിയൊരുക്കുന്ന കേരള ഹൈക്കോടതിയുടെ സുപ്രധാന വിധിയെ സ്വാഗതം ചെയ്ത് ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ (എഐഒടിഎ). വിധി ഒരു സാമൂഹിക വഴിത്തിരിവാകുമെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾ ആരോഗ്യകേന്ദ്രങ്ങളിലെ കേവലം ‘സഹായികൾ’ മാത്രമല്ലെന്നും നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻസിന്റെ (എൻസിഎച്ച്എപി) ചട്ടക്കൂടിന് കീഴിലുള്ള സ്വതന്ത്ര ‘ഹെൽത്ത്കെയർ പ്രൊഫഷണലുകൾ’ ആണെന്നുമാണ് കോടതി അംഗീകരിച്ചത്. രോഗത്തിന്റെ തുടക്കത്തിൽ തന്നെയുള്ള വിദഗ്ധ രോഗീപരിചരണവും ആരോഗ്യപരിചരണ കേന്ദ്രങ്ങളുടെയും വൻതോതിലുള്ള വിപുലീകരണത്തിന് ഈ ഉത്തരവ് വഴി തെളിക്കും.

ഓട്ടിസം, സ്ട്രോക്ക്, എഡിഎച്ച്ഡി, അൾഷിമേഴ്സ് ഉൾപ്പെടെ കുട്ടികളിലും മുതിർന്നവരിലും കണ്ടുവരുന്ന വിവിധ ശാരീരിക-മാനസിക രോഗാവസ്ഥകൾക്കും വളർച്ചാപ്രശ്നങ്ങൾക്കുമുള്ള ചികിത്സാ രംഗത്ത് കാര്യക്ഷമമായ മാറ്റങ്ങൾക്കും ആയിരക്കണക്കിന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും കാരണമാകും.

ഈ വിധി സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തുമെന്ന് ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. പങ്കജ് ബാജ്പേയി പറഞ്ഞു. ചികിത്സാ പദ്ധതികൾ സ്വതന്ത്രമായി തീരുമാനിക്കാനും നടപ്പിലാക്കാനും തെറാപ്പിസ്റ്റുകൾക്ക് ഇപ്പോൾ നിയമപരമായ അധികാരമുണ്ട്. ഇത് ഓട്ടിസംപോലുള്ള രോഗാവസ്ഥകൾക്കുള്ള ചികിത്സാരീതികളെ കൂടുതൽ ശക്തിപ്പെടുത്തുകയും രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കും തെറാപ്പി സെന്ററുകളുടെയും ഏർലി ഇന്റർവെൻഷൻ സെന്ററുകളുടെയും സേവനം കൂടുതൽ എളുപ്പത്തിൽ ലഭ്യമാക്കുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

കോടതി നൽകിയ നിയമപരമായ വ്യക്തത, ഗ്രാമപ്രദേശങ്ങളിലും ചികിത്സാ സൗകര്യങ്ങൾ കുറവുള്ള ഇടങ്ങളിലും കൂടുതൽ പുനരധിവാസ കേന്ദ്രങ്ങളും സ്വകാര്യ ക്ലിനിക്കുകളും സ്ഥാപിക്കാൻ പ്രോത്സാഹനമേകും. മികച്ച ആരോഗ്യസേവനം എല്ലാവർക്കും ലഭ്യമാക്കുക എന്ന എൻസിഎച്ച്എപി ആക്ടിന്റെ ലക്ഷ്യം ഇതിലൂടെ സാധ്യമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



കൊച്ചിയിൽ നടന്ന പത്രസമ്മേളനത്തിൽ ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ സെക്രട്ടറി ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി സംസാരിക്കുന്നു. അസോസിയേഷൻ പ്രസിഡന്റ് ഡോ. പങ്കജ് ബാജ്പേയി, കേരള ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. മേരി ഫിലിപ്പ് എന്നിവർ സമീപം.

‘ഇന്ത്യയിലും വിദേശത്തും അലൈഡ് ഹെൽത്ത് പ്രൊഫഷണലുകൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭിക്കാൻ ഈ ഉത്തരവ് കാരണമാകുമെന്ന് ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ സെക്രട്ടറി ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി പറഞ്ഞു. രാജ്യാന്തര മാനദണ്ഡങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസ രീതികൾ ഏകീകരിക്കുന്നതിലൂടെ ഇന്ത്യൻ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾക്ക് ആഗോളതലത്തിൽ അംഗീകാരവും തൊഴിൽ മേഖലയിൽ മികച്ച മുന്നേറ്റവും കൈവരിക്കാൻ സാധിക്കുമെന്നും അദ്ദേഹം വിശദീകരിച്ചു.

പരമ്പരാഗതമായ ഡോക്ടർ-കേന്ദ്രീകൃത ചികിത്സാ രീതിയിൽനിന്ന് മാറി, തെറാപ്പിസ്റ്റുകൾകൂടി മുഖ്യപങ്കുവഹിക്കുന്ന രോഗികേന്ദ്രീകൃതവും മൾട്ടിഡിസിപ്ലിനറി മെഡിക്കോ-സൈക്കോ-സോഷ്യൽ ഹെൽത്ത് കെയർ മോഡലിനും ഈ വിധി ഊന്നൽ നൽകുന്നു. രോഗപ്രതിരോധം, ചികിത്സ, പരിചരണം, രോഗിയുടെ ആരോഗ്യം മെച്ചപ്പെടുത്തൽ എന്നിവയിൽ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾക്കുള്ള അറിവിനെ കോടതി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ എൻസിഎച്ച്എപി നിയമപ്രകാരം പ്രവർത്തിക്കുന്ന ഈ പ്രൊഫഷണലുകൾക്ക് തങ്ങളുടെ പേരിനൊപ്പം ‘ഡോ.’ എന്ന് ചേർക്കാനും ‘ഒ.ടി’ എന്ന് സൂചിപ്പിക്കാനും കോടതി അനുമതി നൽകി. ഇതിലൂടെ പൊതുജനതാൽപര്യം സംരക്ഷിക്കുന്നതിനൊപ്പം ഈ മേഖലയിലെ വിദഗ്ധരുടെ അറിവിനെ ആദരിക്കുക കൂടിയാണ് ചെയ്യുന്നത്.

പേരിനൊപ്പം ‘ഡോക്ടർ’ എന്ന വിശേഷണം ഉപയോഗിക്കുന്നതിനും സ്വതന്ത്ര പ്രാക്ടീസ് നടത്തുന്നതിനും ഒക്കുപ്പേഷണൽ തെറാപ്പി, ഫിസിയോതെറാപ്പി പ്രൊഫഷണലുകൾക്ക് അനുകൂലമായ ചട്ടങ്ങൾ വിജയകരമായി നേടിയെടുത്തത് കേന്ദ്ര സർക്കാരിന് കീഴിലുള്ള നാഷണൽ കമ്മീഷൻ ഫോർ അലൈഡ് ആൻഡ് ഹെൽത്ത് കെയർ പ്രൊഫഷൻ ആണ്. ഈ നേട്ടം കൈവരിച്ചതിന് എൻസിഎഎച്ച്പി അധികൃതരെ ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ്, സെക്രട്ടറി, കേരള ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് എന്നിവർ അഭിനന്ദിച്ചു.

കൊച്ചിയിൽ നടന്ന പത്രസമ്മേളനത്തിൽ ഓൾ ഇന്ത്യ ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. പങ്കജ് ബാജ്പേയി, സെക്രട്ടറി ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, കേരള ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് അസോസിയേഷൻ പ്രസിഡന്റ് ഡോ. മേരി ഫിലിപ്പ് എന്നിവർ പങ്കെടുത്തു.

## കെ ഇനം ബ്രാൻഡ് കോർപറേറ്റ് ഉൽപന്നങ്ങൾക്ക് ബദലാകും: മന്ത്രി രാജേഷ്

കൊച്ചി: കുടുംബശ്രീ കെ ഇനം മൂല്യവർധിത ഉൽപന്നങ്ങൾ ആഗോളവിപണിയിൽ കോർപറേറ്റ് ഉൽപന്നങ്ങൾക്ക് ബദലാകുമെന്ന് മന്ത്രി എം.ബി. രാജേഷ്.

കഴിഞ്ഞ ജൂണിൽ ആരംഭിച്ച കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം (കെടാപ്) വഴി 30 വൈവിധ്യമാർന്ന ഉൽപന്നങ്ങൾ കെ ഇനം ബ്രാൻഡിൽ ആഗോളവിപണിയിലെത്തിച്ചെന്നും കുടുംബശ്രീയുടെ ഓൺലൈൻ വിപണനമാർഗങ്ങൾ ഉൾപ്പെടെ സാധ്യമായ എല്ലാ വിപണിയും കണ്ടെത്തുമെന്നും മന്ത്രി പറഞ്ഞു.

നെടുമ്പാശേരി ഫ്ളോറ കൺവൻഷൻ സെന്റിൽ നടന്ന ചടങ്ങിൽ കെടാപ് പദ്ധതിയുടെ രണ്ടാംഘട്ട പ്രഖ്യാപനവും യുക്തി സ്റ്റാർട്ടപ് ശൃംഖലയുടെയും തദ്ദേശീയ മേഖലയിലെ ട്രൈബ്രാൻഡ് കുടുംബശ്രീ ഉൽപന്നങ്ങൾ ഉൾപ്പെടുത്തി വിപണനം ആരംഭിക്കുന്ന പ്രത്യേക ഗിഫ്റ്റ് ബോക്സ് എന്നിവയുടെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

കുടുംബശ്രീ കാർഷിക സംഘങ്ങൾക്കും ഉത്പാദന യൂണിറ്റുകൾക്കും സംരംഭകർക്കും പരിശീലനം നൽകിയാണ് കെ ഇനം എന്ന പ്രീമിയം ബ്രാൻഡ് വിപണിയിൽ എത്തിച്ചിരിക്കുന്നത്. പോക്കറ്റ് മാർട്ട് ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ഉൽപന്നങ്ങൾ ലഭ്യമാണ്.

## കുടിവെള്ള ക്ഷാമം പരിഹരിക്കാൻ അടിയന്തര യോഗം വിളിക്കണം: ടി.ജെ.വിനോദ് എംഎൽഎ

കൊച്ചി: എറണാകുളം നിയോജകമണ്ഡലത്തിൽ നിലവിൽ അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നു ആവശ്യപ്പെട്ട് ടി.ജെ.വിനോദ് എംഎൽഎ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിനെ നേരിൽ കണ്ടു ആവശ്യപ്പെട്ടു.

കൊച്ചി കോർപ്പറേഷനിലും സമീപപ്രദേശങ്ങളിലെ അഞ്ച് മുനിസിപ്പാലിറ്റികളും 13 പഞ്ചായത്തുകളിലുമായി രൂക്ഷമായ കുടിവെള്ള ക്ഷാമമാണ് അനുഭവപ്പെടുന്നത്. കാലപ്പഴക്കംമൂലം തമ്മനത്തെ ടാങ്കിന്റെ 65 എംഎൽഡി കപ്പാസിറ്റിയുള്ള ടാങ്ക് തകർന്നത് പ്രശ്നത്തിന്റെ രൂക്ഷത വർധിപ്പിച്ചു. ശാശ്വത പരിഹാരത്തിന് തമ്മനത്തെ തകർന്ന ടാങ്ക് പുനർനിമ്മാണം അടിയന്തരമായി നടപ്പിലാക്കുകയും അതോടൊപ്പം 190 എംഎൽഡി പ്ലാന്റും യാഥാർഥ്യമാക്കണം.

നിലവിലെ പ്രശ്നത്തിന്റെ ഗൗരവവം കണക്കിലെടുത്ത് അധിക ജലം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിക്കുന്നതിന് കെഎംആർഎൽ, കെഎസ്ഇബി ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അടിയന്തര യോഗം വിളിക്കണമെന്ന് ആവശ്യപ്പെട്ട് മന്ത്രി മന്ത്രി റോഷി അഗസ്റ്റിന് ടി ജെ വിനോദ് എംഎൽഎ കത്ത് നൽകി.

## മാനേജ് ഫിഷ് ഹബ്ബും കുഫോസും ചേർന്ന് ഫിഷറീസ് സ്റ്റാർട്ടപ് & അക്വാപ്രണർഷിപ്പ് സ്റ്റേക്ക്ഹോൾഡേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നു

കൊച്ചി: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ്, ഹൈദരാബാദ്, ഫിഷറീസ് ഇന്നൊവേഷൻ ആൻഡ് സ്റ്റാർട്ടപ്പ് ഹബ് മുഖേന, കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയുടെ ബിസിനസ് ഇൻക്യൂബേഷൻ സെന്ററുമായി സഹകരിച്ച് ഒരു ദിവസത്തെ " ഫിഷറീസ് സ്റ്റാർട്ടപ്പ് & അക്വാപ്രണർഷിപ്പ് സ്റ്റേക്ക്ഹോൾഡേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നു. ജനുവരി 23ന് കെ.യു.എഫ്.ഒ.എസ്. , കൊച്ചി ക്യാമ്പസിലാണ് മീറ്റ് നടക്കുക.

ഫിഷറീസ്അക്വാകൾച്ചർ മേഖലയിലെ സ്റ്റാർട്ടപ്പുകൾ, അക്വാപ്രണർമാർ, വിദ്യാർത്ഥികൾ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സഹകരണ സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ തുടങ്ങി വിവിധ ഇക്കോസിസ്റ്റം പങ്കാളികളെ ഒരുമിപ്പിക്കുന്നതാണ് ഈ യോഗം. സഹകരണ സാധ്യതകൾ വർധിപ്പിക്കുക, സംരംഭകത്വവും നവീകരണവും പ്രോത്സാഹിപ്പിക്കുക, കൂടാതെ മേഖലയിലെ പുതിയ അവസരങ്ങളും വെല്ലുവിളികളും സംബന്ധിച്ച് സംവാദം നടത്തുക എന്നതാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം.

കൊച്ചി ഐസിഎആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഡയറക്ടർ ഡോ. ജോർജ് നൈനൻ, നബാർഡ് ചീഫ് ജനറൽ മാനേജർ നാഗേഷ് കുമാർ അനുമല, കേരള സ്റ്റാർട്ടപ്പ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനൂപ് അംബിക, മത്സ്യവകുപ്പ് എറണാകുളം ജില്ല ഡെപ്യൂട്ടി ഡയറക്ടർ മാജാ ജോസ്, മറിറ്റിറോ ഫുഡ് സൊല്യൂഷൻസ് സഹസ്ഥാപകൻ രാജേഷ് കെ, ഐസിഎആർ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി ഫിഷ് പ്രോസസ്സിംഗ് വിഭാഗം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി. ഒ. മോഹൻ, ബേബി മറൈൻ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടറും സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ വൈസ് പ്രസിഡന്റുമായ അലക്സ് കെ. നൈനൻ തുടങ്ങിയ പ്രമുഖർ പങ്കെടുക്കും.

വിവരങ്ങൾക്ക് ഫോൺ: 7300477593

### 'ഡിജിറ്റൽ ഡിമെൻഷ്യ': ബോധവൽക്കരണവുമായി മണപ്പുറം ഫൗണ്ടേഷൻ

# പുതുതലമുറയുടെ ഡിജിറ്റൽ അഡിക്ഷൻ ആപൽക്കരം: ഡോ. ജെ.ആർ.ജോഷി

ഹൈദരാബാദ്: മണപ്പുറം ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന 'ഡിജിറ്റൽ ഡിമെൻഷ്യ' മാനസികാരോഗ്യ ബോധവത്ക്കരണ പരമ്പരയുടെ നാലാം പതിപ്പിന് രാജ്യത്തെ ഐടി കേന്ദ്രമായ ഹൈദരാബാദിൽ മികച്ച പ്രതികരണം. ഐ.ടി.സി. കകാടിയ ഹോട്ടലിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഡോ. ജെയ്തീർഥ് ആർ.ജോഷി ഉദ്ഘാടനം നിർവഹിച്ചു.

യുവാക്കളുടെയും കൗമാരക്കാരുടെയും ഡിജിറ്റൽ അഡിക്ഷൻ അപകടകരമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ മാനസിക പ്രത്യാഘാതങ്ങൾ സമൂഹം അതീവഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണെന്ന് ഡോ. ജോഷി പറഞ്ഞു. ശാസ്ത്ര സാങ്കേതിക മുന്നേറ്റത്തിനൊപ്പം അതുപയോഗിക്കുന്നവരുടെ മാനസികാരോഗ്യ സംരക്ഷണത്തിനും തുല്യപ്രാധാന്യം നൽകേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



മണപ്പുറം ഫൗണ്ടേഷന്റെ 'ഡിജിറ്റൽ ഡിമെൻഷ്യ' മാനസികാരോഗ്യ ബോധവൽക്കരണ പരിപാടിയിൽ ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ഡോ. ജയ്തീർഥ് ആർ.ജോഷിയെ മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.പി. നന്ദകുമാർ ആദരിക്കുന്നു. മണപ്പുറം ഫിനാൻസിന്റെ സീനിയർ പിആർഒ കെ.എം. അഷറഫ്, ഐഎസ്എൻടി ഹൈദരാബാദ് ചാപ്റ്റർ ചെയർമാൻ സൂര്യ പ്രകാശ് ഗജ്ജല, ബംഗളൂരു നിംഹാൻസിലെ ക്ലിനിക്കൽ സൈക്കോളജി പ്രൊഫസർ ഡോ. മനോജ് കുമാർ ശർമ്മ എന്നിവർ സമീപം.

ബംഗളൂരു നിംഹാൻസ് പ്രൊഫസറും ഡിജിറ്റൽ ഡി-അഡിക്ഷൻ വിദഗ്ധനുമായ ഡോ. മനോജ് ശർമ ബോധവത്കരണ പരിപാടി നയിച്ചു. ഡിജിറ്റൽ സാങ്കേതിക വിദ്യയിലുള്ള അമിതമായ ആശ്രിതത്വം യുവാക്കളുടെയും കൗമാരക്കാരുടെയും മാനസികാരോഗ്യത്തെ തകർക്കുകയും പലതരത്തിലുള്ള മാനസിക രോഗങ്ങൾക്ക അവരെ അടിമകളാക്കുകയും ചെയ്യുന്നുണ്ട്. കുട്ടികൾ ഡിജിറ്റൽ സാങ്കേതിക വിദ്യയെ വിവേകപൂർവം ഉപയോഗപ്പെടുത്തുകയും ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് കൃത്യമായ ഇടവേളകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുണ്ടെന്ന് ഡോ. ശർമ പറഞ്ഞു.

ചടങ്ങിൽ മണപ്പുറം ഫിനാൻസ് എംഡി വി.പി.നന്ദകുമാർ ഡോ. ജെ.ആർ. ജോഷിയെ ആദരിച്ചു. പ്രതിരോധ സാങ്കേതിക മേഖലയിൽ ഡോ. ജെ.ആർ.ജോഷി നൽകുന്ന വിലപ്പെട്ട സംഭാവനകൾക്ക് നിസ്തുലമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയും റഷ്യയും ചേർന്ന് വികസിപ്പിച്ച ലോകോത്തര സൂപ്പർസോണിക് ക്രൂയിസ് മിസൈലായ ബ്രഹ്മോസ് ആഗോള തലത്തിൽ ഇന്ത്യയുടെ സാങ്കേതിക മികവിന്റെ പ്രതീകമായി മാറിയിട്ടുണ്ട്. ജെ.ആർ.ജോഷിയുടെ നേതൃത്വത്തിൽ ബ്രഹ്മോസ് സാങ്കേതിക നവീകരണത്തിലും അന്താരാഷ്ട്ര അംഗീകാരത്തിലും തുടർച്ചയായ മുന്നേറ്റം കൈവരിച്ചുകൊണ്ട് ഉയരങ്ങളിൽ നിന്ന ഉയരങ്ങളിലേക്ക് സഞ്ചരിക്കുകയാണെന്ന് വി.പി.നന്ദകുമാർ ചൂണ്ടിക്കാട്ടി.

രാജ്യത്ത് സാമ്പത്തിക സേവനമേഖലയിൽ ദീർഘകാലമായി ശ്രദ്ധേയമായ സംഭാവനകൾ നൽകി വരുന്ന മണപ്പുറം ഫിനാൻസ് എംഡി വി.പി.നന്ദകുമാറിന്റെ ദീർഘവീക്ഷണത്തെയും നേതൃപാടവത്തെയും ഡോ. ജെ. ആർ. ജോഷി അഭിനന്ദിച്ചു.

മണപ്പുറം ഫൗണ്ടേഷനും മണപ്പുറം ഫിനാൻസും സംയുക്തമായി സംഘടിപ്പിച്ച പരിപാടയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന 200ഓളം പ്രമുഖ ബിസിനസുകാരും പ്രൊഫഷണലുകളും സെമിനാറിൽ പങ്കെടുത്തു. മണപ്പുറം ഫിനാൻസ് സീനിയർ പിആർഒ കെ.എം.അഷ്റഫ് സ്വാഗതവും ലയൺസ് ക്ലബ് ഇന്റർനാഷണൽ ലീഡർ സാജു ആന്റണി പാത്താടൻ നന്ദിയും പറഞ്ഞു.

## ഒറൈൻ ഇന്നോവേഷൻ ഒഐ എൻവിഷൻ സ്റ്റുഡിയോ കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു

കൊച്ചി: വൻകിട കമ്പനികൾക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും നൂതന ഡിജിറ്റൽ സാങ്കേതിക സേവനങ്ങൾ നൽകുന്ന പ്രമുഖ ഡാറ്റ ആൻഡ് എഐ അധിഷ്ഠിത സോഫ്റ്റ്വെയർ എഞ്ചിനീയറിംഗ് കമ്പനിയായ ഒറൈൻ ഇന്നോവേഷന്റെ അത്യാധുനിക ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനം കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു.

നിർമിതബുദ്ധിയുടെ (എഐ) സഹായത്തോടെ ഡിജിറ്റൽ സേവനങ്ങൾ വികസിപ്പിക്കാൻ പര്യാപ്തമായ ഇന്നോവേഷൻ ഹബ്ബാണ് കൊച്ചിയിലേത്. വരുംകാല ബിസിനസ് സാധ്യതകളെ മുൻനിർത്തിയുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ജെൻഎഐ ഡാറ്റ, ക്ലൗഡ് ആൻഡ് എഞ്ചിനീയറിംഗ് മേഖലകളിൽ കമ്പനികൾക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനം വിപുലീകരിച്ചത്. ക്ലയന്റുകൾ, എൻജിനീയർമാർ, ഡിസൈനർമാർ, വിവിധ മേഖലകളിലെ വിദഗ്ധർ എന്നിവർക്ക് വിപണിയിലെ നൂതന ഡിജിറ്റൽ പരിഹാരങ്ങൾ കണ്ടെത്താനും പരീക്ഷിക്കാനും അവസരമൊരുക്കുകയാണ് എൻവിഷൻ സ്റ്റുഡിയോ മുഖേന ലക്ഷ്യമിടുന്നത്.

ഒറൈൻ ഇന്നോവേഷന്റെ ഭാവി കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ് കൊച്ചിയിൽ



ഒറൈൻ ഇന്നോവേഷൻ ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനം കൊച്ചിയിൽ വൺ ഇക്വിറ്റി പാർട്നെഴ്സിന്റെ ചെയർമാനും പാർട്ണറുമായ കാർലോ പദോവാനോ, ഒറൈൻ ഇന്നോവേഷൻ സിഇഒ ബ്രയാൻ ബ്രോൺസൺ, പ്രസിഡന്റും സിഒഒയുമായ പ്രദീപ് മേനോൻ എന്നിവർ ഉദ്ഘാടനം ചെയ്യുന്നു.

ആരംഭിച്ച ആധുനിക ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനമെന്നും രാജ്യത്തെ മികച്ച പ്രതിഭകളെ ഉപയോഗപ്പെടുത്തി ആഗോളതലത്തിൽ സുസ്ഥിര എഐ ഇക്കോസിസ്റ്റം രൂപപ്പെടുത്തുകയാണ് ലക്ഷ്യമിടുന്നതെന്നും ഒറൈൻ ഇന്നോവേഷൻ സിഇഒ ബ്രയാൻ ബ്രോൺസൺ പറഞ്ഞു.

ജനറേറ്റീവ് എ ഐ സാങ്കേതികവിദ്യയിൽ വലിയൊരു മാറ്റമാണ് ഒഐ എൻവിഷൻ സ്റ്റുഡിയോ മുഖേന രൂപപ്പെടുത്തുന്നതെന്ന് ഒറൈൻ ഇന്നോവേഷന്റെ ചീഫ് ടെക്നോളജി ഓഫീസർ രജുൽ റാണ പറഞ്ഞു.

മാനുഷിക ബുദ്ധിയോടൊപ്പം ചേർന്ന് പ്രവർത്തിക്കാൻ കഴിയുന്ന സാങ്കേതിക ഘടനയിലാണ് ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനത്തിന്റെ രൂപകൽപന. കമ്പനികൾക്ക് സുരക്ഷിതവും സുസ്ഥിരവുമായ എഐ അധിഷ്ഠിത സേവനങ്ങൾ ഒരുക്കുകയാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഉപഭോക്താക്കൾക്ക് ആവശ്യമുള്ള ഡിജിറ്റൽ സേവനങ്ങൾ അവരുമായി ചേർന്ന് നിർമിക്കാൻ കഴിയുന്ന, അത്യാധുനിക ഒഐ എൻവിഷൻ സ്റ്റുഡിയോ സംവിധാനമാണ് കൊച്ചിയിൽ ഒരുക്കുന്നതെന്ന് ഒറൈൻ ഇന്നോവേഷന്റെ പ്രസിഡന്റും സിഒഒയുമായ പ്രദീപ് മേനോൻ അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ, സാങ്കേതിക മേഖലയിലെ വിദഗ്ധർ എന്നിവരുമായി സഹകരിച്ച് സംസ്ഥാനത്തിന്റെ പ്രാദേശിക വികസനത്തിൽ ഡിജിറ്റൽ പങ്കാളിയാകാനും പദ്ധതിയിടുന്നതായി ഒറൈൻ ഇന്നോവേഷൻ അറിയിച്ചു.



## പെനാങ് റോഡ് ഷോ ഒൻപതാം പതിപ്പ് കൊച്ചിയിൽ

കൊച്ചി: പെനാങ് കൺവെൻഷൻ ആന്റ് എക്സിബിഷൻ ബ്യൂറോ (പിസിഇബി) പെനാങ് റോഡ്ഷോ ടു ഇന്ത്യ 2026 ന്റെ ഒൻപതാമത് പതിപ്പ് കൊച്ചിയിൽ സംഘടിപ്പിച്ചു.


19 മുതൽ 27 വരെ നടത്തിയ റോഡ്ഷോകൾ ഇന്ത്യയിലെ നാല് പ്രധാന നഗരങ്ങളിലായാണ് സംഘടിപ്പിച്ചത്. കൊച്ചിക്കു മുൻപ് മുംബൈയിലും ന്യൂഡൽഹിയിലും ഷോകൾ നടന്നു. 27ന് നടന്ന റോഡ് ഷോ ചെന്നൈയിലായിരുന്നു.

നാലു നഗരങ്ങളിലുമായി 800ലധികം ബിസിനസുകാരും നൂറിലധികം മാധ്യമ പ്രതിനിധികളും പങ്കെടുത്തു.

2025 നവംബർ വരെ ഇന്ത്യയിൽനിന്ന് 42,367ലധികം പേർ പെനാങ് സന്ദർശിച്ചു. 2026 ഡിസംബർ 31 വരെ ഇന്ത്യൻ പൗരന്മാർക്കുള്ള വിസ ഇളവ് പെനാങ് തുടരുന്നത് ടൂറിസത്തിനും ബിസിനസിനുമുള്ള പ്രിയപ്പെട്ട സ്ഥലമായി മലേഷ്യയേയും പെനാങ്ങിനേയും മാറ്റി. പെനാങ് 2025 നവംബർ വരെ 2,900 ലധികം ബിസിനസ് ഇവന്റുകൾ നടത്തി.

മലേഷ്യയുടെ ആഗോള പ്രൊഫൈൽ ഉയർത്തുന്നതിനും ടൂറിസം വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി രൂപകൽപന ചെയ്തിരിക്കുന്ന 'വിസിറ്റ് മലേഷ്യ ഇയർ 2026' മലേഷ്യയുടെ ടൂറിസം വ്യവസായത്തിന് നിർണായകമായ നാഴികക്കല്ലാണ്.

വിപണി സാന്നിധ്യവും പങ്കാളിത്തവും ശക്തിപ്പെടുത്തുക, ആഗോള യാത്രകൾ തുടങ്ങിയ അജണ്ടകളുമായുള്ള യാത്രകളിൽ മുന്നോട്ടു കൊണ്ടുപോകുന്നതിൽ പെനാങ് റോഡ്ഷോ ടു ഇന്ത്യ 2026 പോലുള്ള സംരംഭങ്ങൾ നിർണായക പങ്കുവഹിക്കുന്നു.



### ആദ്യ മൾട്ടി–പർപ്പസ് വെസ്സൽ കൈമാറി

## 'എംഎസ് ഹെയ്ൻസ്' എച്ച്എസ് ഷിഫ്ഫാർട്ട്സിലേക്ക്

കൊച്ചി: എച്ച്എസ് ഇക്കോഫ്രൈറ്റർ ശ്രേണിയിലെ മൾട്ടി-പർപ്പസ് വെസ്സലുകളുടെ (എംപിവി) ആദ്യത്തേതായ 'എംഎസ് ഹെയ്ൻസ്' കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് (സിഎസ്എൽ) ജർമ്മനിയിലെ എച്ച്എസ് ഷിഫ്ഫാർട്ട്സ് യുജി (ഹാഫ്തുങ്സ്ബെഷ്രാങ്ക്റ്റ്) & കമ്പനി കെജിക്ക് കൈമാറി.

ഡെലിവറി ആൻഡ് അക്സെപ്റ്റൻസ് പ്രോട്ടോക്കോൾ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ ഡയറക്ടർ (ഓപ്പറേഷൻസ്) ഡോ. എസ്. ഹരികൃഷ്ണനും എച്ച്എസ് ഷിഫ്ഫാർട്ട്സ് യുജി (ഹാഫ്തുങ്സ്ബെഷ്രാങ്ക്റ്റ്) & കമ്പനി കെജി ഡയറക്ടർ മിസ്റ്റർ ഹെയ്ൻസ് ജോസഫ് സ്കെപ്പേഴ്സും തമ്മിൽ ഉടമയുടെയും സിഎസ്എല്ലിന്റെയും മുതിർന്ന ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ വെർച്വൽ ചടങ്ങിലൂടെ ഒപ്പുവച്ചു.

നെതർലാൻഡ്സിലെ ഗ്രൂട്ട് ഷിപ്പ് ഡിസൈൻ ആണ് ഈ കപ്പൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്, കൂടാതെ ഡിഎൻവിയുടെ ക്ലാസിഫിക്കേഷൻ നിയമങ്ങൾക്കനുസൃതമായി ഇടഘൽ നിർമ്മിച്ചതുമാണ്.

7,000 ഡിബ്ല്യുടി എച്ച്എസ് ഇക്കോഫ്രൈറ്റർ മൾട്ടി-പർപ്പസ് വെസൽ, ലോകമെമ്പാടുമുള്ള വ്യാപാരത്തിനായി പ്രോജക്റ്റ് കാർഗോ, ഹെവി കാർഗോ, സ്റ്റീൽ കോയിലുകൾ, കണ്ടെയ്നറുകൾ, തടി, പേപ്പർ, കൽക്കരി, ധാന്യം തുടങ്ങിയ ഉണങ്ങിയ ബൾക്ക് കാർഗോകൾ, അപകടകരമായ വസ്തുക്കൾ എന്നിവ കൊണ്ടുപോകാൻ കഴിവുള്ള ഒരു ഐസ്-ക്ലാസ് കപ്പലാണ്.

'ഗ്രൂട്ട് ക്രോസ്-ബോ' രൂപകൽപ്പനയുള്ള ഒരു റാക്ക്ഡ് സ്റ്റെം, മെച്ചപ്പെട്ട വേഗതയ്ക്കും ഇന്ധനക്ഷമതയ്ക്കും വേണ്ടി ഒപ്റ്റിമൈസ് ചെയ്ത ഒരു ട്രാൻസോം സ്റ്റേൺ എന്നിവ കപ്പലിൽ ഉണ്ട്. ഒന്നിലധികം സ്ഥാനങ്ങളിൽ ഗ്രെയിൻ ബൾക്ക്ഹെഡുകളും ഒരു ടീൻ ഡെക്ക് ക്രമീകരണവും ഉൾപ്പെടെയുള്ള വഴക്കമുള്ള കാർഗോ കോൺഫിഗറേഷനുകൾ പ്രാപ്തമാക്കുന്ന ആറ് ചലിക്കുന്ന പാനലുകൾ ഘടിപ്പിച്ച ഒരു വലിയ കാർഗോ ഹോൾഡ് കപ്പലിൽ നൽകിയിരിക്കുന്നു. ഒരു റിഡക്ഷൻ ഗിയർബോക്സിലൂടെ നിയന്ത്രിക്കാവുന്ന പിച്ച് പ്രൊപ്പല്ലർ ഓടിക്കുന്ന ഒരു മീഡിയം-സ്പീഡ് ഫോർ-സ്ട്രോക്ക് ഡീസൽ എഞ്ചിനാണ് പ്രൊപ്പൽഷൻ നൽകുന്നത്.

അന്താരാഷ്ട്ര വാണിജ്യ കപ്പൽനിർമ്മാണ വിപണിയിൽ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡിന്റെ സാന്നിധ്യം വർദ്ധിക്കുന്നതിൽ എംഎസ് ഹെയ്ൻസിന്റെ ഡെലിവറി ഒരു പ്രധാന നാഴികക്കല്ലാണ്. കൂടാതെ ആഗോള ഉടമകൾക്കായി സാങ്കേതികമായി പുരോഗമിച്ചതും വൈവിധ്യപൂർണ്ണവുമായ വ്യാപാര കപ്പലുകൾ നിർമ്മിക്കുന്നതിൽ സിഎസ്എല്ലിന്റെ വളർന്നുവരുന്ന കഴിവുകളെ ഇത് പ്രതിഫലിപ്പിക്കുന്നു.



ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോ 2026 ന്റെ സമാപന സമ്മേളത്തിനോട് അനുബന്ധിച്ച് നടന്ന വ്യവസായി മഹാസംഗമത്തിന്റെ ഉദ്ഘാടനം ധനകാര്യമന്ത്രി കെ.എൻ.ബാലഗോപാൽ നിർവഹിക്കുന്നു.

# വ്യവസായങ്ങൾക്ക് അനുയോജ്യ സംസ്ഥാനമായി കേരളം: മന്ത്രി കെ.എൻ.ബാലഗോപാൽ

കൊച്ചി: കാലത്തിന് അനുസരിച്ച് സാങ്കേതികവിദ്യ മാറ്റങ്ങൾ വരുത്തി മുന്നേറുന്ന വ്യവസായങ്ങൾക്ക് ഏറ്റവും അനുയോജ്യമായ ഒരിടമായി കേരളം ഇന്ന് മാറി എന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ.ബാലഗോപാൽ. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയിൽ കേരളത്തിലെ 14 ജില്ലകളിൽ നിന്നുമുള്ള 10,000ത്തോളം കെഎസ്എസ്ഐഎ അംഗങ്ങളെ അഭിസംബോധന ചെയ്ത് വ്യവസായി മഹാസംഗമം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയുടെ മൂന്നാം പതിപ്പ് 2028 ജനുവരി 21 മുതൽ 23 വരെ കൊച്ചിയിൽ നടക്കുമെന്നും സമാപന സമ്മേളനത്തിൽ പ്രഖ്യാപിച്ചു.

കേരളത്തിൽ വ്യവസായത്തോടുള്ള മനോഭാവവും വ്യവസായികളുടെ മനോഭാവും വർഷംതോറും കൂടുതൽ മെച്ചപ്പെട്ട് വന്നുകൊണ്ടിരിക്കുകയാണ്. വ്യവസായത്തിലും ഉൽപ്പന്നങ്ങളിലും കാലത്തിനനുസരിച്ച് മാറ്റങ്ങൾ ഉൾകൊള്ളുമ്പോളാണ് അവയ്ക്ക് വളർച്ച നേടാനാകുക. വളരെ നന്നായി സംഘടിപ്പിച്ച എക്സ്പോയും സംഗമവും സന്ദർശകർക്ക് കണ്ടുമടങ്ങുമ്പോൾ കൂടുതൽ പുതിയ ആശയങ്ങൾ ലഭിക്കുന്നതിൽ സഹായിക്കുന്നുണ്ട്. നല്ല റോഡുകളും എയർപോർട്ടുകളും തുറമുഖങ്ങളുമായി പശ്ചാത്തല സൗകര്യം ഏറ്റവും കൂടുതൽ മെച്ചപ്പെട്ട സംസ്ഥാനമാണ് കേരളം. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ നമ്മുടെ മുന്നേറ്റം കാരണം ഇന്ന് കേരളത്തിലേക്ക് ആളുകൾ തിരിച്ചുവരികയാണ്. അവർ ഇവിടെ വ്യവസായങ്ങൾ തുടങ്ങുകയാണ് -മന്ത്രി പറഞ്ഞു. വ്യവസായികൾക്ക് വേണ്ടിയുള്ള സോഷ്യൽ സെക്യൂരിറ്റിക്ക് ആവശ്യമായ പിന്തുണ സർക്കാരിൽ നിന്ന് ഉണ്ടാകുമെന്നും അതിനു വേണ്ട എല്ലാ പ്രവർത്തങ്ങളും ചെയ്യുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

എംഎസ്എംഇകളെയും വ്യവസായ സമൂഹത്തെയും പിന്തുണയ്ക്കുന്നതിന് ആവശ്യമായ ഇളവുകൾ നൽകുന്നതിന് സംസ്ഥാന കെട്ടിട നിയന്ത്രണങ്ങൾ പരിഷ്കരിക്കേണ്ടത് പ്രധാനമാണ്. ഈ വിഷയത്തിൽ കെഎസ്എസ്ഐഎയിൽനിന്നുള്ള നിർദ്ദേശങ്ങളേയും ചർച്ചകളെയും സ്വാഗതം ചെയ്യുന്നു-പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യ പ്രഭാഷണത്തിൽ പറഞ്ഞു.

കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി കൊച്ചി അഡ്ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന എക്സ്പോ കേരള വ്യവസായ വകുപ്പിന്റേയും, കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെയും സഹകരണത്തോടെ കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷനും, മെട്രോമാർട്ടും ചേർന്നാണ് സംഘടിപ്പിച്ചത്. വൻ ജനസാന്നിധ്യം കണ്ട എക്സ്പോയുടെ രണ്ടാമത് പതിപ്പിൽ പതിനയ്യായിരിത്തോളം ആളുകൾ സന്ദർശിച്ചു. കെഎസ്എസ്ഐഎ സോഷ്യൽ സെക്യൂരിറ്റിയുടെ ഭാഗമായി വ്യവസായം നടത്തിവരവെ മരണമടഞ്ഞ അന്നമ്മ കുര്യന്റെ ഭർത്താവ് വിജെ കുര്യന് 10 ലക്ഷം രൂപയുടെ ചെക്കും ചടങ്ങിൽ കൈമാറി.

ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും വലിയ അന്താരാഷ്ട്ര വ്യവസായ പ്രദർശനമായി അംഗീകരിക്കപ്പെട്ട എക്സ്പോയിൽ അഞ്ഞൂറോളം സ്റ്റാളുകളിലായി അമ്പതിനായിരത്തോളം ഉത്പന്നങ്ങൾ പരിചയപ്പെടുത്തി. ഇന്ത്യയിൽ നിന്നുള്ള വ്യവസായങ്ങളുടെ ആഗോള വിപണി പ്രോത്സാഹിപ്പിക്കുന്നതിനായി മീഡിയ കോൺക്ലേവ്, സെമിനാറുകൾ, പാനൽ ചർച്ചകൾ, കൂടിക്കാഴ്ചകൾ, വെണ്ടർ വികസന പരിപാടികൾ എന്നിവ എക്സ്പോയിൽ നടന്നു. വ്യവസായ വാണിജ്യ വകുപ്പിന്റെ കേരള പവലിയൻ, വ്യവസായങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക്, മെഷിനറി നിർമ്മാതാക്കളുമായി ബന്ധപ്പെടുന്നതിനായുള്ള ഹെൽപ് ഡെസ്കുകൾ വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കാൻ സഹായിക്കുന്നതിനായി, വിവിധ ബാങ്കുകളുടെ ഹെൽപ്പ്ഡെസ്കുകൾ എന്നിവയും എക്സ്പോയുടെ ഭാഗമായിരുന്നു.

COCHIN NADAM
(An Echo of Greater Cochin) Kochi
Regn: NO. KL/CR/EKM/090/2003-2005
2026 January 29



ബാങ്ക് ഓഫ് ബറോഡ പനമരം ബ്രാഞ്ച് ഉദ്ഘാടനം കണ്ണങ്കണ്ടി ഗ്രൂപ്പിന്റെ മാനേജിംഗ് പാർട്ണർ പരീദ് കണ്ണങ്കണ്ടി നിർവഹിച്ചപ്പോൾ. ജനറൽ മാനേജരും സോണൽ ഹെഡുമായ പ്രജിത്ത് കുമാർ ഡി, കാലിക്കറ്റ് റീജിയണൽ മാനേജർ ഡോ. നൂർത്തി കിഷൻ ബാബു, കാലിക്കറ്റ് ഡെപ്യൂട്ടി റീജിയണൽ മാനേജർ എ റിയാസ്, നിഷാന്ത് എസ്പിയുടെ നേതൃത്വത്തിലുള്ള ബ്രാഞ്ച് ടീം എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ഉദ്ഘാടനം.

# കോഴിക്കറിയുടെ കഥപറഞ്ഞ് ഈസ്റ്റേണിന്റെ 'ചിക്കൻ സോങ്'

കൊച്ചി: ലോക ചിക്കൻ കറി ദിനത്തിൽ മലയാളികളുടെ പ്രിയപ്പെട്ട വിഭവത്തിന് സംഗീതാർച്ചനയുമായി ഈസ്റ്റേൺ. കേരളത്തിന്റെ തനത് രുചി വൈവിധ്യങ്ങളെയും സാംസ്കാരിക പൈതൃകത്തെയും കോർത്തിണക്കി 'ചിക്കൻ സോങ്' എന്ന പേരിൽ ഫോക്ക്-റോക്ക് മ്യൂസിക് ഫിലിം പുറത്തിറക്കിയാണ് ഈസ്റ്റേൺ ഈ ദിനം ആഘോഷിക്കുന്നത്. ഇതിന്റെ ഔദ്യോഗിക പ്രകാശനം മറൈൻ ഡ്രൈവ് വിവാന്തയിൽവച്ച് സംഘടിപ്പിച്ചു.

മലയാളിയുടെ ദൈനംദിന ജീവിതത്തിലും ആഘോഷങ്ങളിലും ഒഴിച്ചുകൂടാനാവാത്ത സാന്നിധ്യമായ കോഴിക്കറി വിഭവത്തോടുള്ള ആദരമാണ് ഈ സംഗീതശില്പം. സാധാരണക്കാരന്റെ പ്രാതൽ മുതൽ വലിയ ആഘോഷങ്ങളിലെ വിരുന്നുകളിൽ വരെ കോഴിക്കറി എങ്ങനെ ഒരു വികാരമായി മാറുന്നു എന്ന് ഈ ലഘുചിത്രം വരച്ചുകാട്ടുന്നു. തലമുറകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രുചി ഭാഷയായി ചിക്കൻ കറിയെ അടയാളപ്പെടുത്തുന്ന ചിത്രത്തിൽ ഈസ്റ്റേൺ ചിക്കൻ മസാലയാണ് താരം.



ലോക ചിക്കൻ കറിദിനത്തോനുബന്ധിച്ച് ഈസ്റ്റേൺ ചിക്കൻ സോങ് പുറത്തിറക്കി ചീഫ് മാർക്കറ്റിംഗ് ഓഫീസർ പ്രവീൺ രാമസ്വാമി, സിഇഒ ഗിരീഷ് നായർ എന്നിവർക്കൊപ്പം ചിക്കൻ സോങ്ങിന്റെ സൃഷ്ടാക്കളായ സുഹൈൽ കോയ, മണികണ്ഠൻ അയ്യപ്പൻ, മൃദുൽ നായർ, സൂരജ് സന്തോഷ്, പ്രശസ്ത നടൻ മണിക്കുട്ടൻ എന്നിവർ സമീപം.

പ്രശസ്ത പിന്നണി ഗായകൻ സൂരജ് സന്തോഷും നടൻ മണിക്കുട്ടനും അണിനിരക്കുന്ന ചിത്രത്തിൽ നാടൻ തനിമയും ആധുനിക താളവും ഒത്തുചേരുന്നു. മൃദുൽ നായർ സംവിധാനം ചെയ്ത ചിത്രത്തിന് മണികണ്ഠൻ അയ്യപ്പയാണ് സംഗീതം നൽകിയിരിക്കുന്നത്. സുഹൈൽ കോയയുടേതാണ് വരികൾ.

'കേരളത്തിൽ ചിക്കൻ കറി എന്നത് വെറുമൊരു വിഭവമല്ല; അതൊരു വികാരമാണ്. മിക്കവരും ആദ്യമായി പാചകം ചെയ്യാൻ പഠിക്കുന്ന വിഭവവും ഇതാകാം. ആ സ്മരണകളെയും സന്തോഷത്തെയുമാണ് തങ്ങൾ ഈ ആന്തത്തിലൂടെ ആഘോഷിക്കുന്നത്'-ഈസ്റ്റേൺ സിഇഒ ഗിരീഷ് നായർ പറഞ്ഞു.

പരമ്പരാഗത പരസ്യരീതികളിൽനിന്ന് മാറി ഒരു സാംസ്കാരിക കഥാഖ്യാനമാണ് ഈസ്റ്റേൺ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. പതിറ്റാണ്ടുകളായി കേരളത്തിലെ അടുക്കളകളുടെ ഭാഗമായ ഈസ്റ്റേൺ ചിക്കൻ മസാലയുടെ പ്രസക്തി സംഗീതത്തിലൂടെ അവതരിപ്പിക്കാനാണ് ശ്രമിച്ചതെന്ന് ചീഫ് മാർക്കറ്റിംഗ് ഓഫീസർ പ്രവീൺ രാമസ്വാമി പറഞ്ഞു.

## ചിക്കിങ്ങുമായി കൈകോർത്ത് കെഎസ്ആർടിസി

തിരുവനന്തപുരം: ഭക്ഷണ വിതരണത്തിനായി ചിക്കിങ്ങുമായി കൈകോർത്ത് കെഎസ്ആർടിസി. ക്യൂആർ കോഡ് സ്കാൻ ചെയ്ത് ഓർഡർ ചെയ്താൽ ബസ്സിനുള്ളിൽ ഭക്ഷണം വിതരണം ചെയ്യും. വോൾവോ, എയർ കണ്ടീഷൻ ബസുകളിലെ സേവനം തുടങ്ങുമെന്ന് കെഎസ്ആർടിസി അറിയിച്ചു. നാളെ 5 വാഹനങ്ങളിൽ ആദ്യം സർവീസ് തുടങ്ങും. 25 ശതമാനം ഡിസ്കൗണ്ട് ലഭ്യമാകും.

## സമരച്ചങ്ങല തീർത്ത് പ്രതിഷേധിച്ചു

തിരുവനന്തപുരം: അവകാശ സംരക്ഷണത്തിനും കേരളത്തോടുള്ള കേന്ദ്ര അവഗണനയിലും പ്രതിഷേധിച്ചു സർക്കാർ ജീവനക്കാരും അധ്യാപകരും സമരചങ്ങല തീർത്തു. ലോക്ഭവൻ മുതൽ സെക്രട്ടേറിയറ്റു വരെയാണു സമരചങ്ങല തീർത്തത്. അധ്യാപക-സർവീസ് സംഘടനാ സമരസമിതി ജനറൽ കൺവീനറും ജോയിന്റ് കൗൺസിൽ ജനറൽ സെക്രട്ടറിയുമായ കെ.പി. ഗോപകുമാർ ഉദ്ഘാടനം ചെയ്തു.

# മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ 'റോബോ സമ്മിറ്റ്" സംഘടിപ്പിച്ചു

കൊച്ചി: വൈദ്യശാസ്ത്ര രംഗത്തെ ആധുനിക സംവിധാനമായ റോബോട്ടിക് സർജറി സംബന്ധിച്ച് സമൂഹത്തിൽ കൂടുതൽ അവബോധം സൃഷ്ടിക്കാൻ ലക്ഷ്യമിട്ട് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ 'റോബോ സമ്മിറ്റ്' സംഘടിപ്പിച്ചു.

മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ഡോ. പി.വി ലൂയിസ്, ഡോ.സച്ചിൻ ജോസഫ്, ഡോ.അശോക് കുമാർ പിള്ള, ഡോ. ടി.സുനിൽ, ഡോ.ശ്യാം വിക്രം എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

എറണാകുളം ക്രൗൺ പ്ലാസയിൽ സംഘടിപ്പിച്ച സമ്മിറ്റിന്റെ ഉദ്ഘാടനം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് സി.എസ്.ഡയസ് നിർവ്വഹിച്ചു. മെഡിക്കൽ ട്രസ്റ്റ് മാനേജിംഗ് ഡയറക്ടർ ഡോ. പി.വി ലൂയിസ് അധ്യക്ഷതവഹിച്ചു.

തുടർന്ന് നടന്ന വൈദ്യശാസ്ത്ര സമ്മേളനത്തിൽ റോബോട്ടിക് സർജറിയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് ഡോ. സച്ചിൻ ജോസഫ്, ഡോ. അശോക് കുമാർ പിള്ള, ഡോ. ടി. സുനിൽ, ഡോ. ശ്യാം വിക്രം തുടങ്ങിയവർ സംസാരിച്ചു.

സമ്മിറ്റിനോടനുബന്ധിച്ച് ഹോട്ടൽ അങ്കണത്തിൽ സജ്ജീകരിച്ച സർജറി റോബോട്ട് സംവിധാനമുള്ള ബസിൽ സന്ദർശനം നടത്തി റോബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് നേരിട്ട് അനുഭവിച്ചറിയാൻ സമൂഹത്തിന്റെ വിവിധ തലത്തിലുള്ളവർ എത്തിയിരുന്നു.



മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച 'എം.ടി.എച്ച് റോബോ സമ്മിറ്റ് ' ഫ്ളാഗ് ഓഫ് മെഡിക്കൽ ട്രസ്റ്റ് ആശുത്രി മാനേജിംഗ് ഡയറക്ടർ ഡോ. പി.വി.ലൂയിസ് നിർവ്വഹിക്കുന്നു. ഡോ. ശ്യാം വിക്രം, ഡോ.സച്ചിൻ ജോസഫ്, ഡോ.ടി.സുനിൽ, ഡോ.അശോക് കുമാർ പിള്ള എന്നിവർ സമീപം.

ആധുനിക വൈദ്യശാസ്ത്ര മേഖലയിൽ റോബോട്ടിക് സർജറിയുടെ പ്രാധാന്യം അനുദിനം വർധിച്ചുവരുന്ന സാഹചര്യത്തിൽ തെറ്റിദ്ധാരണകൾ നീക്കി ഇതിന്റെ പ്രയോജനങ്ങൾ, പ്രവർത്തനം എന്നിവ സംബന്ധിച്ച് സാധാരണ ജനങ്ങൾക്കും ആരോഗ്യപ്രവർത്തകർക്കും നേരിൽക്കണ്ട് മനസിലാക്കാനും അറിവ് ലഭ്യമാക്കാനുമുള്ള അവസരം സൃഷ്ടിക്കുകയായിരുന്നു റോബോ സമ്മിറ്റിന്റെ പ്രധാന ലക്ഷ്യമെന്ന് ഡോ. പി.വി ലൂയിസ് പറഞ്ഞു.

സാധാരണയിൽനിന്നും വ്യത്യസ്തമായി കൂടുതൽ കൃത്യതയും സൂക്ഷ്മതയുമാണ് റോബോട്ടിക് ശസ്ത്രക്രിയ പ്രദാനം ചെയ്യുന്നത്. പലരുടെയും ധാരണ റോബോട്ടാണ് ശസ്ത്രക്രിയ ചെയ്യുന്നതെന്നാണ് എന്നാൽ ശസ്ത്രക്രിയ വിദഗ്ദനായ ഡോക്ടർ തന്നെയാണ് റോബോട്ടിനെ നിയന്ത്രിക്കുന്നത്. റോബോട്ടിന്റെ സഹായത്താൽ കൂടുതൽ കൃത്യതയോടെ ശസ്ത്രക്രിയ നടത്തുന്നുവെന്ന താണ് ഇതിന്റെ പ്രത്യേകത.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആധുനിക വൈദ്യശാസ്ത്ര രംഗത്തുണ്ടായ വിപ്ലവകരമായ ചികിൽസാ സംവിധാനമാണ് റോബോട്ടിക് ശസ്ത്രക്രിയ. പ്രായമായവർക്ക് ഏറ്റവും അനുയോജ്യമായത് റോബോർട്ടിക് സർജ്ജറിയാണ്. എത്രവലിയ സങ്കീർണ്ണത നിറഞ്ഞ സർജറിയാണെങ്കിലും റോബോട്ടിന്റെ സഹായത്താൽ സുഗമമായി സർജറി നടത്താൻ സാധിക്കും.

യൂറോളജി, ഗ്യാസ്ട്രോ, ഗൈനക്ക്, ക്യാൻസർ ഉൾപ്പെടെയുള്ള ചികിൽസാരംഗത്ത് ഏറെ അനുയോജ്യമാണിത്. റോബോട്ടിക് ശസ്ത്രക്രിയ, സാധാരണയേക്കാൾ ചെറിയ മുറിവ് മാത്രമായിരിക്കും റോബോട്ടിക് ശസ്ത്രക്രിയ വഴി ഉണ്ടാവുക, ആശുപത്രിവാസം, വേദന എന്നിവയും സാധാരണ ശസ്ത്രക്രിയകളേക്കാൾ വളരെ കുറവായിരിക്കും എന്നു മാത്രമല്ല രോഗിക്ക് വളരെ വേഗം സാധാരണ ജീവിതത്തിലേക്ക് മടങ്ങിയെത്താനും റോബോട്ടിക് ശസ്ത്രക്രിയ വഴിതുറക്കും.

ആരോഗ്യവിദഗ്ദ്ധർ നയിച്ച ബോധവൽക്കരണ ക്ലാസുകൾ, ശസ്ത്രക്രിയ സംബന്ധിച്ച വ്യക്തമായ അവബോധം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇമേജ് ഗൈഡഡ് നാവിഗേഷൻ, റിമോട്ട് അസിസ്റ്റഡ് നടപടിക്രമങ്ങൾ തുടങ്ങി ഉയർന്നുവരുന്ന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ചർച്ചകൾ എന്നിവയിലൂടെ, രോഗനിർണയം, ചികിത്സ, രോഗി സുരക്ഷ എന്നിവയുടെ ഭാവിയെ റോബോട്ടിക്സ് എങ്ങനെ രൂപപ്പെടുത്തുന്നു എന്നതിന്റെ സമഗ്രമായ അറിവ് റോബോ സമ്മിറ്റ് വഴി ലഭ്യമായെന്ന് ഡോ. പി. വി ലൂയിസ് വ്യക്തമാക്കി.

മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ വിവിധ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു വർഷം 200 ലധികം റോബോട്ടിക് സർജറികൾ വിജയകരമായി നടത്തിയെന്നും അദ്ദേഹം പറഞ്ഞു.

# ഹോളിഡേ ഇന്നിൽ കൈറ റെസ്റ്റോറന്റ് തുറന്നു

കൊച്ചി: ഗ്രീക്ക്, പേർഷ്യൻ രുചികളുമായി കൈറ ഹൈ എനർജി പ്രീമിയം റെസ്റ്റോറന്റ് കൊച്ചി ഹോളിഡേ ഇന്നിൽ പ്രവർത്തനമാരംഭിച്ചു. കൈറയുടെ വരവോടെ വൈവിധ്യമാർന്ന ഭക്ഷണ പാനീയങ്ങളോടെ കൊച്ചിയുടെ രാപകലുകൾ കൂടുതൽ വർണ്ണാഭമാകും.

ഉദ്ഘാടന ചടങ്ങിൽ പ്രശസ്ത തമിഴ് നടൻ ആര്യ, നടിമാരായ അദിതി രവി, നയൻതാര ചക്രവർത്തി, ശ്രീ ഗോകുലം ഗ്രൂപ്പ് ഓഫ് കമ്പനീസ് സ്ഥാപകനും ചെയർമാനുമായ ഗോകുലം ഗോപാലൻ, മാനേജിംഗ് ഡയറക്ടർ ബൈജു ഗോപാലൻ, വൈസ് ചെയർമാൻ പ്രവീൺ എന്നിവരും സമൂഹത്തിന്റെ വിവിധ തുറകളിലെ വിശിഷ്ടാതിഥികളും പങ്കെടുത്തു. പേർഷ്യൻ, മിഡിലീസ്റ്റ് രുചികളിൽ പ്രാവീണ്യമുള്ള ഷെഫ് സുബിമോനാണ് പ്രധാന ഷെഫ്.



എണ്ണായിരം ചതുരശ്ര അടിയിൽ സജ്ജമാക്കിയിരിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ ഇന്റർ നാഷണൽ സ്പെഷ്യാലിറ്റി റസ്റ്റോറന്റായ കൈറയിൽ വിസ്തൃതമായ ഓപ്പൺ ഏരിയ, വിശാലമായ ഇരിപ്പിട സൗകര്യം, നവീനമായ സ്വകാര്യ ഡൈനിംഗ് ഏരിയ തുടങ്ങി നിരവധി പ്രത്യേകതകളുണ്ട്. പേർഷ്യൻ, മെഡിറ്ററേനിയൻ സംസ്കാരങ്ങളുടെ സംഗമ കേന്ദ്രമായ കൊച്ചിയുടെ സാംസ്കാരിക പൈതൃകമാണ് കൈറയുടെ പ്രചോദനമെന്ന് ഹോളിഡേ ഇൻ ജനറൽ മാനേജർ ഫിനോ ബാബു പറഞ്ഞു. എന്നും പുതിയ അഭിരുചികൾ സ്വാഗതം ചെയ്തിട്ടുള്ള കൊച്ചിയിലെ ഏറ്റവും പ്രധാനപ്പെട്ട ഡൈനിംഗ് ഡെസ്റ്റിനേഷനായിരിക്കും കൈറയെന്നും അദ്ദേഹം പറഞ്ഞു.

### കളർഷൈൻ കോട്ടഡ് പ്രൈവറ്റ് ലിമിറ്റഡിന്റെ പുതിയ ഉൽപന്നങ്ങൾ പുറത്തിറക്കി

# ജയ്ഹിന്ദ് സ്റ്റീൽ കേരള വിതരണക്കാർ

കൊച്ചി: കേരളത്തിലെ കഠിനമായ മഴയെയും തീരദേശത്തെ ഉപ്പുകാറ്റിനെയും പ്രതിരോധിക്കാൻ ശേഷിയുള്ള കളർഷൈനിന്റെ സിഗ്നേച്ചർ, സ്പെക്ട്രം, മെറ്റാല്യൂം തുടങ്ങിയ വിവിധ ഉൽപന്നങ്ങൾ വിപണിയിൽ അവതരിപ്പിച്ചു.

കൊച്ചി ഹയാത്ത് ബോൾ ഗാട്ടിയിൽ നടന്ന 'ജയ്ഹിന്ദ്-കളർഷൈൻ സംഗമം 2026' ചടങ്ങിലായിരുന്നു പ്രഖ്യാപനം.

കളർഷൈൻ കോട്ടഡിന്റെ കേരളത്തിലെ വിതരണക്കാരായി ജയ്ഹിന്ദ് സ്റ്റീലിനെ നിയമിച്ചു.



കളർഷൈൻ കോട്ടഡ് പ്രൈവറ്റ് ലിമിറ്റഡിന്റെ സിഗ്നേച്ചർ, സ്പെക്ട്രം, മെറ്റാല്യൂം എന്നീ ഉൽപന്നങ്ങൾ കൊച്ചിയിൽ നടന്ന ചടങ്ങിൽ പുറത്തിറക്കിപ്പോൾ. കളർ ഷൈൻ ഡയറക്ടർ രാജീവ് വി.മേത്ത, സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് സാവിയോ ലെയ്നസ്, സെയിൽസ് ആന്റ് മാർക്കറ്റിംഗ് മാനേജർ ബിനു തോമസ്, ജയ് ഹിന്ദ് സ്റ്റീൽ മാനേജിംഗ് ഡയറക്ടർ ദിവ്യകുമാർ എന്നിവർ സമീപം.

കളർഷൈനിന്റെ ഉൽപന്ന ഗുണമേന്മയും ജയ്ഹിന്ദ് സ്റ്റീലിന്റെ വിപുലമായ വിതരണ ശൃംഖലയും ചേരുന്നത് ഉപഭോക്താക്കൾക്ക് കൂടുതൽ ഗുണകരമാകുമെന്ന് കളർഷൈൻ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് സാവിയോ ലെയ്നെസ് പറഞ്ഞു.

ഗുണമേന്മയുള്ള സേവനം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് ജയ്ഹിന്ദ് സ്റ്റീൽ മാനേജിംഗ് ഡയറക്ടർ ദിവ്യ കുമാർ ജെയിൻ വ്യക്തമാക്കി.

കളർ ഷൈൻ ഡയറക്ടർ രാജീവ് പി.മേത്ത, സെയിൽസ് ആന്റ് മാർക്കറ്റിംഗ് മാനേജർ ബിനു തോമസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.




Edited, Printed and Published by K.K.Pappukutty on behalf of cochin nadam Kaloor, Cochin 17, Mob: 9846148317, Ph: 2774610, Printed at Cochin Printech Pvt. Ltd. Eloor, Udyogamandal PO, Cochin, Kerala-683501, Ph. 0484 2547256.